Malayalanadu weekly, Quilon

February 15 1976

Phones: 2825, 3362

മലയാളനാടു വാരിക

പത്രാധിപർ,
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം

പരാശക്തിയുടെ കവിത
— സി. വി. ഗോവിന്ദൻ 2
അറബിക്കഥകളിലൂടെ ഒരു
ഗവേഷണ പര്യടനം
— പ്രൊഃ എം. അച്യുതൻ 36

കവിത

ഉന്മാദം
— കമലാദാസു് 12
യാത്ര
— വി. എസ്. ശർമ്മ 56

കഥ

താമരമിഴികൾ
— വൈക്കം ചന്ദ്രശേഖരൻനായർ 10
ഗൗതം ഡോക്ടറുടെ പ്രശ്നങ്ങൾ
— കെ. പി. നിർമ്മൽകുമാർ 25
നഗ്നലാവണ്യം
— യു. എ. ഖാദർ 46

നോവൽ

വിലങ്ങുകളേ വീഴ്
—എൻ. കൃഷ്ണൻനായർ 14
ഒരുദം സ്വപ്നമല്ല
— ഏകലവ്യൻ 17
വിഷ്ടൻ
— പദ്മൻ 31
മനസ്സുകൊണ്ടു് ഒരു മടക്കയാത്ര
— പാറപ്പുറത്തു് 53

പ്രാർത്ഥികൾ

കല്ലുകൾ കരടുകൾ
— എം.പി.പി. നമ്പൂതിരി 7
സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 41
സിനിമ
— മംഗലശ്ശേരി 57
ഗ്രന്ഥനിരൂപണം
— എം. ജി. കെ. നായർ 61
— വി. എസ്. നായർ 63

മുഖചിത്രം
ഫോട്ടോ ആർ രാജൻ

പരാശക്തിയുടെ കവിത

ഇടശ്ശേരിക്കവിതയെപ്പറ്റി കവിയുടെ മരണത്തിനു മുമ്പും പിമ്പും ഒട്ടേറെ പഠനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യസൌന്ദര്യസങ്കല്പങ്ങളെ കൂട്ടിയിണക്കാനുള്ള കഴിവ്, ചകിരിക്കഴികളിലമർന്ന ജീവിതങ്ങളോടുള്ള അനുഭാവം, നർമ്മബോധം, നാടകീയത, ഗ്രാമീണപശ്ചാത്തലഭംഗി, സംവേദനക്ഷമമായ കമനീയത്വം–അങ്ങനെ പലതും ഇടശ്ശേരിക്കവിതയുടെ സവിശേഷതകളായി പറഞ്ഞു കേട്ടിട്ടുണ്ട്. അതെല്ലാം നേരാണു താനും. കണ്ടും കേട്ടും നുകർന്നറിയാൻ കഴിഞ്ഞിട്ടുള്ള ഇടശ്ശേരിക്കവിതയുടെ മുഖഭാവങ്ങളുടെ അടിത്തട്ടിലുള്ള അദ്വൈതത്തിന്റെ കാവ്യവ്യക്തിത്വത്തെ സമഗ്രമായൊന്ന് കണ്ടറിയാനുള്ള ഒരു സാധ്യമായ ശ്രമത്തിന്റെ ആമുഖഭാഗമാണീ ലേഖനം. ഒറ്റയൊറ്റക്കവിതകളേയോ കാവ്യങ്ങളേയോ ഒട്ടടുത്തും ഒട്ടകന്നും നിന്ന് നോക്കിക്കാണാനല്ലാതെ, കാവ്യവ്യക്തിത്വത്തെ സമഗ്രമായി അപഗ്രഥിച്ച് കവിയെ വിലയിരുത്താനുള്ള ശ്രമം മലയാളത്തിൽ വളരെയൊന്നും നടന്നിട്ടില്ലെന്നു തോന്നുന്നു. "Personality is the totality of experiences" എന്നാണല്ലോ മനശ്ശാസ്ത്രം പറയുന്നത്. എങ്കിൽ കവികളുടെ അനുഭവങ്ങളായ (experiences) കവിതകളുടെ ആകെത്തുകയെ (Totality)– കാവ്യവ്യക്തിത്വത്തെ കണ്ടറിയുന്നതിൽ അപാകതയെന്തുള്ളൂ?

ഇടശ്ശേരിയുടെ മിക്കവാറും എല്ലാ കവിതകളും സ്നിഗ്ധം ഭാവനയാണ് ഉപസ്പർശമാണെന്നു തോന്നുന്നു. ഒരു കാമിനിയുടെ കടാക്ഷവീക്ഷണമല്ല ഒരു കുടുംബിനിയുടേയോ മാതാവിന്റേയോ ആജ്ഞാശക്തിയും ക്ലേശസഹിഷ്ണുതയും സ്നേഹവാത്സല്യാദികളുമാണ് ആ കവിതകളിൽ തെളിഞ്ഞു കാണുന്നത്. "ഉൾസ്പന്ദനപ്പൂക്കൾ വിടർത്തിക്കാളിന്ദിയിൽ" ശാമഭീരുക്കളുടെ കാല്പനികാഭിനിവേശങ്ങളെ കാല്പനികനായ കൃഷ്ണൻ കുച്ചിങ്ങയെറിഞ്ഞതിനാലുണ്ടായ വ്രണപ്പാടിനെ സ്വന്തം സൌന്ദര്യമായി കണ്ട രാധയ്ക്ക് അവനെ വേണ്ടാ" എന്ന കൊട്ടാരം മുഴുവൻ തലയിലോറ്റി "നടക്കുകയും സ്വന്തം" ജീവിതചിത്രം പച്ചിച്ചിത്രീകരിക്കുകയും" ചെയ്തശേഷം ഒടുവിൽ അവനുവേണ്ടിത്തന്നെ

"തെരുവിലെ ചരൽക്കല്ലുകളിൽ ജീവിതരക്തം പാറിക്കൊണ്ട്" കണ്ണും പോവുകയും ചെയ്ത സ്ത്രീത്വം സൌഭാഗ്യത്തിന്റെ പദ്ധതിയിലുപ്പുതിരുത്തുള്ളതാണ്. മറ്റൊരാൾക്കുവേണ്ടി "ദേവതാനകളും പോലാവാൻ" തയ്യാറാവുക എന്നതു് ഒരു സഹോദരിയ്ക്കോ കാമുകിയ്ക്കോ സാധ്യമല്ല; ഒരു കുടുംബിനിയ്ക്കു പോലും സാധ്യമല്ല: മാതൃതത്തിന്റെ അത്യുന്നതപ്രതലങ്ങളിൽ മാത്രം സ്ഥിരീ ചെയ്യുന്ന ഒരു ത്മാവിന്റെ അപൂർവ്വമായ വിതൃപ്തിപ്രപാതങ്ങളാണവ. ജയിയ്ക്കാനുള്ള എല്ലാ ചുറുപാടുകളും നിലവിലിരിയ്ക്കേ, സ്വയം പരാജയപ്പെട്ട കൊടുക്കാൻ, സ്വയമേവ ജയിയ്ക്കാൻ വേണ്ടതിലധികം കരുത്തു വേണം. ഈ ശക്തിവിശേഷം ഒന്നേയുള്ള വ്യക്തിത്വത്തിൽ മാത്രം കുടികൊള്ളുന്നതല്ല. ഇവിടെ പരാമർശിച്ച കവിതയിലെ പെങ്ങൾക്കു "തള്ളിയിഴികിയ മാറിലമർന്നാര ശിശുവെയടർത്തിത്തോളത്തിട്ടൊരു നാളിൽ" അതെന്ന ഒന്നായുടെ വ്യക്തിത്വത്തേയും സ്വന്തം ആത്മാവിലേയ്ക്ക് ആഹരിച്ചെടുത്തു എന്നാണ് എന്നിൽ വിവക്ഷ. "സ്വന്തം ബലത്തെ സ്വയം തള്ളിപ്പറഞ്ഞ" മറ്റൊരു കവിതയിൽ ഇടശ്ശേരി വാചികമായിത്തന്നെ സൂചിപ്പിയ്ക്കുന്നുണ്ട്.

തൊഴിലാളിയ്ക്കുവേണ്ടിയിറങ്ങിത്തിരിയുന്ന ഒരാളും മനശ്ശാസ്ത്രം; അമ്മ എന്ന വ്യക്തിയും അമ്മ എന്ന വ്യക്തിത്വവും രണ്ടും രണ്ടാണ്. കുട്ടികളെ പ്രസവിയ്ക്കുവാൻ കഴിഞ്ഞാൽ വ്യാവഹാരികതലത്തിൽ ഒരു സ്ത്രീ അമ്മ എന്ന വ്യക്തിയായി. എന്നാൽ മാതൃത്വത്തിന്റെ ഭാവങ്ങൾ മനസ്സിന്റെ ഗോധാബോധമണ്ഡലങ്ങളിൽ വ്യാപരിയ്ക്കുകയും അതനുസരിച്ച് വ്യക്തിത്വം രൂപപ്പെടുകയും ചെയ്യുക എന്നതാണ് മനശ്ശാസ്ത്രത്തിന്റെ തലത്തിൽ മാതൃത്വം. ഈ പ്രത്യേകതലത്തിലുള്ള സ്വന്തം വ്യക്തിത്വത്തിൽ മാതൃത്വത്തിന്റെ ഭാവതരംഗങ്ങളെ അലിയിച്ചെടുക്കാൻ കഴിഞ്ഞവരുണ്ട്–പുരുഷന്മാർ പോലും. അത്തരം കഥാപാത്രങ്ങളിലൂടെ, കഥാസന്ദർഭങ്ങളിലൂടെ വ്യക്തിത്വപരിണാമങ്ങളിലൂടെ ഇടശ്ശേരി തന്റെ കവിതകളിലുടനീളം അനാവരണം ചെയ്യുന്നതു്, മാതൃത്വത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനം കൊണ്ടുണ്ടാവുന്ന ഭാവപ്പൊലിമ ചിത്രീകരിച്ചു്. എന്നതാണ് ഇടശ്ശേരിയുടെ കാവ്യവ്യക്തിത്വത്തിന്റെ ശ്രദ്ധേയമായൊരു സവിശേഷത.

ഈ വ്യക്തിത്വത്തിന്റെ മിന്നല്പിണർ ഇടശ്ശേരിയുടെ ആദ്യകാലകവിതകളിൽ പോലും കാണാം. ആറുവക്കത്തിരിയ്ക്കുന്ന ഒരു കാമുകിയുടെ ചിത്രമിതാ:

"തല്പോലാളക പാളിയിൽ, തരളമാം
കർണ്ണാവതംസങ്ങളിൽ
ക്കില്പോലാതതി ശീതളാംഗുലികളെ
ച്ചേർക്കുന്ന ചേതോഹരം"
കല്പോലത്രമമേകിടും കളർമുല–
പ്പുമൊട്ടണിസ്സാരി മേൽ.
തെല്ലോ കത്തിമറിഞ്ഞിടുന്നൊരു കിടാ–
വിന്മട്ടു മന്ദാനിലൻ"

ഈ പ്രകരണത്തിൽ "കിടാവിന്മട്ടു്" എന്ന പ്രയോഗം എത്രമേൽ അർത്ഥഗർഭമല്ലി! കാവ്യരചനയുടെ ബാലപാഠങ്ങളിൽ മാത്രം ശ്രദ്ധേയനായിരുന്ന ഒരാളുടെ ശ്ലോകമാണിതെന്നോർക്കണം. "ഇടശ്ശേരിത്ത"ത്തിന്റെ മറ്റൊരംശങ്ങളൊന്നും ഇതിലില്ല. സ്ത്രീയിൽ അമ്മയെ കണ്ടെത്താനുള്ള ചോദന ഇടശ്ശേരിയുടെ വ്യക്തിത്വത്തിന്റെ അടിസ്ഥാനപരമായ ഭാവമായിരുന്നുവെന്നു വ്യക്തം.

"എനിയ്ക്കുമൊരുമോളുണ്ടായി
പണ്ടൊന്നു സ്വപ്നംകൊട്ടുത്തപ്പോൾ
കിട്ടിയവിൽക്കാശപ്പൂർണ്ണിമയെന്നതേ
കോന്തലയ്ക്കുള്ളുക്കേയവൾ!
അവർക്കേളീതിനു കമ്പിളിനേടി–
പ്പിന്നീടെന്നോ ഞാൻയെല"കേ
ഒരാട്ടിമണ്ണപ്പുരപ്പു കിപ്പു
വീടാക്കടമേ മമജന്മം"

എന്ന "ബിംബിസാരന്റെ ഇയേൽ" എന്ന കവിതയിലെ വരികൾ ഇടശ്ശേരിയുടെ വ്യക്തിത്വത്തിന്റെ മുഖക്കുറിപ്പെന്നു തോന്നുന്നു. താദാത്മ്യമായ ഒരു സംഭവം ഇടശ്ശേരിയുടെ വ്യക്തിജീവിതത്തിലും ഉണ്ടായതായി പറഞ്ഞുകേട്ടിട്ടുണ്ട് അമ്മയോടു് നിനച്ചെയ്യാനൊത്തില്ല എന്നൊരു കുറ്റബോധം ഇടശ്ശേരിയുടെ ബോധമണ്ഡലത്തിൽ വളരെക്കാലം അസ്വാസ്ഥ്യങ്ങളുണ്ടാക്കിയിട്ടുണ്ടാവണം. പിന്നീടു് ജീവിതപ്രാരബ്ധത്തിന്റെ ബോധമണ്ഡലത്തെ കീഴടക്കിക്കഴിഞ്ഞപ്പോൾ ഈ കുറ്റബോധം അബോധമണ്ഡലത്തിലേയ്ക്കു് ഊളിയിട്ടുപോയ്ട്ടുണ്ടാവും. അബോധമണ്ഡലത്തിലേയ്ക്കു താഴ്ന്നു പോവുന്ന ബോധതലങ്ങൾ "ആക്കിടപ്പെ"കളായി അവിടെക്കിടന്നു് കൂടുതൽ കൂടുതൽ തീവ്രമായുകയും ഇടശ്ശേരിയുടെ ശക്തിയേറിയമിന്നല്പിണർകളായിബോധമണ്ഡലത്തിലേയ്ക്കു് കടന്നുവരുകയും ചെയ്തതാവണം എല്ലാ മനശ്ശാസ്ത്രജ്ഞരും അംഗീകരിയ്ക്കുന്ന ഒരു സത്യമാണ്. അപ്പോൾ മേല്പറഞ്ഞ കുറ്റബോധം ഇടശ്ശേരിയുടെ മനോമണ്ഡലത്തിലെ ശക്തിയേറിയ ഒരു 'ആക്കിടപ്പാ'യി മാറിയിട്ടുണ്ടാവണം. ആ ആർക്കിടൈപ്പിന്റെ ബാഹ്യപ്രകടനങ്ങളാവണം ഇടശ്ശേരിയുടെ പ്രധാന കവിതകളെല്ലാം.

'ആർക്കിടൈപ്പുകൾ സ്വന്തം നിഗൂഢസ്വഭാവം നിലനിർത്താനുള്ള വെമ്പലിൽ ഭാവരൂപവേഷാദികൾ മാറിക്കൊണ്ടാണ് പ്രകടിതമാവാറുള്ളതെന്നും മിന്നാമിന്നിപ്രായമില്ലാത്ത ഒരു മനശ്ശാസ്ത്രസത്യമാണ്. എന്തായാലും ഇടശ്ശേരിക്കവിതയെ കാസ്സറാതാക്കിത്തീർക്കുന്ന സവിശേഷത

സി. വി. ഗോവിന്ദൻ

കളിൽ പലതും മാതൃതാവബോധത്തിന്റെ പ്രകടിതസ്വരൂപങ്ങളാവാനാണിട. 'മകന്റെ വാശി' എന്ന കവിതയിലെ അമ്മയുടെ വ്യക്തിത്വം സങ്കീർണ്ണമാണ്. മകന്റെ അനുരാഗത്തിനു് അനുകൂലമല്ല. "മഹിതാകാശതലം തമ്മണിമുറ്റത്തിഴലാതുണ്ടണ" മെന്ന വിചാരക്കാരനായ അദ്ദേഹം മകന്റെ അനുരാഗത്തെ തകർക്കാൻപോലും കണ്ണുരുറവന്നാണ്. അതുയേറെ ശാപവാക്കുകളും മർമ്മസന്ദങ്ങളും രസികനായ ആ മനുഷ്യൻ പൊഴിയ്ക്കുന്നുണ്ട്, എന്നാൽ "മതിനിന്നഴലുകൾ; അമ്മയുടെ സങ്കടമായിനിന്നതിലാഷം" എന്ന മാതൃവചനം അപരിഹാര്യമായ ഈ സമരോന്മുഖതയ്ക്ക് അന്ത്യം കുറിയ്ക്കുന്നതായിട്ടാണ് ചിത്രീകരിയ്ക്കപ്പെടുന്നതു്. തുടർന്നു് അച്ഛൻ സ്വയം പരാജയപ്പെട്ടുകൊടുക്കുന്നു. ഈ സ്വയം പരാജയപ്പെടൽതന്നെയാണു് മാതൃതാവബോധത്തിൻറെ ഉത്തരീയമാത്രം ഉത്തരിയുന്നതും. "നന്മപിന്നാവിന്നറിയാമല്ലോ നോക്കിനടക്കാൻ തോൽക്കാൻ" എന്ന വരികൾക്കു പിന്നിൽ ഒരമ്മയുടെ ആത്മാവിന്റെ ഊഷ്മളപ്രസവണങ്ങളുണ്ട്; "എനിയ്ക്കു് ചൊക്കനെ ബോധിച്ചില്ല" എന്ന വാക്കുകളിൽ ഒരമ്മയുടെ ശാഠ്യമുണ്ട്; നരയെ ബുദ്ധിപൂതികൊണ്ടു് അഭിമുഖീകരിയ്ക്കുന്നതിൽ ഒരമ്മയുടെ പ്രായോഗിക ബുദ്ധിയുണ്ട്, "ചുരുട്ടിക്കൈയിൽപ്പോയ കാലത്തെക്കെട്ടു മുറുകെമാറി സ്നിഗ്ധതയെ വ്രണമയാക്കിടാമോദ്യം" എന്ന വരികളിൽ ഒരമ്മയുടെ കർമ്മകുശലതയുണ്ട്; ഓണത്തിരക്കിൽ അപ്പുവിന്റെ മേനിയുടെ ഇളം ചൂടിനെപ്പറ്റി വേവലാതിപ്പെടുന്നിടത്തു് ഒരമ്മയുടെ ഉൽക്കണ്ഠയുണ്ട്; അനുജനെ പാഠശാലയിലേയ്ക്കു് കൊണ്ടുപോവാൻ വൈമുഖ്യം കൊച്ചേട്ടത്തിയിൽ ഒരമ്മയുടെ കാര്യഗൗരവമുണ്ട്. ഇങ്ങനെ മിക്കവാറും എല്ലാ കവികളുടെയും മർമ്മമാതൃതാവബോധവുമായി അധ്യാകരിയ്ക്കുന്നതു നന്നായിരിയ്ക്കും. മനുഷ്യസ്നേഹം വളരെക്കാലമുണ്ടായിരുന്നു. അമ്മ എന്ന വ്യക്തിയിലല്ല, അമ്മ എന്ന വ്യക്തിത്വത്തിലാണ് ഇടശ്ശേരിക്കവിതയുടെ വേരുകൾ ആഴ്ന്നിറങ്ങുന്നതു്.

ഇടശ്ശേരിയിലെ ഈ മാതൃതാവബോധത്തിന്റെ രണ്ടു മാനങ്ങളാണ് പൂതപ്പാട്ടും കാവിലെ പാട്ടും. മാതൃസ്നേഹത്തിനു പോലും രണ്ടു മുഖമുണ്ട് — സദാചാരപൂർണ്ണവും സദാചാരരഹിതവും. സദാചാരപൂർണ്ണമായ സ്നേഹം സങ്കുചിതമാണ്. സാമൂഹികമാണ്. വികസ്വരമായ മാതൃസ്നേഹത്തിനു് ഭാർഗവനികമായ ഒരു പരിവേഷമുണ്ട്. അവിടെ സ്നേഹിയ്ക്കുന്നതും സ്നേഹിക്കപ്പെടുന്നതും നിരുപാധികമാണ്. മകന്റെ വളർച്ച സ്വന്തം ചിറകുകൾക്കുള്ളിൽ ഒളുക്കിനിർത്താൻ ആഗ്രഹിയ്ക്കുന്നവരാണ് സാധാരണക്കാരായ അമ്മമാർ. "എന്റെ മുലപ്പാൽ നിന്നിൽ അപൂർണ്ണത ചേർക്കാതിരിയ്ക്കട്ടെ" എന്നാശംസിയ്ക്കാൻ അവർക്കു് കഴിയില്ല. പൂതപ്പാട്ടിലെ നങ്ങേലി തീർത്തും സാധാരണക്കാരിയാണ്. അവളുടെ ത്യാഗവും കരുത്തും മകനെ വീണ്ടെടുത്തു് സ്വന്തമാക്കാൻ മാത്രം പോന്നവയാണ്. കാവിലെ പാട്ടിലെ സ്ഥിതപ്രജ്ഞതയായ അമ്മ മകന്റെ ധർമ്മദീക്ഷയ്ക്കും വ്യക്തിത്വത്തിനും സ്വയം വളമാകുന്നുള്ളു. കളത്തൊരുക്കിക്കൊടുക്കുന്നവളാണ്. അവൾ മനസ്സു പാകപ്പെടുത്തുന്നതു് സ്വന്തം നിഴലുകൾക്കു് അപ്പുറത്താണ്. നങ്ങേലി കറുത്ത മണ്ണിൽ നിൽക്കുന്നു; പൂതപ്പാട്ടിലെ അമ്മ നീലാകാശമാകെ തന്റെ ആത്മാവിലേയ്ക്കു് ആവാഹിച്ചെടുക്കുന്നു.

ആറാറിൻവക്കത്തെ മാളികവീട്ടിലെ ഉണ്ണി വളരുന്നതു് സ്നേഹത്തിന്റെ മുന്തിരിച്ചാറു മുഴുവൻ മോന്തിക്കൊണ്ടാണ്. ഉറുമ്പും പുഴുവരിയ്ക്കാതെ മകനെ വളർത്തൻ വെമ്പുന്ന നങ്ങേലിയ്ക്കു് അവനെ ലോകത്തിന്റെ മുമ്പിലേയ്ക്കിറങ്ങുകൊടുക്കാനാവില്ല. ഉണ്ണിയെ തന്റെ നിഴലിൽ നിന്നു് മാറാനിർത്തൻ അവൾക്കു് വിഷമമുണ്ട്. ഉണ്ണിയോടൊപ്പം അമ്മയുടെ മനസ്സിലെ ആശകളും വളർന്നവലുതാകുന്നു. അവ സഫലമാവാതിരുന്നാൽ നങ്ങേലിയ്ക്കു് സഹിയ്ക്കുന്നാവില്ല. "ആറിൻ കരകളിലങ്ങിങ്ങാളും അവനെ വിളിച്ചു" നടക്കാൻ നങ്ങേലിയെ പ്രേരിപ്പിച്ചതു് ഈ ആശകളാണ്. ഉണ്ണി എഴുതുവാൻ പോയതാണ് — നങ്ങേലി ആഗ്രഹിയ്ക്കുന്ന അക്ഷരങ്ങൾ! അവർ കാട്ടരിയിനെ കണ്ണിനുകൊണ്ടു കടുത്തിക്കളഞ്ഞു; കൊള്ളക്കാറിന്റെ മുമ്പിൽ കാറികണ്ണുരുട്ടി നിന്ന — നേരത്തെന്ന. കണ്ണൻ ചുഴ്ന്നെടുത്തുകൊടുത്ത ആത്മധൈര്യം തീർത്തും രോമാഞ്ചജനകമായി. എന്നാൽ അവളുടെ ത്യാഗം ദുർഗ്രഹമാണ്.

1976 ഏപ്രിൽ മുതൽ

മലയാളനാടിൽ

പ്രസിദ്ധീകരിച്ചു തുടങ്ങുന്നു.

പ്രശസ്ത സാഹിത്യകാരനായ

വൈക്കം ചന്ദ്രശേഖരൻനായരുടെ

ഏറ്റവും നല്ല നോവൽ

വനദേവത

സ്ത്രീയുടെ മനസ്സും, അതു് കൽക്കരിഖനിയുടേയും സമ്പർക്കവനിയുടേയും സമഞ്ജസസമ്മേളനമാണ്. പുരുഷന്റെ കണ്ണുകൾക്കു് കൽക്കരിയെ സമ്പന്നമാക്കി മാറാനുള്ള കഴിവുണ്ടോ? അതോ പുരുഷന്റെ സമ്പർക്കതയ്ക്കോ ആത്മാർത്ഥതയ്ക്കോ?

പുതുത്തിന്റെ മുമ്പിൽ സ്വന്തം ജീവിതം ചിറ്റുന്ന ഒരു മകനെക്കുറിച്ചോർക്കാൻ പാവം നങ്ങേലിയ്യാവിയ്ക്ക്. അവളുടേതു് ആദ്യന്തം ചപലമായ സ്നേഹമാണു്.

കാവിലെ പാട്ടിലെ അമ്മ "സുഖനിസ്സംഭാടികളെ കൊന്നൊടുക്കാൻ പോന്ന ക്രൂത്ത"യെ "സുരഭിലപ്പൂ വല്ലിയാക്കി മാറ്റിക്കളഞ്ഞവളാണു്, ഉതാണു് അനാസക്തമായ സ്നേഹത്തിന്റെ ശക്തി.

"ഏഴുകൊല്ലം നോക്കപ്പെട്ടുള്ള
താലിമകട്ടി ഞാൻ പി-
ന്നേഴുകൊല്ലും നോൽപ്പെട്ടുള്ള
ഞാനവനെപ്പൊറു"|

— ഈ നീണ്ട വ്രതചര്യയുടെ ഫലമാണു് അവളുടെ സ്നേഹത്തിന്റെ അനാസക്ത സ്വഭാവം. നങ്ങേലി പുതുത്തെ ശപിയ്ക്കുന്നൊരുങ്ങുന്നു. കാവിലെ പാട്ടിലെ അമ്മ ചോദിയ്ക്കുന്നു:

"തൻകുലം താഴ്ന്നീലയല്ലീ-
യെന്നയിരൊളവി-
ലെങ്കിലുമാഴത്തിലയല്ലീ
ദുഷ്കളങ്കശീലം?"

ബലിയർപ്പിയ്ക്കപ്പെടുന്ന സമയത്തു് മകന്റെ മുണ്ടുകൾ വിറച്ചുപോയിരുന്നെങ്കിൽ അപമാനകരമായേനേ! ഉടനു് അംബികയ്ക്കു് തന്റെ ക്രൂരത തന്നിലേയ്ക്കുതന്നെ തിരിച്ചുപിടിയ്ക്കേണ്ടിവന്നു.

കരുത്ത നഴലിനോടൊപ്പം സഞ്ചരിയ്ക്കുന്ന മനുഷ്യജീവിതത്തിന്റെ പ്രതിനിധിയാണു് നങ്ങേലി. അവളുടെ സ്നേഹവും ത്യാഗവുമെല്ലാം ആസക്തിയുടെ മുഖപടങ്ങളുതു. അതു കൊണ്ടാണു് നങ്ങേലിയ്ക്കു് പുതുത്തിന്റെ ക്രൂരനായ ആദ്യതയാക്കി മാറ്റാൻ കഴിയാതെ പോയതു്. മകനെ തിരിച്ചു കിട്ടിയതു കൊണ്ടുമാത്രം നങ്ങേലി തൃപ്തയാണു്. അതിനുവേണ്ടി മാത്രമാണു് അവൾ ത്യാഗം ചെയ്തതും. ആ പൂരം തഞ്ചത്തിൽ കിട്ടിയാൽ ഇവരെയും കളികളെ പിടിച്ചു കൊണ്ടു പോയേയ്ക്കും നിടയുണ്ടു്. "എന്നാൽ അംബിക ഇതിലെയാരിയ്ക്കലും ബലി കിട്ടാൻ വേണ്ടി മതിരിഞ്ഞിരുന്നില്ല. അവളുടെ ക്രൂരതയുടെ വായ്ത്തല മടങ്ങിക്കഴിഞ്ഞു' 'ആസ്സുംതാവദായ്' എന്നാരംഭിയ്ക്കുന്ന മുഖവും നങ്ങേലിയ്ക്കു വേണ്ടിയുള്ളതല്ല, കാവിലെ പാട്ടിലെ അമ്മയ്ക്കു വേണ്ടിയുള്ളതാണു്.

പുതുപ്പാട്ടിനു നിന്നു് കാവിലെ പാട്ടിലെത്തുമ്പോഴേയ്ക്കും ഇടശ്ശേരിയുടെ മാതൃതാവബോധത്തിനുണ്ടാവുന്ന സാംസ്കാരിക പരിണാമം വ്യക്തമാക്കാനാണിതുയുമെഴുതിയതു്. ഒരാർക്കിടൈപ്പിൽ പിണ്ഡീഭൂതമായ മാവബീജം മറ്റനേകം മാവതരംഗങ്ങളുമായി കൂടിക്കുഴയുകയും തന്മൂലം ഒട്ടേറെ ആഘാതപ്രതിഘാതങ്ങൾക്കു് വിധേയമാവുകയും ചെയ്യാറുണ്ടു്. പുതുപ്പാട്ടിൽ തെളിഞ്ഞു കാണുന്ന മാതൃതാവബോധത്തിനു് പടിപടി സംഭവിയ്ക്കുന്ന സാംസ്കാരിക പരിവർത്തനങ്ങളുടെ പരകോടിയാണു് കാവിലെ പാട്ടിൽ തെളിഞ്ഞു കാണുന്നതു്. അനേകമനേകം ആദേശപ്രത്യാദേശങ്ങൾക്കു് വിധേയമാവുന്ന ഈ മാതൃതാവബോധത്തിന്റെ മുഖദാഗ്രചിത്രങ്ങളാണു് മറ്റു കവിതകളെല്ലാം. ഈ മാതൃതാവബോധത്തിൽ തന്നെയാണു് മനുഷ്യസ്നേഹവും ഇടശ്ശേരിയെ സംബന്ധിച്ചിടത്തോളം ഇതൽ നിർത്തുന്നതു്. തികച്ചും പ്രായോഗികപക്ഷപാതിയായ ഇടശ്ശേരി കാവിലെ പാട്ടിലെ അമ്മയുടെ ഭാവം പോലുള്ള ഒരു "ദന്തഗോപുര സിദ്ധാന്തത്തെ" എങ്ങനെ ഉദ്ഭവത്തമെന്നെണ്ണി? സൂക്ഷ്മദൃഷ്ട്യാ അതൊരു ദന്തഗോപുരസിദ്ധാന്തമല്ലതന്നെ. കാച്ചിക്കുറുക്കിയ ഒരു മൂല്യബോധമാണു് അതിലുള്ളതു്. മൂല്യത്തിന്റെ കാര്യത്തിൽ വിട്ടു വീഴ്ചയില്ലാത്ത പ്രകൃതിയെ ഇടശ്ശേരിയെ വാഴ്ത്തുന്നു. മൂല്യബോധം നിരുപാധികമായുപേക്ഷിയ്ക്കുമ്പോൾ സംഭ്രമമാവുന്നുള്ളുവെന്നാവണം ഇടശ്ശേരിയുടെ വാദം.

ഇടശ്ശേരിയുടെ മാതൃതാവബോധത്തിന്റെ പരിധിയ്ക്കുള്ളിൽ കുറേക്കൂടി ഭദ്രത്തെപ്പറ്റി സൂചിപ്പിച്ചുവല്ലോ. അത്തരമൊരു കുറവുണ്ടെങ്കിൽ ശ്രദ്ധിയ്ക്കുന്നതു് വ്യക്തിയുടെ സാധാരണനിലയിലുള്ള സ്ഥാനിടയുണ്ടു്. സന്യാസിയ്ക്കുന്നതിനു് അമ്മയിൽ നിന്നു് ഭിന്നപാദം കിട്ടി എന്നതൊരു ചരിത്രത്തിനു് ഒരമ്മ മകന്റെ ശ്രേഷ്ഠത്തിനു വഴങ്ങി എന്നതിൽക്കവിഞ്ഞു പ്രസക്തി കാണുന്നില്ല. ശങ്കരാചാര്യരുടെ ഈ കുറവുബോധം ഒരു സാംസ്കാരികപരിണാമത്തിനു് വിധേയമായതിനാണു്. എങ്കിൽ ശങ്കരന്റെ പരാശക്തി സങ്കല്പത്തിന്റെ പിന്നിലുള്ള മാനസികചോദന

(ശേഷം 8-ൽ)

അക്കയറിന്റെ കരുക്കനിൻ-
കണ്ണത്തെ
ഞെക്കി ഞെക്കി സ്വയം-
വീർപ്പു മുട്ടിയ്ക്കുവേ,
ഉൽക്കടപ്രാണദണ്ഡത്താൽ-
പിഞ്ഞെ കാ-
ലിട്ടടിച്ചയ്യോ കിടന്നു പുളയവേ
ആദ്യം വലിഞ്ഞു നിൽമെയ്-
മന്നിനോടൊരു
ചോദ്യചിഹ്നം പോൽ സ്വയം-
ചമഞ്ഞതിടവേ,
അന്ത്യമൊരുഗ്രമാമാശ്ചര്യ-
ചിഹ്നമായ്
നിന്നനു നിണ്ടു മരവിച്ചു തുങ്ങവേ
എന്നുമുള്ള പൊട്ടിത്തറിയ്ക്കാതെ നിന്നഹോ
കർമ്മപ്രപഞ്ചമേ, നി-
നിർവ്വികാരമായ്"|

ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ നാടകീയ ഗ്രാമീണ വിലാപകാവ്യമായ 'രമണ'നിൽ ഉള്ളതാണു് മേല്പറഞ്ഞ വരികൾ. ആശുപത്രിയിലേയ്ക്കു് ചാഞ്ഞ മരക്കൊമ്പിൽ തൂങ്ങിമരിച്ചുനില്ക്കുന്ന രമണനെനോക്കി മദനൻ വിലപിയ്ക്കുന്നതാണു് സന്ദർഭം. കയറിന്റെ കരുക്കു് രമണന്റെ കണ്ണത്തെ ഞെക്കിഞെക്കി വീർപ്പു മുട്ടിയ്ക്കുന്നതും ഉൽക്കടപ്രാണദണ്ഡത്താൽ പിടഞ്ഞു രമണൻ കാലിട്ടടിച്ചു് പുളയുന്നതും ആദ്യം രമണന്റെ ശരീരം വലിഞ്ഞു മന്നിനോടുള്ള ഒരു ചോദ്യചിഹ്നംപോൽ വളയുന്നതും അവസാനം ആശ്ചര്യചിഹ്നം പോലെ ആ ശരീരം മരവിച്ചു തൂങ്ങുന്നതും അനുവാചകനു് കൺമുന്നിൽ കാണത്തക്കവിധം സൂക്ഷ്മമായി ചിത്രീകരിച്ചിരിയ്ക്കുന്ന എന്ന നിലയിൽ പ്രശംസനീയങ്ങളാണു് ഈ വരികൾ. ചോദ്യചിഹ്നം പോലുള്ള ശരീരത്തിന്റെ നടുവു് ആശ്ചര്യചിഹ്നം പോലുള്ള അതിനെത്തന്നെ പരിണാമവും വളരെയേറെ അർത്ഥവത്താക്കിത്തീർത്തിരിയ്ക്കുന്നു. പക്ഷേ ഈ വരികൾ മുഴുവൻ ശ്രദ്ധിച്ചൊന്നു അപഗ്രഥിച്ചു നോക്കുമ്പോൾ ബോദ്ധ്യപ്പെടുന്ന കൊച്ചുവിഷമമുണ്ടു്. ചോദ്യചിഹ്നം വണ്ടി ഷെയർ ആട്ടോയിൽ വഴിമാറി ഒരു വളവോടെയ്ക്കു് പോയിരിയ്ക്കുകയാണു് എന്നു്.

തൂങ്ങി മരിച്ച രമണനെ സംബോധന

കല്ലുകശി കർട്ടുകശി

ചെയ്തു കൊണ്ടുള്ളതാണു് വരികൾ എന്നു് സ്പഷ്ടം. നിന്നകണ്ണത്തെ നിൻമെയ്, നിൻതന്നെ എന്നീ വാക്കുകൾ സംശയാതീതമായി അതു പ്രഖ്യാപിയ്ക്കുന്നു. പക്ഷേ അവസാനം ചോദ്യം ചോദിയ്ക്കുന്നതു് രമണനോടല്ല കർമ്മപ്രപഞ്ചത്തോടാണു്. അല്ലയോ കർമ്മപ്രപഞ്ചമേ, നീ നിർവ്വികാരമായി രമണന്റെ തൂങ്ങിമരണം എങ്ങനെ നോക്കിനിന്നു എന്നാണു പര്യവസിതാർത്ഥം. എന്നാൽ കവി പ്രയോഗിച്ച വാക്കുകളെ പിന്തുടർന്നാൽ, "അ-

"അക്കയറിന്റെ കരുക്കനിൻ....
....നീ നിർവ്വികാരമായ്....."

— എ. പി. പി. നമ്പൂതിരി

ല്ലയോ രമണ, നിന്റെ കണ്ണും ആ കയറിന്റെ കരുക്കു് ഞെക്കിഞെക്കി വീർപ്പു മുട്ടിയ്ക്കുമ്പോൾ, ഉൽക്കടപ്രാണദണ്ഡത്താൽ നീ പുളഞ്ഞു കാലിട്ടടിയ്ക്കുമ്പോൾ, ആദ്യം നിന്റെ ശരീരം ഒരു ചോദ്യചിഹ്നംപോലെ വളയുകയും അവസാനം ഒരാശ്ചര്യചിഹ്നം പോലെ നീണ്ടു മരവിച്ചു തൂങ്ങുകയും ചെയ്തപ്പോൾ അയ്യോ കർമ്മപ്രപഞ്ചമേ നീ എങ്ങനെയാ നിർവ്വികാരമായി, പൊട്ടിത്തെറിയ്ക്കാതെ നിന്നു" എന്നങ്ങനെയേ അർത്ഥം പറയാൻ പറ്റൂ. രമണനെ സംബോധന ചെയ്തു തുടങ്ങിയ വരികൾ രമണനോടു ചോദ്യം ചോദിച്ചുകൊണ്ടാണു് നിർത്തേണ്ടിയിരുന്നതു്. കർമ്മപ്രപഞ്ചത്തോടാണു് കവി ചോദ്യം ചോദിയ്ക്കുന്നതുദ്ദേശിച്ചിരുന്നതെങ്കിൽ, കർമ്മപ്രപഞ്ചത്തെ സംബോധന ചെയ്തു തുടങ്ങേണ്ടതായിരുന്നു. ഇവിടെ പദങ്ങൾ തമ്മിൽ

അനുപയിസ്സായ്കം, അന്യഥാസുന്ദരങ്ങളായ ഈ വരികളുടെ ആസ്വാദനത്തിനിടയ്ക്ക് കടന്നുകൂടിയ കല്ലുകളാണ്.

ചിലം സൃഷ്ടിക്കുന്ന കവിതകളിൽ ചില പ്പോഴൊക്കെ ഇത്തരം കല്ലുകടിയുണ്ടാകും. വാക്കുകൾ തമ്മിലനുപ്രാസ ധ്വനി പ്രധാനമായ കവിതയിൽ ഒരു ദോഷമല്ലെന്ന് വാദിക്കുന്നവരുണ്ടാകാം. ശ്ലഥബിംബ പ്രയോഗം ഒരു ഫാഷനായിത്തീർന്നിട്ടുള്ള ഈ കാലഘട്ടത്തിൽ അനനുപ്രാസത്തെ കൊണ്ടാഘോഷം ആളുകളുണ്ടായേക്കും. പക്ഷേ, ആസ്വാദകരോട് നീതി ചെയ്യുന്നതിനേക്കാൾ കവികൾ പദങ്ങളുടെ പരസ്പരപ്രത്യുത്തരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് ഈ ലേഖകന്റെ പക്ഷം. "കണ്ണുകൊണ്ടിനി ഞാൻ കേൾക്കുന്നു നിൻ മൗനം" എന്ന മട്ടിലാണ് ചങ്ങമ്പുഴ കവിതയെഴുതുന്നതെന്നു പറഞ്ഞു സഞ്ജയൻ പണ്ടു കളിയാക്കിയിരുന്നു. ഞാൻ ഓർത്തുപോയി.

"മാച്ചാലും മായാത്ത മട്ടിലേതോ
മാർദ്ദവമുള്ളതാണിവികാരം."

എന്ന വരികളിലെ പൊരുത്തക്കേടിനെക്കുറിച്ചു ശ്രീ: സുകുമാർ അഴീക്കോട് "മരണം മലയാളകവിതയും" എന്ന പുസ്തകത്തിൽ ചൂണ്ടിക്കാട്ടിയതും ഈ സന്ദർഭത്തിൽ സ്മരിച്ചുപോകുന്നതാണ്. മാച്ചാലും മായാത്ത മട്ടിലുള്ളതാവണം ഒരു പാട്. എങ്കിൽ ആ പാട്ട് വരെ കട്ടിയുള്ളതാവണം, മാർദ്ദവമുള്ളതായാൽ പറ്റില്ല. പക്ഷേ, മാച്ചാലുമായത്തമട്ടിൽ മാർദ്ദവമുള്ള പാടണ് പ്രണയമെന്ന വികാരം എന്നാണ് കവി പറയുന്നതെന്നുവച്ചു ആശ്ലേഷത്തിനുള്ള മറ്റൊരുദാഹരണം നോക്കൂ:

"മുട്ടുകില്ലു നിൻ ഞാഞ്ഞിലുള്ളോ-
രിപ്രണത്തൻ ശൃംഖല-
നിർവൃതിനിപാതത്തിന്റെ
നിർമ്മിക്കുന്നു പൂമേഖല.
കാലദേശങ്ങൾക്കപ്പുറം പൂത്തുല
ലസിക്കുന്ന പൂങ്കുല.
ദുഃഖജീവിതഗാഢശീതള-
മഗ്നമാക്കുന്ന പൊന്നല—"

ശൃംഖലയുടെ തുടർച്ചയായി വരുന്ന കണ്ണികൾ ശൃംഖലയുടെ കൂട്ടത്തിൽചേരാതെ നില്ക്കയാണവിടെ. ശൃംഖല പൊട്ടുകയില്ല എന്നു പാടുന്നതുകൊണ്ടിക്കാം. പക്ഷേ, പ്രണയത്തെ സപ്തസ്വരമേഖലയായും പൂങ്കുലയായും പൊന്നലയായും രൂപണം ചെയ്തപ്പോൾ പൊട്ടുകില്ല എന്ന ക്രിയയിൽ അവയെന്നും അന്യോന്യസ്പർശത്തിലാണെന്നു കവി ഓർത്തില്ല. പക്ഷേ, ഈ വരികൾ കഴിഞ്ഞു.

ഇല്ലിനുള്ളുവലുകൈവടിയുകയിപ്പിന്നെ ഞാനാരിക്കലും!

എന്ന വരികളുള്ളതുകൊണ്ട് ചങ്ങമ്പുഴയുടെ രക്ഷപ്പെട്ടൻ പഴുതുണ്ട്. മേഖലയെയും പൂങ്കുലയേയും പൊന്നലയെയും ഒക്കെ കൈവടിയുകയില്ല എന്ന ക്രിയയുമായി ബന്ധപ്പെടുത്താമല്ലോ. പൊട്ടുകില്ല എന്ന ക്രിയയോടുകൂടി അവയെ ബന്ധപ്പെടുത്താൻ കഴിഞ്ഞാലല്ല അവിടെ തികഞ്ഞ പരസ്പരപ്രത്യുത്തരമുള്ളൂ എന്ന വസ്തുത പിന്നെയും പ്രേക്ഷകനുണ്ടാകും. ശൃംഖലയുടെ കണ്ണികളായിട്ടാണ് മേഖലയേയും പൂങ്കുലയേയും പൊന്നലയേയും കവി സങ്കല്പിച്ചിട്ടുള്ളത് എന്നത് ഗർഭവാക്യചിഹ്നം സൂചിപ്പിക്കുന്നുമുണ്ട്. എന്നാലും ഈ വരികളിൽ കവിയ്ക്കു നില്ക്കക്കള്ളിയുണ്ട്. പക്ഷേ, ആദ്യം ഉദ്ധരിച്ച വരികളിൽ മദ്ധ്യമപുരുഷസർവ്വനാമം രമണനെ ഉദ്ദേശിച്ചു പ്രയോഗിച്ചു. അവസാനം കർമ്മപ്രപഞ്ചത്തെ ഉദ്ദേശിച്ചു പ്രയോഗിച്ചതുപോലെ ഒരുതരത്തിലും നീതികരിയ്ക്കാനാവില്ല. □

(6-ൻ നിന്നും തുടർച്ച)

യും മറ്റൊരാവാനിടയില്ല" ശിവ: ശക്ത്യായുക്തോ ഹ്യസമർത്ഥോ ശക്തഃപ്രഭവിതും" എന്ന വാക്യമൊന്നു തിരിച്ചു പിടിച്ചാൽ ശക്തയോടു ചേരാത്ത ശിവൻ പ്രസരണാർഹനാവുന്നില്ല എന്നൊരർത്ഥം കിട്ടുമെന്നതിനിടയ്ക്ക് ശ്രദ്ധേയമാണ്. ഏതായാലും ആ പരാശക്തിസങ്കല്പത്തെത്തന്നെയാണ് ഇടശ്ശേരിയും ആരാധിച്ചതു് എന്നു തോന്നുന്നു. ഇതുപക്ഷേ വ്യക്തിയിൽ മാത്രം അധിഷ്ഠിതമായ അന്തർമുഖതയെക്കാളേറെയും സാമൂഹ്യമനുഷ്യന്റെ ഭാവസംഘർഷങ്ങളെപ്പറ്റി പറയാനാഗ്രഹിച്ചു എന്നതാണ് സത്യം. അതുകൊണ്ടു തന്നെയാവണം ഇടശ്ശേരിയുടെ ശക്തിയിൽ പരാശക്തി നേരിട്ടങ്ങിറങ്ങിവരാതിരുന്നതു്.

ഒരിടവേള കൂടി:

"ഞാനറിവീലേതുനേരം പിന്നാലെ-
പ്പോന്നവനെന്നുലുമണ്ണയെ;
ഞാൻ നടക്കുന്ന നീൻ ദയയെപ്പ-
ണ്ടമ്മിഞ്ഞപ്പാലതു പോലെ."

മലയാളനാട്

അടുത്തലക്കം

വാസുദേവൻനായരുടെ ദുർബലൃങ്ങളിലൊന്നാണ് നോവലുകളിലെ സമാനത. സാഹിത്യചർച്ചകളിൽ വാസുദേവൻനായർ എന്ന റിഡക്ഷൻഡ് മുട്ടുണ്ടാക്കിയെപ്പറ്റിയുള്ള ആരോപണവും ഇതുതന്നെ. ഇതൊരു ദുർബലൃമാണോ അതോ ശക്തിയാണോ എന്ന ചർച്ചയിൽ സാഹിത്യപഠനത്തിൽ പ്രവേശിയില്ല. എം. ടി യെ എം. ടിയാക്കുന്ന പ്രത്യേകത എന്ന നിലയിലേ ഇതിനെ കാണേണ്ടതുള്ളൂ —

വായനക്കാരനെ പങ്കാളിയാക്കിയിട്ടുള്ള മലയാള നോവലുകളിലെ ഒരു സംക്രമപുരുഷനായ എം. ടി. യുടെ നോവലുകളെക്കുറിച്ചു വ്യത്യസ്ഥവും ശ്രദ്ധേയവുമായ ഒരു പഠനം.

തയ്യാറാക്കിയത്.

എം. ജി. ശശിഭൂഷൺ

നിഷേധത്തിനും അഭിലാഷത്തിനും ഇടയിൽ

□

എം. കൃഷ്ണൻനായരുടെ സാഹിത്യവിചാരം

□

ട്രിച്ചി കേന്ദ്രജയിൽ നിന്നും കാൽനടയായി സഞ്ചരിച്ച് തുങ്കനാട്ട ബന്ധുനിന്നും കേദനാഥും സന്ദർശിച്ച ഒരു സഹസികനായ ചിത്രകാരന്റെ സാഹസിക വർണ്ണം ആകർഷകം. പ്രസിദ്ധനായ ഒരു ചിത്രകാരനിൽക്കുനിന്നാണ് ലേഖകൻ

ആർ. കെ. യുടെ

കേരളാ ടൂറിസ്റ്റ് ലോക്ക്

□

യവതിയെ സൃഷ്ടിച്ചപ്പോൾ ദൈവത്തിനു പറ്റിയ തെറ്റിനെപ്പറ്റിയുള്ള മുന്നൂറ്റി മുപ്പത്തിമൂന്നു ചുണ്ടുകൾ കൊണ്ടുള്ള നിരവധി രോസുനിറത്തിൽ വേഷം. ഏതോ തപസ്വിനിയുടെ ശാന്തത വർഷങ്ങൾക്കുമുമ്പ് താൻ കത്തിക്കൊണ്ടതു ഇവളെ ആയിരുന്നില്ല' ശപിച്ചുപോയ നിമിഷം. എല്ലാ ശക്തിയും സംഭരിച്ചു'

പി. സുബ്രഹ്മണ്യപിള്ളയുടെ കഥ

അഭയം

□

എന്റെ നാടകങ്ങളിൽ ഒരു തേർഡ്മനുഷ്യനേക്കാളുപരിയായി ഞാനൊന്നുപോലുമല്ലെന്നു പറഞ്ഞു. അതിനുശേഷം നിമിഷങ്ങളിൽ പെൺകുട്ടിയെ തള്ളിത്തുറന്നുകൊണ്ടു" ഞാൻ പിടഞ്ഞെണീറ്റു" വാതിൽവലിച്ചുതുറന്നു" അന്ധകാരത്തിലേയ്ക്കിറങ്ങിയോടി...

രവീന്ദ്രന്റെ കഥ

ഒരു കടൽക്കരയുടെ മറന്നുപോയ ഉത്തരം.

□

പത്മശ്രീ ബഹുമതിക്കർഹനായ ഡാക്ടർ പൈയുടെ സേവനങ്ങളെ വിലയിരുത്തുന്ന പ്രസിദ്ധ സാഹിത്യകാരനായ ജി. വിവേകാനന്ദൻ

"ഡാക്ടർ പൈ — ഒരു തരുവൃക്ഷൻ"

□

കോന്നിയൂർ കോസ്മോ, പി. ടി. അബ്ദുൾ റഹ്മാൻ എന്നിവരുടെ കവിതകൾ

□

മുഖചിത്രങ്ങൾ സമസന്ധാഷണം

□

വായനക്കാരുടെ കത്തുകൾ പുനരാരംഭിക്കുന്നു.

□

പാറപ്പുറത്ത്, പത്മൻ, എൻ. കൃഷ്ണൻനായർ, ഏകലവ്യൻ എന്നിവരുടെ നോവലുകൾ.

□

മംഗലശ്ശേരിയുടെ ചലച്ചിത്രനിരൂപണം

ചലച്ചിത്രവാർത്തകൾ, ചിത്രങ്ങൾ

എന്നെ പലരും വർണ്ണിച്ചിട്ടുണ്ട്. പക്ഷേ; എന്റെ ദുഃഖം ആർക്കറിയാം?

എന്റെ കാലു് ചെളിയിലാണു്. എന്റെ കാലിൽ മണ്ണുണ്ടെന്നു് ആർക്കറിയാം? പിടിച്ചു നിൽക്കാൻവേണ്ടി ഈ മണ്ണു് എന്നെ തോന്നാതിരിക്കണം. പക്ഷേ: ഈ മണ്ണുകാലു് ചെളിയിലിട്ടു നിൽക്കുമ്പോൾ എനിക്കു് ലജ്ജതോന്നുന്നു.

എന്നെ കവികൾ പുകഴ്ത്താൻവേണ്ടി പറഞ്ഞിട്ടുള്ള ചില വരികൾ ഞാനൊന്നു പറഞ്ഞോട്ടെ:—

കാളിദാസൻ (ആ മഹാ പുരുഷനെ ഞാനപമാനിക്കില്ല.) എന്റെ ഈ ചെളിയാണത്രെ ശകുന്തളയെ കൊണ്ടു് ദുഷ്യന്തൻ സന്ദേശം അയപ്പിച്ചതു്.

എനിക്കു് സൂര്യനോടു് പരമപ്രേമമാണെന്നു് ഇറാലിയിലെ ഒരു മഹാകവി ദാന്തെ എഴുതി.

അരയന്നങ്ങളെല്ലാം എന്റെ നീൽമിഴികൾ ചുംബിക്കുന്നതു് കാണാമെന്നാണു് പേനയെടുത്തിട്ടുള്ളവരെല്ലാം എഴുതിയതു്. അരയന്നങ്ങൾ എന്നെ കൊത്തിനുകയായിരുന്നെന്ന സത്യം അവർക്കാരും അറിയില്ല.

ഞാൻ പാവപ്പെട്ട ഒരു താമര അല്ലേ?

ഞാൻ എന്റെ കഥ പറയാം. ആരെന്നെ പാടി പുകഴ്ത്തിയാലും ഞാനീ വെള്ളത്തിൽനിന്നും രക്ഷപ്പെടുകയില്ല. ചെളിയിൽ പുഴുത്തിരിക്കുന്ന എന്റെ മണ്ണുകാലിൽനിന്നു് രക്ഷപ്പെടുകയില്ല. ആ ചെളിയിൽനിന്നു് എങ്ങനെ ഞാനാ ജലപ്പരപ്പിലേക്കു് കയറിവന്നതെന്നു് ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? താമരയെയും എന്നു വാക്കു് എത്രനാൾ നിങ്ങളെല്ലാം പറഞ്ഞിട്ടുണ്ടു്! ആ വെള്ളത്തിന്റെ യഥാർത്ഥ സ്ഥിതി അറിയാമോ? അതിന്റെ ശരീരമാണു്. ആ ശരീരത്തിനെ അഴുക്കിച്ചുംപോലും വ്യാസമില്ലാത്ത എന്റെ ശരീരത്തിൽക്കൂടി എന്നെ താങ്ങിനിർത്തുന്ന ഞാൻ വലിച്ചെടുക്കുന്നതു് ചെളിയാണോ, വെള്ളമാണോ, എന്റെ ശരീരത്തിൽക്കൂടെ? എനിക്കറിയില്ല. എന്തെങ്കിലും കവി എന്നെ ഈ ചെളിയിൽനിന്നു് ഉദ്ധരിച്ചിട്ടുണ്ടോ? എന്തെങ്കിലും ദാർശനികൻ എന്നെ ഈ വെള്ളത്തിൽനിന്നു് കരകയറ്റിയിട്ടുണ്ടോ?

ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കി തൊഴുതുപിടിച്ച കൈകളോടെ ജനിക്കുന്നവളാണു് ഞാൻ. നിങ്ങൾ ഉടനെയൊരു മറുപടി പറയും എന്നെനിക്കറിയാം. പകലിന്റെ പുഷ്പമാണു താമര, താരയല്ലു് എങ്ങനെ നക്ഷത്രങ്ങളെ കാണാൻ കഴിയും? ആകാശത്തിലേക്കു നോക്കാൻമാത്രം ചെളിയിൽ ജനിച്ചവളാണെന്നു് നക്ഷത്രങ്ങളെ പകലിലും കണ്ടെത്താൻ കഴിയും. നിങ്ങളുടെ കണ്ണുകൾക്കു് എന്നെ കാണാൻ കഴിയും എനിക്കു് ആകാശത്തിലെ നക്ഷത്രങ്ങളെ കാണാൻ കഴിയും.

എനിക്കൊരു സഹോദരിയുണ്ടു്. രാത്രികാലത്തു് അവളെ ഞാൻ കിടക്കുന്ന ചെളിക്കുണ്ടിൽനിന്നു തൊഴുകൈയോടെ ഉയിർത്തുവരാറുണ്ടു്. അവളെ നിങ്ങൾ ആമ്പൽപ്പൂവെന്നാണു് വിളിക്കാറുള്ളതു്. ഞങ്ങളുടെ രണ്ടുപേരുടെയും ജന്മരഹസ്യങ്ങൾക്കു് തമ്മിൽ എന്തു വ്യത്യാസം? രാത്രിയും പകലും തമ്മിലെന്നു് തോന്നുന്ന മനുഷ്യർക്കു് ഗന്ധവും സൗന്ദര്യവും വേറിട്ടു വിചാരിക്കുന്ന മനുഷ്യർക്കു് ഞങ്ങളെ അകറ്റിനിർത്താൻ കഴിയും അവരുടെ ഭാവനയിലെ എത്രയോ മുകളിൽ ചെളിയിൽനിന്നു് പൊന്തി; ഇരുകിമറിയുന്ന വെള്ളത്തിൽക്കൂടി വളരുന്നു നിങ്ങളുടെയെല്ലാം പ്രീതിക്കുവേണ്ടി മുഖമായ കാട്ടി നിൽക്കുന്നു ഞങ്ങളെയും ഗംഭീരമായി പാടിക്കാൻ എന്തിനു് നിങ്ങൾ ശ്രമിക്കുന്നു?

അയ്യായിരം വർഷങ്ങൾക്കുമുമ്പു് ഒരു ബ്രാഹ്മണൻ എനിക്കു ഒരു മന്ത്രമുപദേശിച്ചു തന്നു:—

"തമസോമാ ജ്യോതിർഗമയാ."

ആ ബ്രാഹ്മണൻ ഇപ്പോഴും വിചാരിക്കുന്നുണ്ടു് അദ്ദേഹം എന്റെ കാതിൽ മന്ത്രിച്ചതുകൊണ്ടാണു് രാത്രിയുടെ ഇരുട്ടിൽനിന്നും പ്രഭാതത്തിൽ ഞാനെന്റെ നീണ്ട മിഴികളുമായി ഉണർന്നെഴുന്നേല്ക്കുന്നതെന്നു്.

അല്ലു; ഞാൻ എന്റെ മണ്ണുകാലുമായിട്ടു മെലിഞ്ഞ ശരീരവുമായി, ഇളകിമറിയുന്ന വെള്ളത്തിനിക്കുടി പിടഞ്ഞെഴുന്നേറ്റു പ്രഭാതത്തെ വന്ദിക്കുകയാണു്. രാത്രിയിൽ ഉറങ്ങുന്ന ബ്രാഹ്മണർക്കു രാത്രിയിലെ എന്റെ ദുഃഖം എങ്ങനെ അറിയാൻ കഴിയും?

"സവിതാവു്" എന്നൊരു വാക്കു് ആ ബ്രാഹ്മണന്റെ നാക്കിൽനിന്നു് ഞാൻ കേട്ടിട്ടുണ്ടു്. അതു് സൂര്യനാണെന്നു്; ഓരോ പ്രഭാതമയിൽനിന്നും അദ്ദേഹം എനിക്കു് പറഞ്ഞുതന്നിട്ടുണ്ടു് സവിതാവിനെ ആരാധിക്കാനുള്ള ഒരു മന്ത്രം അദ്ദേഹം ചൊല്ലി കേൾപ്പിച്ചിട്ടുണ്ടു്:—

"തത്സവിതുർവരേണ്യം
ഭർഗോദേവസ്യധീമഹി
ധിയോയോനഃ പ്രചോദയാത്."

ഇതു് പുലർച്ചയെ ബ്രാഹ്മണൻ വിളിച്ചുണർത്തുന്ന ഗായത്രി മന്ത്രമാണു്. അവിടെവെച്ചു് മനുഷ്യൻ ഉണർന്നെഴുന്നല്ലുണം, എന്ന ആഹ്വാനമാണീ ഗായത്രിയിലുള്ളതെങ്കിൽ എനിക്കുതിഷ്ടമാണു്, എന്റെ മിഴികളും എന്റെ ആത്മാവും വിടർന്നു് ഗായത്രി ജപിക്കുന്ന മനുഷ്യൻ കാണുമല്ലോ!

പക്ഷേ, അതല്ല നടക്കുന്നതു്. എത്ര സഹസ്രവർഷങ്ങളായി ഞാനീ മനുഷ്യരെ കാണുന്നു? ഗായത്രി ജപിക്കുന്നതു് സൂര്യപ്രകാശം പിറന്നദിവസവും വരണമെന്നുള്ള ആഗ്രഹംകൊണ്ടാണു് ഞാൻ ജീവിക്കുന്നതു് സൂര്യപ്രകാശംകൊണ്ടാണു്. എന്റെ സഹോദരി, ആമ്പൽപ്പൂവും ജീവിക്കുന്നതു് സൂര്യപ്രകാശത്തിൽനിന്നു് പ്രതിഷ്ഠനം കിട്ടിയിട്ടാണു് വേദവും ഉപനിഷത്തും എല്ലാം പഠിച്ചിട്ടുള്ള മനുഷ്യൻ ജീവിക്കുന്നതും സൂര്യപ്രകാശംകൊണ്ടാണു്. മനുഷ്യൻ മരിക്കുന്നതുപോലെതന്നെയും രാത്രിയുടെയും സന്തതികളായ ഞാനും എന്റെ സഹോദരിയും മരിക്കുന്നു. പക്ഷേ മനുഷ്യൻ നൂറിരുപതു് വർഷം ജീവിക്കണം ഞങ്ങൾക്കു മാത്രം നിങ്ങൾ അനുവദിച്ചിട്ടുള്ളതു് ഒരു ദിവസമാണു് — ഒരു ദിവസം മാത്രം — രണ്ടാമത്തെ ദിവസം എന്നെ ചുംബിച്ചിട്ടുള്ള ഏതു മനുഷ്യനുണ്ടു് നിങ്ങളുടെ മുമ്പിൽ? രണ്ടാമത്തെ ദിവസം എന്റെ രാത്രിയിലെ സഹോദരിയെ അന്വേഷിച്ചു് പോയിട്ടുള്ള ആരുണ്ടു് നിങ്ങളുടെ കൂട്ടത്തിൽ?

എന്റെ ശരീരം ആയിരം വലയങ്ങളുള്ള എന്റെ ശരീരം — ഇളകിമറിയുന്ന വെള്ളത്തിൽ കിടന്നുകൊണ്ടു ദുർബ്ബലമായ സമരം നടത്തുന്നു. അതു കൊണ്ടാണു് ഞാനിത്രയും വാചാലമായി സംസാരിച്ചുപോയതു്. എന്റെ ശരീരത്തിന്റെ ശ്രേഷ്ഠംകൊണ്ടു് കൂടുതൽ സംസാരിച്ചുപോയി നിങ്ങൾക്കും അതു സ്വഭാവമില്ലേ? ക്ഷയരോഗികൾ കൂടുതൽ വികാരം കാട്ടു

വൈക്കം ചന്ദ്രശേഖരൻനായർ

മെന്നു് എന്നെ ചുംബിച്ച ഒരു ഡോക്ടർ എന്നോടു് പറഞ്ഞു.

എനിക്കു് ആരോടെങ്കിലും കൃതജ്ഞതയുണ്ടെങ്കിൽ അതു് കർമ്മസാക്ഷിയായ സവിതാവിനോടാണു്. സൂര്യനോടു്. എന്റെ നിറം അദ്ദേഹത്തിന്റെ പൊലെയാണു്. നിങ്ങളുടെ കണ്ണുകളിൽ നിങ്ങൾ കണ്ടു് സൂക്ഷിച്ചു നോക്കൂ— നിങ്ങൾക്കു മുഖം നോക്കാൻ കണ്ണാടി എന്നൊരു സാധനമുണ്ടെന്നു് ഞാൻ കേട്ടിട്ടുണ്ടു്. സൂര്യനെ നോക്കി നിൽക്കുന്ന ഞാൻ എന്നെ കാണുന്നു സൂക്ഷിക്കുന്ന കണ്ണാടിയിലേക്കു നോക്കിയിട്ടില്ല. ഞാൻ ജനിച്ച വെള്ളത്തിലേക്കു്. കാരണം എനിക്കു് താഴത്തേക്കു നോക്കാൻ വയ്യാ. മുകളിലേക്കു് നോക്കാനറിയൂ. മണ്ണുകാലും മെലിഞ്ഞ ശരീരവുമുള്ള പാവപ്പെട്ടവർ കണ്ണാടിയും നിലക്കണ്ണാടിയും വാങ്ങി മുഖത്തിന്റെ ഭംഗി കണ്ടുപഠിക്കാൻ ശ്രമിക്കാറില്ല. അതു കൊണ്ടു് ഞാൻ മുകളിലേക്കു് നോക്കി നിൽക്കുന്നു. നിങ്ങളുടെ കണ്ണുകളിൽ ഉറുമ്പു് അരിച്ചു് കയറി

സ്നേഹം

കമലാദാസ്

ഉന്മാദമൊന്നതമോനിബിഡരാജ്യം
അതിൻെ്റ തീരങ്ങളിലെ–
നിശ്ശ്വാസശ്രേതങ്ങൾ
നിത്യാന്ധകാരനിബിഡങ്ങൾ
ഭഗമോഹത്തിൻെറ തരണിയിൽ
അവിടേ ചെന്നെത്തിയാലോ
അവിടത്തെ കാവൽപ്പട,–
നിങ്ങളുടെ ഉടുതുണികൂടി
ഉരിഞ്ഞുനീക്കാൻ, ഉടനെ–
ആജ്ഞാപിക്കുകയായി
പിന്നെ പച്ചച്ചമാംസവും
കടവിൽ അഡ്ഢകർകൂടിയും
അവിടേ ഒരേയൊരു നിയമം–
എന്തിൽ നിന്നുമുള്ള 'മോചനം'
എന്നാൽ, വിശന്നാൽ നിങ്ങളുടെ
ആത്മാവിനെക്കൂടിയവർ–
തിന്നെന്നിരിക്കും
എന്നാലാ തമോഗുഹയിൽ–
എന്നെങ്കിലുമെന്നപ്പെടുകയാണെങ്കിൽ
ഒരു കവും തിരികെപോരരുതേ.....
ഭയമായി– ഒരിക്കലും തിരികെ–
പോകരുതേ.....

പരിഭാഷ: ബി രാധികേന്ദ്രൻ

നമ്മെ ചെറിയ പാത്രം പോലുള്ള ഞരമ്പുകളുണ്ട് –ചുവന്ന ഞരമ്പുകൾ –എൻെറ നീർമിഴികളിലും അതുപോലുള്ള ഞരമ്പുകളുണ്ട്. സവിശേഷവൃത്തനപ്രകാശത്തിൽനിന്ന് നിഴൽനിറഞ്ഞ എനിക്കെൻ മിഴിക്കുള്ളിൽ ഒരേ തരത്തിലുള്ള ഞരമ്പുകൾ കിട്ടിയതെങ്ങനെയാണ്? ചോരയുടുത്തുനടക്കുന്നതുകൊണ്ടാണോ? ഉറച്ച തറയിൽക്കൂടി നടക്കേണ്ട നിങ്ങൾ മേഘംപോലെ ശ്വേതവുമായി വെള്ളത്തിൽ കിടന്നോ' ഇഴയുന്ന എന്നെപ്പറ്റി എന്താണ് പറയാനുള്ളത്?" എൻെറ മുഖമായ നില്ല താണെന്നോ, അല്ല? എൻെറ മുഖം നിങ്ങൾ ഇതളുകളാക്കി മാറ്റി കോവിലുകളിൽ പൂജക്ക് അർപ്പിക്കുമ്പോൾ ആ ദൈവം എന്നോട് മന്ത്രിക്കാറുണ്ട്:—

"മകളേ, നിന്നെ ഇവർ ഇങ്ങനെ നുള്ളിക്കീറിക്കളഞ്ഞല്ലോ. നിൻെറ മിഴികളിലെ ചോര ഞാനെൻെറ മനസ്സിലേക്ക് ഏറ്റെടുക്കുന്നു—"

ദൈവം വിചാരിച്ചാൽ നന്നാവാത്ത ഒരു സൃഷ്ടിയുണ്ട് — അതു് നിങ്ങളാണ്— മനുഷ്യർ. ഇറ്റലിയിൽ ഞാൻ താമസിച്ചിരുന്നു: വെനീസ് എന്ന മനോഹരമായ നഗരത്തിലെ ഏകാന്തമായ ഒരുദ്യാനം! ആ പ്രദേശത്തെല്ലാമായിത്തീ ഇടവപ്പാതിയിൽ ഒരു മനുഷ്യൻ ആ ഉദ്യാനത്തിലേക്ക് കടന്നുവന്നു. ചിതറിക്കിടക്കുന്ന തലമുടികൊണ്ടുപോലുള്ളമീശ, പ്ലാസ്റ്റർഓഫ്പാരീസ്കൊണ്ടു് ഏതോ വലിയ ശിൽപ്പിനിർമ്മിച്ചുവച്ചതുപോലെയുള്ള മുഖം, മുഷിഞ്ഞ ഉടുപ്പും കാൽശരായും. അദ്ദേഹം ആ ഉദ്യാനത്തേക്കെത്തിനോക്കുന്നു വന്നതാണു്.

ഞാൻ ചോദിച്ചു: "ആരു് ആരാണു്?"

"മാക്സിം ഗോർക്കി"— അദ്ദേഹം കനത്ത റഷ്യൻ ശൈലിയിൽ പേരായിച്ചു.

ആ സന്ധ്യയിൽ അദ്ദേഹം എന്നോടു മന്ത്രിച്ച ഒരു വാചകമുണ്ടു്.—

"മനുഷ്യർ. ഹാ! എത്ര മനോഹരമായ പദമാണെന്നു്!"

ഞാൻ ഒന്നും തിരുത്തുന്നില്ല. പ്രപഞ്ചം പടച്ചുണ്ടാക്കിയ ദൈവത്തിനു പോലും ഇഷ്ടപ്പെടാത്ത പൂജനടത്തുന്ന മനുഷ്യനെ വെറുതെ മുള്ള എന്തെങ്കിലും പദം കൊണ്ടു് വിശേഷിപ്പിക്കുന്നതു് ശരിയാണോ? ഗോർക്കി എന്ന മഹാപ്രതിഭാശാലി മനുഷ്യസ്നേഹിയായിരുന്നു. അദ്ദേഹം "The Song of the story Petral" എന്ന കവിത എഴുതിയതു് ആരെപ്പറ്റിയാണു്? പടർന്ന് കടലിനു മീതെ അഗാധമായ ആകാശത്തിലേക്ക് ചിറകടിച്ചു് പാഞ്ഞുപറക്കുന്ന പക്ഷിയാണു്. മാതൃമമ്മറെള്ളത്തിനുമീതെ നടക്കാൻ കഴിവുള്ള പക്ഷിയുണ്ടു്. ആ പക്ഷിയെപ്പറ്റി കവിത എഴുതിയതു് ആരെങ്കിലുമുണ്ടോ? അദ്ദേഹത്തിനു് മനുഷ്യഹൃദയത്തെപ്പറ്റി അത്യന്തങ്ങളിലേക്കു് കടന്നുചെല്ലാൻ കഴിയുമായിരുന്നതുകൊണ്ടാണു് മനുഷ്യൻ എന്നതു് മനോഹരമായ പദമാണെന്നു് എൻെറ മിഴികളിലേക്കു് നോക്കിച്ചു തന്നതു്.

ഞാനിന്നു് മരിച്ചുപോയാൽ എൻെറ നിബന്ധം കൊണ്ടല്ല. സന്ധ്യയായാൽ എല്ലാദിവസവും ഞാൻ മരിച്ചുപോകുന്നുണ്ടല്ലോ. പക്ഷേ; നിങ്ങളുടെ ഭയമില്ലാത്ത കണ്ണുകൾക്കാണു്, അന്ധവിശ്വാസമില്ലാത്ത മനസ്സിനാണു്, ഞാൻ മരിക്കുന്നതെന്നു കേൾക്കുമ്പോൾ എനിക്കു് വിഷമമുണ്ടു്. എൻെറ ഭാഗ്യമായ നവതാരു് പോലെ ഏതോ വിണ്ടുജീവിപ്പിക്കുന്നുണ്ടെങ്കിൽ എനിക്കു് കുറേ കാലം. കൂടി വിശ്വസുരസ്നേഹിയായിരുന്നു പറഞ്ഞു:

"എൻെറ ലക്ഷ്യം 4 × 10 ആം—"

എന്നിട്ടു് അദ്ദേഹത്തെക്കുറിച്ചു് എനിക്കു് മനസ്സിലാക്കുന്നു:—"നിരീശ്വരികളായ നമ്മുടെ കുട്ടികൾക്കു് അത്യുന്നതമായ സാന്ത്വനമായ എൻെറ ശരീരത്തിനും മനസ്സിനുമുള്ള. എനിക്കു് ഓരോ നിമിഷത്തിലും പ്രതിരോധിക്കേണ്ടുന്ന ഊർജ്ജം തന്നിട്ടു് മരിച്ചുമെന്നു് വിചാരിക്കുന്നു—"

എന്നെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുള്ള എല്ലാ കവികളോടും എനിക്കു് ബഹുമാനമുണ്ടു്. അങ്ങനെയുള്ളതിനെക്കുറിച്ചു് മേൽ എഴുതിയ കാര്യങ്ങൾ ഞാൻ പറഞ്ഞുവച്ചതു്. നമ്മുടെല്ലാം സൂര്യപ്രകാശത്തിൻെറ അനന്തസ്പന്ദത്തിലേക്കു് കിഴിഞ്ഞുപോകുമെന്നു് ഒന്നോർമ്മിപ്പിച്ചുതന്നു കവിയെന്നു് ഞാൻ സന്ധ്യകാലത്തെ എൻെറ മരണത്തിനുമുമ്പു് ഞാനൊരു കാര്യം കൂടി ഓർമ്മിപ്പിച്ചു. ഞാൻ വെളിച്ചത്തിൻെറ പുത്രിയൊന്നുമല്ല. ഇരുട്ടിൻെറ അഗാധതലത്തിൽ കിടക്കുന്ന ചെളിയിൽ നിന്നു് വന്നവളാണു്. അവിടേയും, ആ ചെളിയിലും എൻെറ നാഥനായ സർവ്വേശ്വരൻ എനിക്കു് വിളയാനും വളരാനും ഉള്ള ചൈതന്യം ചോർത്തുന്നു.

ഒരേ ഒരു മതഗ്രന്ഥത്തിൽ നിന്നു തന്നെയാണു് സകലതും ജീവനും ഉണ്ടായിവന്നതെന്നും എന്നെ തോലോലിപ്പിക്കുന്ന മനുഷ്യരായ നിങ്ങൾ ഓർമ്മിക്കാറുണ്ടോ? ഒടുവിൽ എനിക്കു് തെറ്റിപ്പോയി, നിങ്ങൾ ഭയങ്കരന്മാരായ കലാകാരന്മാരാണു്. അതിനിടയിൽ ഞാനീ പറഞ്ഞതെല്ലാം ഓർമ്മിക്കാൻ നിങ്ങൾക്കു് എവിടെ സമയം? □

NBS NEWS

നിവേദനമിദം

ശൈലജാനന്ദ മുഖോപാദ്ധ്യായ

അതിവാസികളുടെയും കലകരിത്തെഴിലാളികളുടേയും ജീവിതം പകർത്തിയ ആദ്യത്തെ വംഗ സാഹിത്യകാരനായ ഗ്രന്ഥകാരൻെറ പ്രശസ്തനോവൽ. വിവർത്തനം. വില 11 രൂ.

ഉദ്യോഗപർവ്വം

വൈക്കം ചന്ദ്രശേഖരൻ നായർ

തൊഴിലില്ലായ്മ എന്ന ദുർഭൂതത്തിൻെറ ക്രൂരത നഖശൂലികൾ കീറിപ്പറിയുന്ന നമ്മുടെ നാടിൻെറ മുഖം ചിത്രീകരിക്കുന്ന ഈ നാടകം പ്രേക്ഷകരെ ചിന്തിപ്പിക്കുകതന്നെ ചെയ്യും. വില 3-50.

സചിവപ്രതിജ്ഞ

വിവർത്തനം

ഡോ: എസ്. കെ. നായർ

കേരളത്തിൽ ഒരു കാലത്തു് ഏറെവു മധികം പ്രചാരമുണ്ടായിരുന്ന സംസ്കൃതനാടകമായ പ്രത്യജ്ഞായൗഗന്ധരായണത്തിൻെറ വിവർത്തനം. വില 3 രൂ.

വിഷാദപർവ്വം

ഗംഗാധരൻ താഴുത്ത്

പ്രേതത്തിൻെറ മുടലവും ദുഃഖാത്മകവുമായ രാഗങ്ങളെ മനോജ്ഞമായാവിഷ്കരിച്ചിട്ടുള്ള ഒരു നോവൽ. വില 4 50.

നാഷനൽ ബുക്സ്റ്റാൾ

കോട്ടയം, തിരുവനന്തപുരം, എറണാകുളം തൃശ്ശൂർ, പാലക്കാടു്, കണ്ണൂർ, കൊല്ലം, കോഴിക്കോടു്, ആലപ്പുഴ.

നോവൽ: ഇരുപത്തിയേഴ്

വിലങ്ങുകളുടെ വീട്

എൻ. കൃഷ്ണൻനായർ

"ഇവന്റെ ഹൃദയത്തിനാണോ തകരാറു?"

"ഞാനൊരു സുഹൃത്തിനെ സഹികരിക്കാൻ വന്നതാണു്. ഡി പൊളേ്യാ. ഇനി ഒരു വർഷം സ്റ്റോറിലെ ടെയിനിംഗല്ലേ...? ഞാൻ വല്ലപ്പോഴും വരാം. ബോറടിക്കാൻ.—"

ഗോപി റയിൽവേസ്റ്റേഷനിലെ തിരക്കിനുള്ളിൽ മറഞ്ഞു.

പോലീസ് ടെയ നിംഗ് കോളജിലെ പരിശീലനം, കഴിഞ്ഞു് രഘു കേഴിക്കോട്ടെത്തി. കോൺസ്റ്റബിൾ മുതലുള്ള പോലീസുദ്യോഗസ്ഥന്മാരുടെ ജോലികൾ പഠിക്കണം. മൗണ്ടു് ആബു വിൽ പഠിച്ചതു് മിക്കവാറുമുപയോഗമില്ലാത്തതാണെന്നു് മനസ്സിലായതു് അക്കാലത്താണു്.

ഏട്ടിലെ പശു പുല്ലു തിന്നുകയില്ല. നേരിട്ടു കണ്ടു പഠിക്കണം."

'ഒഴുക്കിനെതിരെ നീന്തരുതു്.' 'ഇൻഡിപ്പെൻഡന്റു് അങ്ങു നിനക്കിക്കൊടുക്കുമെന്നൊന്നും തെറ്റിദ്ധരിക്കണ്ട'

'ആരു ഭരിച്ചാലും ശരി, ഭരണാധികാരികളെ പിണക്കരുതു്."

"നടക്കില്ല" തിരുവനന്തപുരത്തു വച്ചിട്ടല്ലേ പോന്നതു്? മുപ്പത്തിയഞ്ചു വർഷം കഴിഞ്ഞു് പെൻഷൻ പറ്റുമ്പോൾ ഞാനൊരു തരക്കേടില്ലാതെ വീണ്ടും ഫാറം ചെയ്താൽ മതി"

പരിചയസമ്പന്നനായ ആ മേലുദ്യോഗസ്ഥന്റെ ഉപദേശം സഹികെട്ടാൽപ്പോലും നടപ്പില്ലെന്നു് ആവശ്യമുണ്ടായിരുന്നു.

മേലുദ്യോഗസ്ഥനല്ലേ? അവഗണിക്കാത്തതൊന്നും പറയരുതല്ലോ!

"ശാസ്ത്രീയമായി കുറ്റാന്വേഷണം നടത്തുന്നതിനെപ്പറ്റിയൊക്കെ ധാരാളം പഠിച്ചിട്ടല്ലേ? അതൊക്കെയങ്ങു മറന്നേയ്ക്കൂ. കയ്യുകെട്ടുതാണു് ശാസ്ത്രത്തിന്റെ അടിസ്ഥാനം. കുറ്റങ്ങൾ തെളിച്ചുണ്ടാക്കുന്നതിൽ!!"

പ്രിജ്ഞാനബിന്ദുക്കൾ അനാവൃതം ഇറുവീഴാതെ കൊണ്ടിരുന്നു. രഘു, അവയെയൊക്കെ നുണഞ്ഞിറക്കുന്നതായി അഭിനയിച്ചു:

രഘു, ഒരു കോൺസ്റ്റബിൾ ചെയ്യേണ്ട ജോലികൾ ചെയ്യു. അതൊക്കെ പോരേ?

"സാധാരണ സാൺസ് നടത്താനും ട്രാഫിക് വ്യവസ്ഥ ചെയ്യാനുമൊക്കെ പോകണമല്ലോ?"

ചില സബ്ജിൻസ്പെക്ടർമാർ ചോദിച്ചു. "അത്രയുള്ള ബുദ്ധിമുട്ടെന്തിനാണെന്നും മനസ്സിലാക്കണ്ടേ?"

രഘു ഒഴുക്കൻ മട്ടിൽ മറുപടി പറഞ്ഞു. ബുദ്ധിമുട്ടുകൾ മാത്രമല്ല, ചിലർ ചെയ്യാറുള്ള വൃത്തികേടുകളും കള്ളത്തരങ്ങളും മനസ്സിലാക്കി.

പുതിയ പാഠങ്ങൾ!

പല പോലീസുദ്യോഗസ്ഥന്മാരും ജീവിക്കുന്നതു് എത്ര ദയനീയമായ സാഹചര്യങ്ങളിലാണെന്ന ഞെട്ടിപ്പിക്കുന്ന അവബോധം രഘുവിനു് ഉണ്ടായി. അവരോടു് എന്തെന്നില്ലാത്ത സഹതാപം തോന്നി.

എട്ടും പത്തും കുട്ടികളുമായി ഒരു ചെറിയ മുറിക്കുള്ളിൽ കഴിഞ്ഞുകൂടുക. പലരും കൈക്കൂലി വാങ്ങുകയല്ല; വാങ്ങിക്കാൻ നിർബ്ബന്ധിതരായി പ്പോവുകയല്ലേയെന്നു് സംശയം തോന്നി—തന്നേറയും കുടുംബാംഗങ്ങളുടേയും ജീവൻ നിലനിർത്താൻ അർപ്പണമനോഭാവത്തോടുകൂടി, കൈകളിൽ അല്പവും കളങ്കം പറ്റാതെ ജോലി ചെയ്യുന്ന പല പോലീസുദ്യോഗസ്ഥന്മാരേയും രഘു കൂട്ടത്തിൽ കണ്ടു.

"മനഃശ്ചാപല്യമുള്ള ഒരു എ. പി. എസ്സ്" ഉദ്യോഗസ്ഥൻ.

"മറ്റുള്ളവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന പോലീസുദ്യോഗസ്ഥൻ."

"സ്വന്തം വേരുകളെപ്പറ്റി എപ്പോഴും ബോധവാൻ?"

രഘുവിനെ സഹപ്രവർത്തകരും നാട്ടുകാരും വിലയിരുത്തിയതു് അങ്ങനെയായിരുന്നു.

എല്ലാർക്കും പ്രിയംകരൻ, രഘു പൊതുജനങ്ങളുമായി ഇടപഴകി. പലർക്കും അതിഷ്ടപ്പെട്ടില്ല.

"ചീപ്പു് പോപ്പുലാരിറ്റിക്കു വേണ്ടിയുള്ള ശ്രമം."

"ജനതാ ഐ. പി. എസ്സ്". ആഫീസർ."

ചില ഐ പി. എസ്സ്. ആഫീസർമാർതന്നെ അയാളെ പുച്ഛിച്ചു.



ക്കുട്ടി അതു വകവെച്ചില്ല. താൻ ജനങ്ങളുടെ ദാസനാണു്. തനിൽ നിക്ഷിപ്തമായ കർത്തവ്യം കൃത്യമായി നിർവഹിക്കേണ്ടതാണു്"

അവസരം കിട്ടിയപ്പോഴെല്ലാം മല്ലു സ്കൂളുകളിലും കോളേജുകളിലും സാഹിത്യസമ്മേളനങ്ങളിലും മറ്റും പ്രസംഗിച്ചു. ജനങ്ങൾ അതു ഏറ്റുപറഞ്ഞു.

പോലീസാഫീസർ പ്രസംഗകനായുള്ള "ലത്തീക്ക പകരം വാക്കുകൾകൊണ്ടുള്ള "ലാത്തി".

"നിങ്ങൾ ഒരു പള്ളിക്കൂടം വാദ്ധ്യാരല്ല; ഐ. പി എസ്സ് ആഫീസറാണു്. അതുമറക്കരുതു്, ഡോണ്ടു് ബിക്കം ചീപ്."

ജില്ലാ പോലീസ് മേധാവിയുടെ വാക്കുകൾ കേട്ടപ്പോൾ രക്തം തിളച്ചു.

"ഞാൻ ചീപ് പോപ്പുലാരിറ്റി നേടാൻ ശ്രമിക്കയല്ല. നിങ്ങളെപ്പോലെയുള്ളവർ, പോലീസിനെപ്പറ്റി പൊതുജനങ്ങളുടെയിടയിൽ സൃഷ്ടിച്ചിട്ടുള്ള "ഇമേജ്" ഉണ്ടല്ലോ; അതെന്നു മാച്ചുകളയാൻ എളിയതിതായിൽ ശ്രമിക്കുക മാത്രമാണു ഞാൻ."

നിയന്ത്രിക്കാൻ കഴിയാതെ പറഞ്ഞുപോയതാണു്; പ്രസംഗശൈലിയിൽത്തന്നെ.

"ഡോണ്ടു് ബി ഇംപെർട്ടിനന്റ്!"

ആ നമച്ച മീശ വിറച്ചു.

"എക്സ്ക്യൂസ് മി, സർ."

ഒരു മാസം പോലീസ്സ്റ്റേഷനിലെ ചാർജ്ജു് വഹിക്കണം — പരിശീലനത്തിന്റെ ഒരു ഭാഗമാണതു്.

മല്ലു. രാവിലെ കൃത്യം ആറരണിക്കു് സ്റ്റേഷനിലെത്തും. ഫൊർക്കൻസ്സുബ്രഹ്മണ്യം കോൺസ്റ്റബിൾമാരും മുറുമുറുത്തു തുടങ്ങി.

മല്ലുവിന്റെ പ്രഭാതനിരീക്ഷണം പോലീസ്സ്റ്റേഷനിലാണു്.

ഒന്നാംതീയതി ഞായറാഴ്ചയായിരുന്നു. രണ്ടാംതീയതി വൈകുന്നേരം ശമ്പളം കിട്ടി. "കമർഷ്യൽ കഫേ"യിലെ ചുറുചുറുക്കുള്ള പയ്യൻ വൈകുന്നേരം ചായയുമായി വന്നപ്പോൾ മല്ലു പറഞ്ഞു.

"പോയി കഴിഞ്ഞമാസത്തെ ബില്ലുകൊണ്ടുവരൂ."

കാര്യമെന്തെന്നു മനസ്സിലാകാതെ പയ്യൻ അല്പസമയം അറച്ചുനിന്നു.

"കഴിഞ്ഞമാസം ഞാൻ തരാനുള്ള രൂപ എത്രയെന്നു് കറിച്ചു വാങ്ങിക്കൊണ്ടുവരൂ."

വെറ്റുടെ മുഖം വാടലിൽ പ്രത്യക്ഷപ്പെട്ടു.

"അക്കൗണ്ടു് ഇന്നലെ തീർത്തു, സർ."

"അതെങ്ങനെ? ഞാനെ രൂപ കൊടുത്തയച്ചില്ലല്ലോ."

വൈറ്റ് ക്ലീറസ് തല ചൊറിഞ്ഞു.

"അതുദ്യോഗസ്ഥൻ പതിവു്."

"എങ്ങനെ?"

"എസ്സ്. ഐ അദ്ദേഹത്തിനും പരിശ്രമത്തിനുള്ള വേതനമായിട്ടെന്തെങ്കിലും അക്കൗണ്ടാ. അതു് ഒന്നാംതീയതി കൃത്യമായി ക്ലീറസ് തീർത്തോളും."

"അതെങ്ങനെ?"

"അല്ലാ ചില്ലറ പ്രതിവുണ്ടു് — പതിവു്. മാസം പത്തു മുന്നൂറു കിട്ടും. യോഗമനുഭവിക്കുമ്പോൾ അഞ്ഞൂറും കിട്ടും. ഈ സ്റ്റേഷൻ കൊണ്ടിയപ്പോഴൊന്നുമതുള്ള വഴക്കമാ."

എന്നിട്ടും മല്ലുവിനു് കാര്യം വ്യക്തമായില്ല. പുലിവാലുപിടിച്ചോ എന്നു് ക്ലീറസ് സംശയിച്ചു. മുഖഭാവം അതു വ്യക്തമാക്കി. അറച്ചറച്ചു് കാര്യങ്ങൾ പറഞ്ഞു.

കള്ളവാറുകാരും വ്യഭിചാരശാലകൾ നടത്തുന്നവരും ചില വലിയ "ഫ്ലീറസ് ഓപ്പറേറർ"മാരും എല്ലാമാസവും ഒന്നാംതീയതിതന്നെ സ്റ്റേഷനിൽ എത്തിക്കാറുണ്ടു്. വെറ്റാണു്, ട്രഷറർ. "കമർഷ്യൽ കഫേ"യിലെ അക്കൗണ്ടു് തീർത്തുകഴിഞ്ഞാൽ, ഇരുപത്തഞ്ചുശതമാനം വെറ്റുക്കു്! ഇരുപത്തിയഞ്ചുശതമാനത്തോളം വേണ്ടിവരും ഡി. വൈ. എസ്സ്. എമാന്റെ മാസച്ചിട്ടിക്കു് തവണയടച്ചു തീർന്നു; പിന്നെ, എസ്സ്. ഐ. അദ്ദേഹത്തിനു്..."

മല്ലുവിന്റെ തല കറങ്ങി. ഒന്നും പറഞ്ഞില്ല ക്ലീറസ് സലാംചെയ്തു പുറത്തിറങ്ങി.

"സെന്റിട്!"

മല്ലു വിളിച്ചു.

എന്തിനാണു വിളിച്ചതെന്നു് മല്ലുവിനുതന്നെ നിശ്ചയമില്ലായിരുന്നു.

"അയാളെപ്പോ ചായക്കടയിലേയ്ക്കു പോണതു കണ്ടു."

(ശേഷം 50-ൽ)

"അല്ല. നമ്മുടെ കരാർപത്രം മുദ്രക്കടലാസ്സിൽ എഴുതി റജിസ്റ്റർചെയ്തതായിരുന്നല്ലോ വർത്തമാനം. തോന്നുമ്പോൾ ഞാൻ പെണ്ണുകെട്ടും അതിനു് ഉഷയുടെ സമ്മതമൊന്നും വേണ്ട"

"സമ്മതം വേണ്ടേ?"

"വേണ്ട"

"നോക്കിക്കോ. കല്യാണദിവസം ഞാൻ കൊടുപിടിച്ചു് സമരംചെയ്യും. എന്നെ ഭർത്താവിനെ എനിക്കു് വിട്ടുതരിക.

ഇങ്കുലാബു്, സിന്ദാബാദു്"

അന്നു് ഞങ്ങൾ കുറേയേറെ ചിരിച്ചു. കുറേയേറെ.

"ഇപ്പോഴിതു കരയാനാണു് മോഹനേട്ടാ"

"ആരു്, ഞാനോ നീയോ?"

നോവൽ; അഞ്ചു

"നമ്മൾ രണ്ടുപേരും"

ബസ്സ്റ്റാന്റിലേക്കു് നടക്കുമ്പോൾ മോഹനേട്ടൻ പറഞ്ഞു

"അടുത്തതവണവരുമ്പോൾ ഉഷ എന്റെകൂടെ വരണം"

"എന്തിനാ?"

"അമ്മയ്ക്കു് കാണാൻ അന്നു ചോദിക്കണം നീയെന്താണവളെക്കൊണ്ടുവരാത്തതെന്നു്. അന്നു് നീ നല്ല മരുമകളായിട്ടഭിനയിക്കണം."

"എനിക്കഭിനയമൊന്നും അറിഞ്ഞുകൂടാ."

എങ്കുലവ്യൻ

"പിന്നെ എന്നിക്കാണൊ അറിയാ"

ബസ്സിലിരുന്നു് യാത്രചോദിക്കുമ്പോൾ മോഹനേട്ടൻ മനസ്സിലുടെ ഓർത്തിട്ടുചിച്ചു.

"മറക്കല്ലെ വരുന്നതിയ്യതി കാണിച്ചു് കത്തയയ്ക്കണം കോഴിക്കോട്ടെ ട്രാൻസ്പോർട്ടു് ബസ്സുസ്റ്റാന്റിൽ ഞാൻ കാത്തിരിക്കാം."

താൻ അങ്ങിനെയാകട്ടെയെന്ന മട്ടിൽ തലയാട്ടി ചിരിച്ചുകൊണ്ടു് യാത്ര പറഞ്ഞു.

അവസാനത്തെ യാത്രചോദിക്കലും വിപോയതുമായിരുന്നു

ഒരു ദിവസം ഒരു കവർ കിട്ടി. ക്ഷണത്തിൽ പൊട്ടിച്ചു. അപരിചിതമായ കൈപട. ഇതുമാത്രം എഴുതിയിരുന്നു. ഈ കത്തു കിട്ടിയാൽ ഉടൻ കോഴിക്കോട്ടു് മെഡിക്കൽ കോളേജിൽ, എമർജൻസി വാർഡിൽ എത്തിച്ചേരണം. ഒട്ടും വൈകിക്കരുതു്. ശേഷം മുഖദാവിൽ — അങ്ങനെ പരിശുദ്ധമായി. ഒന്നും വ്യക്തമല്ല. ആ അവ്യക്തതയാണു് മനസ്സിനു് സംഭ്രമം ഉളവാക്കുന്നതു്. ഇടവും വലവും നോക്കാൻ പോയില്ല. വീട്ടിൽ കളവു് പറഞ്ഞു. ഒരു സുഹൃത്തിന്റെ കല്യാണത്തിനു് പോകുകയാണെന്നു്. ഓഫീസിൽ ഒരു ദിവസത്തെ കാഷ്വൽ ലീവിനെഴുതിക്കൊടുത്തു് ആദ്യം കണ്ട ബസ്സിൽ കയറി.

ടൗൺബസ്സിൽനിന്നു് മെഡിക്കൽ കോ

ളേജിന്റെ സമീപത്തെത്തിയപ്പോൾ, ശരീരം വിറയ്ക്കുകയായിരുന്നു. ധൃതിയിൽ നടന്നു. ആരോടോ എന്തെന്നോ ചോദിച്ചറിഞ്ഞു് എമർജൻസി വാർഡിലെത്തി.

ഒന്നു നോക്കിയുള്ളു. അവിടെവിട്ടുപോയി. മനസ്സിന്റെ സമനിലയ്ക്കു വിലങ്ങുവീണപ്പോൾ പൊട്ടിക്കരഞ്ഞു. കരച്ചിലെന്നു് നേഴ്സു് വിലക്കി. കരച്ചിൽ അടക്കിപിടിച്ചു് മോഹനേട്ടന്റെ അടുത്തേക്കു് ചെന്നു. എന്റെ മോഹനേട്ടൻ, എന്റെ പ്രിയ മോഹനേട്ടന്റെ സംസാരിക്കാനാകാതെ, ആഹാരം കഴിക്കാൻ കഴിയാതെ മുഖമൊക്കെ കുഴിഞ്ഞുകിടക്കുന്നു. എന്റെ നേരെ എന്റെ പ്രിയൻ ഒന്നനിയതായി നോ

ക്കി. എനിക്കാരുടെയും സംസാരിക്കാൻ വെമ്പുന്നതായി തോന്നി. നാസികാദ്വാരങ്ങൾ വികസിക്കുന്നു, കണ്ണുകൾ നിറയുന്നു, ചുണ്ടുകൾ പതുക്കെ വിതുമ്പുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ ദുഃഖം പതഞ്ഞുപൊങ്ങുകയാണെന്ന് മനസ്സിലായി.

അദ്ദേഹത്തിന്റെ ചുരുണ്ട തലമുടിയിൽ വാത്സല്യത്തോടെ തലോടിക്കൊണ്ട് സാന്ത്വനപ്പെടുത്തി "മനസമില്ല എന്റെ മോഹനേട്ടന് മനസമില്ല" കണ്ണുമിറുന്നുണ്ടായിരുന്നു. അദ്ദേഹം പതുക്കെ തലയാട്ടി എന്റെ നേരെതന്നെ നോക്കി കിടന്നു.

എന്നെ മറക്കു, നിത്യമായി മറക്കു ഉഷേ... ഞാൻ പോകുകയാണു". എന്നു പറഞ്ഞുമുഴുമിപ്പിക്കാൻ — എനിക്ക് നന്നെ ക്ഷീണമുണ്ട് ഉഷയെ നിനക്ക് വേണ്ടി സംവത്സരങ്ങൾ കാത്തിരിക്കാൻ കഴിഞ്ഞില്ല. അതിനു മുമ്പെ എനിക്ക് പോകാനുള്ള കല്പന കിട്ടി. നീ ദുഃഖിക്കരുതു. ഒരിക്കലും ദുഃഖിക്കരുതു. എന്നെ മറക്കു. കാലം എന്നെ വിസ്മരിക്കാൻ നിനക്കു ശക്തി നൽകും. അന്നു ഒരു ചെറുപ്പക്കാരനെ നീ വിവാഹം കഴിക്കണം. ഞാൻ പറഞ്ഞതുപോലെ രണ്ടു മക്കളല്ല, ചുരുങ്ങിയതു പത്തുമക്കളെയെങ്കിലും നീ പ്രസവിക്കണം. കേട്ടോ ഞാൻ പറഞ്ഞതു് നീ കേട്ടോ പത്തുമക്കൾ.

അദ്ദേഹത്തിന്റെ കവിളുകളിലൂടെ കണ്ണുനീർ ധാരധാരയായി പ്രവഹിക്കാൻ തുടങ്ങി. ആ കണ്ണുനീർച്ചാലുകളെ തുടച്ചുകളഞ്ഞു് ഞാൻ വീണ്ടും വീണ്ടും വൃഥാവിൽ സാന്ത്വനപ്പെടുത്തിക്കൊണ്ടിരുന്നു.

മൂന്നാം നാൾ, ഞാനൊരുത്തി മാത്രമേ ആ മുറിയിലുണ്ടായിരുന്നുള്ളൂ. ഞാനാരാണെന്നു് മോഹനേട്ടന്റെ ബന്ധുക്കൾ മനസ്സിലാക്കിയും മനസ്സിലാക്കാതെയും ചോദിച്ചുനോക്കുന്നുണ്ടായിരുന്നു. ഞാനവരോടു് ഒട്ടും ഒളിച്ചുവയ്ക്കാതെ ധൈര്യമായിട്ടു് പറഞ്ഞു ഞാൻ മോഹനേട്ടനെ സ്നേഹിക്കുന്നവളാണു്. ഞങ്ങൾ പരസ്പരം വിവാഹം ചെയ്യാമെന്നു് വാഗ്ദത്തം ചെയ്തവരാണു്. ദൈവത്തിനെയോർത്തു്, എന്നെ അദ്ദേഹത്തെ ശ്രുശ്രൂഷിക്കാൻ അനുവദിക്കണം. അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ നിമിഷങ്ങളിൽ കൂട്ടായി, ഉണയായി ഇരിക്കാൻ സദയം അനുവദിക്കണം. ആരും എന്നോടു് എതിർപ്പു് പ്രകടിപ്പിച്ചില്ല. പ്രകടിപ്പിക്കേണ്ടതായ സാഹചര്യവും ഉണ്ടായിരുന്നില്ല. മോഹനേട്ടനും ഞാനുമുള്ള ജീവിതം കേവലം ഏതാനും ദിവസങ്ങളുടെയാണെന്നു് എവർക്കും അറിയാമായിരുന്നു.

മോഹനേട്ടനും ഞാനും മാറ്റാരുടെയും പ്രേക്ഷകരായിരുന്നില്ല. അവർ ഞങ്ങളുടെ ലോകത്തിൽ ഇടപെടുകയോ, ഞങ്ങളുടെ സ്വകാര്യതകളിലേക്കു് എത്തിനോക്കുകയോ ചെയ്തില്ല.

അദ്ദേഹത്തിന്റെ തലമുടിയിഴകളിൽ വിരലോടിച്ചുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ കവിളുകളിൽ തലോടുമ്പോൾ, ഞാൻ ഒരു ഭാര്യയുടെ സ്വകാര്യതകളിലേക്കു് കടന്നുചെല്ലുകയായിരുന്നു. അദ്ദേഹത്തിന്റെ ചുണ്ടുകളിൽ ചുണ്ടുകൾ ചേർത്തുവയ്ക്കുമ്പോൾ, ഞാൻ ഒരു ഭാര്യയുടെ ആനന്ദത്തിന്റെ ഉന്മാദലഹരിയിലേക്കു് ഉയർന്നുപൊങ്ങുകയായിരുന്നു. ഞാൻ അക്ഷരാർത്ഥത്തിൽ ഒരു ഭാര്യയായിരുന്നു.

മോഹനേട്ടന്റെ ആരെയോ നോക്കുന്നതുപോലെ, പ്രതീക്ഷിക്കുന്നതുപോലെ, വാതിൽക്കലേക്കു് ദൃഷ്ടിയുറപ്പിച്ചു കിടന്നു. അദ്ദേഹത്തിന്റെ മുഖം ഇടക്കു് ദീനമാകുകയും ഇടക്കു് പ്രസന്നമാകുകയും ചെയ്തിരുന്നു.

ഞാനവരുടെ പ്രിയതരമായ ഓർമ്മകളിൽ കാണുകയായിരുന്നു. മരണത്തിന്റെ കൊടുംശൈത്യം അദ്ദേഹത്തെ ബാധിച്ചുകഴിഞ്ഞിരുന്നു.

പ്രിയപ്പെട്ടവരെ കാണാതിരിക്കാനും ഓർമ്മയുണ്ടാകാതിരിക്കുവാനുമെന്നോണം, കണ്ണുകളിൽ, കട്ടിയായ ഇരുളിന്റെ കറുത്ത കരിമ്പടം ഒരോ വലിച്ചിട്ടുകഴിഞ്ഞിരുന്നു.

ഓർമ്മ നശിക്കുകയും കാഴ്ച നശിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ തലക്കൽ ഇരുന്നുകൊണ്ടു് ഞാനും അമ്മയും നോക്കിയിരിക്കവെ, എന്റെ മോഹനേട്ടൻ, എന്റെ ആത്മവല്ലഭന്റെ എന്റെ പ്രിയസ്നേഹിതൻ, ക്രൂര

മായ ലോകത്തോടും, ഞങ്ങളോടും ഒരക്ഷരം സംസാരിക്കാതെ, ഒരടയാളംപോലും കാണിക്കാതെ യാത്രപറഞ്ഞുപോയി....

ഇന്നോർക്കുവാൻപോലും വയ്യ. കാലം ദുഃഖത്തെ ശമിപ്പിക്കുമെന്നും ക്രമണ ഇല്ലാതാക്കുമെന്നും കേൾക്കാറുണ്ട്. എന്റെ ദുഃഖം ഇന്നും എന്റെ നിത്യ ദുഃഖമായിത്തന്നിൽനിൽക്കുന്നു.

പോയതിന്റെ രണ്ടാം പക്കമാണ് വീട്ടിലേയ്ക്ക് മടങ്ങിവന്നത്. ഒരു കൊച്ചു റേഡിയോ പ്രതീക്ഷിച്ചിരുന്നു. അതിനെ നേരിടാനുള്ളതൊക്കെ മനക്കരുത്തും ആർജ്ജിച്ചു മിരുന്നു.

"കഴിഞ്ഞ രണ്ടു ദിവസമായി നീയെവിടെയായിരുന്നു?" അമ്മയുടെ അട്ടഹാസം

ദുഃഖം നിറഞ്ഞു നില്ക്കുന്ന എന്റെ കണ്ണുകളിലേക്ക് ഉറുനോക്കി അമ്മാ. ഈ ഉലഞ്ഞതും മുഷിഞ്ഞതുമായ വസ്ത്രം, അലസമായി കിടക്കുന്ന തലമുടി, കണ്ണീർ ചാലുകൾ വറ്റിയ കവിൾത്തടങ്ങൾ, നിങ്ങൾക്കിതൊന്നും മനസ്സിലാകുന്നില്ല. എന്റെ പ്രിയൻ പോയി. അതിന്റെ ദുഃഖസൂചകമാണിത്. നിങ്ങളെ കാണിയ്ക്കാനല്ല മാലോകരെകാണിയ്ക്കാനല്ല ദുഃഖത്തിനുപകരം ദുഃഖം മാത്രം പകരം നല്കികൊണ്ടാണ് മടങ്ങിവരുന്നത്. നിങ്ങൾക്കിതൊന്നും മനസ്സിലാകുകയില്ല. നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ എന്നെങ്കിലും സ്നേഹിച്ചിട്ടുണ്ടോ? മക്കളെ സ്നേഹിച്ചിട്ടുണ്ടോ? സ്നേഹമെന്ന പരിപാവനമായ വികാരം എന്തെന്ന്പോലും നിങ്ങൾക്കറിയുമോ? ഈ വീട് സ്വന്തം മക്കൾക്കൊരു നെടുങ്കോട്ടയും രോഗിയായ ഭർത്താവിന് ഒരു തടവറയുമാക്കിത്തീർത്തിരിക്കുകയല്ലെ നിങ്ങൾ.!

"ഉഷയോടാണ് ചോദിക്കുന്നത്. കഴിഞ്ഞ രണ്ടു ദിവസങ്ങളായി എവിടെയായിരുന്നു?"

തന്റെ മൌനം അമ്മയെ വല്ലാതെ ചൊടിപ്പിച്ചിരുന്നു.

വാതിൽക്കൽ കൈകുത്തി, വഴിമുട്ടിനിൽക്കുന്ന അമ്മയോട് അപേക്ഷിച്ചു

"ഞാൻ അകത്തേക്ക് കടക്കട്ടെ."

"അകത്തേക്കോ, നീയോ? എന്റെ ചോദ്യം നീ കേട്ടുവോ?"

"ഉവ്വ്"

"അതിന്റെ മറുപടി—?"

"അമ്മക്കറിയണമോ?"

മറുചോദ്യം.

"എങ്കിൽ ഞാൻ പറയാം. എന്റെ ഭർത്താവിന്റെ മരണക്കിടക്കയുടെ സമീപത്തായിരുന്നു ഞാൻ. കാൻസർപിടിച്ചു മരിക്കാറായ അദ്ദേഹത്തെ രാപ്പകലില്ലാതെ വിശ്രമമെന്തന്നറിയാതെ, ഉറങ്ങാതെ ഞാൻ ശ്രുശ്രൂഷിച്ചു. ഒടുവിൽ അദ്ദേഹത്തെ യാത്രയാക്കി ഞാൻ മടങ്ങിവന്ന രീകൃാണ്. ഇതിലും കൂടുതൽ വല്ലതും അറിയണമോ അമ്മക്ക്?"

അമ്മതന്നെ ആപാദചൂഡം നോക്കി. പരിഹസിക്കുകയെന്നോണം, പുച്ഛത്തോടെ ചോദിച്ചു.

"ഓഹോ, അപ്പോൾ ഗാന്ധർവ്വ വിവാഹവും വൈധവ്യവും ഒപ്പമായി, കഷ്ടമായല്ലൊ."

"ഗാന്ധർവ്വ വിവാഹം. നിങ്ങളെല്ലാ അതിന്റെ കാരണക്കാരി. ആളുകൾ കയറിവരാൻ ഈ വീട് ഹോട്ടലാണോയെന്ന് ചോദിച്ചതും നിങ്ങളായിരുന്നു. അല്ലെ?"

മറുപടിയില്ല. അപമാനമോ, ദുഃഖമോ പകയോ, എന്തെന്നറിയാത്ത വികാരം തന്നെ അടിച്ചമർത്തുകയായിരുന്നു.

"പിന്നെ, ഞാൻ വിധവയായതിൽ നിങ്ങൾക്ക് സന്തോഷമെയുണ്ടാകൂ. ഇനി എനിക്ക് അകത്തേയ്ക്ക് കടക്കാൻ വഴി തരുമൊ?"

അമ്മ വാതിൽക്കൽ നിന്ന് വഴിമാറി നിന്നു.

അന്ന് മുതൽ അമ്മയും താനുമായുള്ള സംസാരം വളരെ കുറഞ്ഞു. ക്രൂരവും നികൃഷ്ടവുമായ ഒരു മനസ്ഥിതിക്കാരിത്തിയായ് സംസാരിക്കാൻ പോലും മനസ്സനുവദിച്ചില്ല.

ഇന്നു്, ഈ ദിവസം വേണ്ടെങ്കിൽ അമ്മയോട് തർക്കിച്ചു ചോദിയ്ക്കാം. രോഗക്കിടക്കയിലുള്ള അവശനായ ഒന്നിളകാൻ പോലും പരസഹായം വേണ്ട സ്വന്തം ഭർത്താവിനെ ഒറ്റയ്ക്കിട്ട് നിങ്ങൾ ഇന്ന് പാൽ മുഴുവനും എവിടെയായിരുന്നു? ആരെ കാണാൻ പോയതായിരുന്നു. എന്തിനു് ചോദിയ്ക്കണം അതിന്റെ ആവശ്യമില്ല.

പെട്ടെന്നെന്നെ അടഞ്ഞു കിടന്നിരുന്ന വാതിൽ തള്ളി തുറന്നുകൊണ്ട് രാധ കടന്നു വന്നു.

"അല്ലാ, ചേച്ചി സന്ധ്യയ്ക്ക് വിളക്ക് വെയ്ക്കുന്ന നേരത്തു് കിടന്നുറങ്ങുകയാണോ?"

എഴുന്നേറ്റിരുന്നു് അഴിഞ്ഞു കിടന്നിരുന്ന മുടി കെട്ടിക്കൊണ്ടു ചോദിച്ചു.

"നീ എപ്പോഴാ വന്നത്?"

"ഇപ്പം സപ്പറും കഴിഞ്ഞു."

"ങ്ഹും എന്തു പറ്റി?"

"കോളേജ് ഡേ'ടെ വരുന്നത്. ഡ്രാമാ റിഹേഴ്സലായിരുന്നു."

'നീതയെ?'

'അവളും തഴുത്തുണ്ടല്ലോ.'

'അവൾക്ക് കോളേജ് ഡേയുടെ ഡ്രാമാ റിഹേഴ്സലായിരുന്നു.'

'അവളുടെ കാര്യം നമുക്കറിയാം ചേച്ചി. അവളമ്മയുടെ തനി കാർബൺ കോപ്പിയാണ്. അവളുടെ മനസ്സിലിരിപ്പ് അറുകൾക്ക് ആയിരം പാരകിപ്പിച്ചുകളുണ്ട്.'

'നിങ്ങളെന്തെങ്കിലും ആയ്ക്കോളൂ, മാധ്യേ ഈ ചേച്ചി ഒരു കാര്യത്തിനും തടസ്സമാകുകയില്ല. അവരുടെ ഇഷ്ടം പോലെ അവരെക്ക് നടക്കാം'

രാധയുടെ മുഖം ഇരുണ്ടതു് വ്യക്തമായി കാണാമായിരുന്നു.

അവിചാരിതമായിട്ട് അതും ആകസ്മികമായിട്ടാണ് അനിയന്റെ ഏറ്റവുമിളയത്.

തലയും താടിയും വളർത്തി സദാ വിപ്ലവത്തെക്കുറിച്ചു് സ്ഥാനത്തും അസ്ഥാനത്തും സംസാരിക്കുന്ന പകുതി വരാത്ത ഒരു ചെറുപ്പക്കാരനാണ് അനിയൻ. തോന്നുമ്പോൾ കോളേജിൽ പോകും. പോയാൽ തന്നെയും ഇഷ്ടമുള്ളപ്പോൾ ക്ലാസ്സിൽ നിന്നിറങ്ങിപ്പോരും.

രാജീവൻ തന്നെ അറിയുന്ന അനിയന്റെ കോളേജിലെ ഒരു ലക്ചറർ കണ്ടപ്പോൾ അവനെക്കുറിച്ചേറെ നേരം സംസാരിച്ചു.

"എന്തു ചെയ്യാനാ സാർ. പത്തിരുപതു് വയസ്സായില്ലെ അവനു്. സ്വയം നന്നാകാതെ അന്യർ ഉപദേശിച്ചു് നേരെയാക്കാൻ കഴിയുമോ?"

'അതെന്ന പിന്നിയാം മിസ് ഉഷാ. എന്നാലുംനാളത്തെ തലമുറയിങ്ങനെ നശിക്കുന്നതു കാണുമ്പോൾ ദുഃഖം തോന്നുകയാണു്. അമർഷത്തിന്റെയും എതിർപ്പിന്റെയും പേരിൽ ഒന്നുമല്ലായ്മയിലേക്കാണു് അവരുടെ പോക്കു് അവർ പറയുന്നതു കേട്ടാൽ തോന്നും അവരുടെ തലമുറ എന്തൊക്കെയോ വെട്ടി പിടിയ്ക്കുമെന്നു്. ഒന്നുമില്ല, നീട്ടി വളർത്തിയ മുടിയും താടിയും അലസമായ വസ്ത്രധാരണവും, കഞ്ചാവും, കള്ളും വേശ്യകളും ഉണ്ണിപ്പുണ്ണുമല്ലാതെ അവരുടെ നേട്ടമായി നേടാനാകുകയുമില്ല. നേടാനാകുകയുമില്ല."

പലപ്പോഴും ഇളം തലമുറയെക്കുറിച്ചു് ഈ ദുഃഖമുള്ള അവരുടെ ഭാവിയിൽ എല്ലാവരും ഒരുപോലെ ഉൽക്കണ്ഠാകുലരാണു്.

ഒരുദിവസം തന്റെ ഓഫീസിലുള്ള വാരിയരുടെ പുത്രനായ അപ്പുണ്ണി ഈ ആൾക്കൂട്ടവും കൊട്ടി ചോദിച്ചുപോയി?

കേരളത്തിലേക്ക് വീണ്ടും വരുന്ന

ഹരേ കൃഷ്ണ അവതരിപ്പിക്കുന്ന

മൂന്നു കൊഞ്ചുകുകൾ

(ഇന്ത്യയിലെ പ്രമുഖ പത്രങ്ങൾ മുക്തകണ്ഠം പ്രശംസിച്ച ഫാസ്യകലാപ്രകടനം)

മനുഷ്യശബ്ദത്തിന്റെ അത്ഭുതകരമായ വിന്യാസംകൊണ്ട് മായാപ്രപഞ്ചം സൃഷ്ടിക്കുന്ന അതുല്യകലാപ്രകടനം. രണ്ടരമണിക്കൂർ നീണ്ടുനില്ക്കുന്ന കലാപരിപാടി.

1976 മേയ് മാസത്തിലെ കേരളാ ബുക്കിങ്ങിനു്

K. S. D.

B. 31-3rd floor. Pathe Nagar
Subash lane. Malad(east)
Bombay 400 064.


ഒരിടത്തൊരു ഒറ്റ തങ്കം
പി. കേശവദേവ്
വ്യാമോഹങ്ങളിൽ കുടുങ്ങി ജീവിതം നിത്യാന്ധകാരമായിത്തീർന്ന ഒരമ്മയുടേയും, അനപത്യതാദുഃഖത്തിനു ഈ ജ്ഞാതമായി കിട്ടിയ സൗഭാഗ്യം ആർക്കും അപഹരണത്തിനു വിട്ടുകൊടുക്കാൻ മനസ്സില്ലാത്ത പോറ്റമ്മയുടേയും ഹൃദയസംഘട്ടനങ്ങളുടെ ഒരാഖ്യായികാവതരണം. നോവൽ വില. 4.25
സ്വപ്നങ്ങൾ വിൽക്കുന്ന കച്ചവടക്കാരൻ
പി. ആർ. നാഥൻ.
ദുർഗ്രഹവും സങ്കീർണ്ണവുമായ ജീവിതത്തിന്റെ അഗാധതയിൽ നിന്നും, വ്യക്തിദർശനത്തിന്റെ പവിഴമുത്തുകൾ കണ്ടെടുത്തശേഷം വൈവിധ്യങ്ങളായ ജീവിതവീക്ഷണങ്ങളെ സ്വപ്നങ്ങൾ വിൽക്കുന്ന കച്ചവടക്കാരനിൽ വിജയിപ്പിക്കുന്നു.
നോവൽ വില-10.50.
ജ്വാലകൾ
കെ. രാജകുമാരിക്കുറുപ്പ്
വിശ്വസാഹിത്യത്തിന്റെ പ്രത്യേക കാലഘട്ടങ്ങളിൽ ജ്വലിച്ചുനിന്നിരുന്ന മഹദ്വ്യക്തികളെക്കുറിച്ചു വിശദീകരണപരമായ ഒരു പഠനം. വില. 4.ക
ജെയിംസ് ബോണ്ടിനൊരു എതിരാളി
ആന്റി ഗ്രഹിയാഷ്കി.
ജയിംസ് ബോണ്ട് എന്ന ബ്രിട്ടീഷ് ചാരനും സാഹോവ് എന്ന അപസർപ്പകവീരനും സംഭീതനിമിഷങ്ങളിലൂടെ തങ്ങളുടെ ലക്ഷ്യം നേടാൻ ശ്രമിക്കുന്ന സാഹസികവും ഉദ്വേഗജനകവുമായ കഥ. നോവൽ വില. 11.00
പൊള്ളുന്ന മണൽ
വീരത്വത്തെയും, ദുരന്തത്തെയും പറഞ്ഞിട്ടുള്ള ഒരു നോവലാണിതു. ജനങ്ങളുടെ ധീരതയുടേയും അവരുടെ സ്വഭാവത്തിന്റേയും നേരുള്ള നിദർശനം. ക. 6.00
പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം-695024.
ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ.

"ഞച്ഛാ, നിങ്ങളെന്തിനാണെന്നെ സൃഷ്ടിച്ചതു"? ഈ നീചമായ പാതകത്തിനു് നിങ്ങൾ കടുത്ത ശിക്ഷ അനുഭവിച്ചെതീരും."

വാരിയർ അതുകേട്ടു് പ്രതിമയായിത്തീർന്നു.

ഇതാണിന്നത്തെ ഇളം തലമുറ. അവരെന്താണു് ചെയ്യുന്നതെന്നും പറയുന്നതെന്നും അവർക്കുതന്നെ അറിഞ്ഞുകൂടാ.

സ്വന്തം നാടിന്റെ ഭാവിയും മോചനവും തങ്ങളിലൂടെ മാത്രമാണെന്നിള്ള ദുർ ഉച്ചൈസ്വരം ഉൽഘോഷിക്കുന്നു. അതൊരു വിപ്ലവത്തിലൂടെ മാത്രമേ കൈവരാൻ പോകുന്നുള്ളുവെന്നും ഇവർ അവകാശപ്പെടുന്നു. ഈ തത്വങ്ങളെല്ലാം ഇവരെ ഉൽബോധിപ്പിക്കുന്ന ഇവരുടെ ആചാര്യന്മാരാണെന്നും ഇവർ വിശ്വസിക്കുന്ന "മന്ത്ര"ത്തിന്റെ കൊടിയുടെ നിറമെന്തെന്നും ഇതുവരെയായും ചോദിച്ചിട്ടില്ല. അനിയനോടു് ഇതുമാത്രം ചോദിച്ചു.

"ആരാണനിയാ ഈ പ്രായക്കുറവുകാരൻ മൊഹന്തു"?"

"മുഹന്തരോ?"

"അതെ."

"ങ്ങ്ഉം, എന്തുപറ്റി അവനു"?" ഒന്നുമറിഞ്ഞുകൂടായെന്ന മട്ടിലാണു് അവന്റെ ചോദ്യം.

"അവനിന്നലെ രാവിലെന്നേരം നിന്നെ കാണാൻ വന്നിരുന്നു."

"എന്തിനാണെന്നു" അവനോടു് ചോദിച്ചുത്തോ ?"

"ചോദിച്ചു. നീ അവനു് നൂറുരൂപയു് ഉടുപ്പിക കൊടുക്കാനുണ്ടത്രെ."

അനിയൻ നിശബ്ദനായി. അവന്റെ മുഖഭാവം മാറുന്നതും ശ്രദ്ധിച്ചു. വീട്ടിലാരോടും പറയിക്കരുതെന്നു് ഈ കടം ഞാൻതന്നെ തന്നു് തീർക്കാമെന്നും മറ്റും അവനോടു പറഞ്ഞിട്ടു്, അവനെങ്ങിനെ ഇവിടെ വന്നു് ചോദിച്ചുതെന്നു് ഒരുപോലെ അനിയൻ ചിന്തിക്കുകയാകും.

"അനിയൻ, നീ നൂറുരൂപയു് ഉടുപ്പിക ഒരു വ്യക്തിക്കു് കൊടുക്കാനുള്ളതല്ല പ്രശ്നം. ആ നൂറുരൂപയു് ഉടുപ്പിക നീ കടം വാങ്ങിയ സാഹചര്യമാണു് പ്രധാനം. അനിയൻ, നീ എന്റെ നേരെ നോക്കു്."

അവൻ തന്റെ നേരെ നോക്കാൻ കൂട്ടാക്കാതെ പ്രതിഷേധമെന്നോണം മുഖം തിരിച്ചു നിന്നു.

"നീയെന്റെ ഇളയതിനേറ ഇളയതാണു്. മുന്നു പെൺമക്കളുടെ ഇടയിൽ കഴിഞ്ഞ ഒരു ആൺകുട്ടി നീ ചിന്തയാകുന്നതു് കാണാനും കേൾക്കാനും എനിക്കു് കഴിവില്ല കുട്ടി."

അവനൊരക്ഷരം ശബ്ദിച്ചില്ല. തനിക്കു് പുറം തിരിഞ്ഞു് ഒരു നില്പാണു് എന്തായാലും പറയേണ്ടതു് തന്റെ കടമ. പറയാതിരിക്കാൻ മനസ്സാക്ഷി സമ്മതിക്കുന്നുമില്ല. നന്നായാൽ അവനു് നന്നു്. അവന്റെ ഭാവിജീവിതത്തിനു് നന്നു്. ഈ കുടുത്ത ചോരനിറമുള്ള ആദർശത്തിന്റെ പുറന്തോടിൽനിന്നു് പുറത്തു കടക്കാൻ എന്നെങ്കിലും അവനു് കഴിഞ്ഞാൽ, അന്നവനു് മനസ്സിലാകും വല്ല്യേച്ചി പറഞ്ഞതെതു പരമാർത്ഥമായിരുന്നുവെന്നു്.

"നീയെന്താണു് എന്നോടൊന്നും മിണ്ടാത്തതു്? നീ അമർഷം രേഖപ്പെടുത്തുകയാണെനിക്കറിയാം. അനിയാ. ഈ വീടു് ഉടയോരില്ലാത്തതു് ഇടിഞ്ഞു് പൊളിഞ്ഞു് ഏതുസമയത്തും വീഴാവുന്ന ഒരു സത്രമാണു്. രോഗശയ്യയിൽ കിടക്കുന്ന അച്ഛനും മക്കളെക്കുറിച്ചു് ചിന്തയില്ലാത്ത അമ്മയുടെയും ചിന്താവിഷയമല്ല നീ അതു നിനക്കു് അറിയാമോ അനിയാ?"

സഹികെട്ടതുപോലെ അവൻ തിരിഞ്ഞു നിന്നു് പൊട്ടിത്തെറിച്ചു.

"മതി നിങ്ങളുടെ മുഖപ്രസംഗം! പ്രസംഗിച്ചു്, പ്രസംഗിച്ചു് നിങ്ങളെപ്പോലുള്ളവർ ഈ നാടു് നശിപ്പിച്ചു."

"അനിയൻ!"

"ഞാൻ കടം വാങ്ങിയതു് നിങ്ങളാരും കൊടുക്കണ്ട."

"അതു ഞാൻ കൊടുത്തോളാം കുട്ടി."

"നിങ്ങളോടു് കൊടുക്കാൻ ഞാൻ പറഞ്ഞു?"

"നീ പറയണമോ? നീയെന്റെ അനിയനല്ലു. നിന്നെക്കുറിച്ചു് കാൽക്കാശിനു് വിലയില്ലാത്തവൻ സംസാരിക്കുമ്പോൾ എനിക്കു് സഹിക്കുമോ?"

നിശബ്ദത...

"അല്ലുകിൽ ഞാൻ കടത്തെക്കുറിച്ചു് സംസാരിച്ചോ?"

"അതുമാത്രമല്ലെ നിങ്ങൾ ഇതുനേരം പറഞ്ഞതു്."

"അനിയൻ?" തന്റെ ശബ്ദം ക്രമാതീതമായി ഉയർന്നു" നീ കള്ളുകുടിച്ചും കഞ്ചാവു് വലിച്ചുകളിച്ചുമാണു്" ഈ കടം വരുത്തിയതെന്നു് നീ സമ്മതിക്കുകയില്ല നീ സമ്മതിക്കുമോ അനിയാ?"

നിശബ്ദത. തന്റെ ശബ്ദം ഉദ്ദേശിച്ചതിലും കൂടുതൽ ഉയർന്നതു് തോന്നി.

മനസ്സിൽ ദുഃഖമോ വൈരാഗ്യമോ, വെറുപ്പോ പതഞ്ഞുപൊങ്ങുകയായിരുന്നു. ശബ്ദം വളരെയേറെ നിയന്ത്രിച്ചുകൊണ്ടു് തുടർന്നു.

"ഇവിടെ എല്ലാവരും അവനവന്റെ വഴിയ്ക്കു് നടക്കുകയാണെന്നു് എനിക്കറിയാം. നടന്നോളൂ. ആരും വിരോധം പറയുന്നില്ല. വിരോധം പറഞ്ഞാൽ നടക്കാതിരിക്കുകയില്ലെന്നുമറിയാം. പക്ഷെ നാശത്തിന്റെ പാതയിലൂടെ ഒരിക്കലും നടക്കരുതു് അനിയാ. കത്തിജ്വലിക്കുന്ന കനൽക്കട്ടകളുടെ മീതെ നടക്കുന്ന എറുമ്പു് ഒരിക്കലും രക്ഷപ്പെട്ടു് കേട്ടിട്ടില്ല."

അവൻ മുറിവേറ്റ പുലിപോലെ ഒപാടുന്നതെന തിരിഞ്ഞു് അമർഷത്തോടെ നോക്കി. അവന്റെ സ്വതവെ ചെറിയ കണ്ണുകളിൽ ക്രൂരഭാവമോ പൈശാചഭാവമോ പടർന്നു പിടിച്ചു.

"ങ്ങ്ഉം! എനിക്കു് ഉപദേശിക്കണ്ട നിങ്ങളുടെ പർവ്വതപ്രസംഗം! നാശത്തിന്റെ പാതയെക്കുറിച്ചു് സംസാരിക്കുന്നു! ആദ്യം സ്വന്തം കാലിൽ മണ്ണൊന്നായെന്നു് നോക്കു. മൈയുദിവസം പുരത്തോടും പറയാതെ നിങ്ങൾ ഓടിപ്പോയ കഥ എനിക്കറിയാം."

"അനിയൻ! അതെന്റെ കാര്യമാണു്."

"ങ്ഹാ! ആണെയ്യാ എന്നാലിപ്പോൾ എന്റെ കാര്യമാണു്. നിങ്ങൾ ഇപ്പോൾ ചെയ്ത ആശ്ചര്യമില്ല. ആ കടം വീട്ടാൻ നിങ്ങളുടെ ഇപ്പോഴത്തെ ശമ്പളം എനിക്കു് വേണ്ട."

ക്രോധം നിയന്ത്രിക്കുന്നതിനാലാണോ അവൻ പുറത്തേക്കു് കടക്കുന്ന വാതിൽപ്പാളികൾ ആഞ്ഞടച്ചു.

(തുടരും)

—o—

പ്രോത്സാഹജനകമായ നേരം പോക്കായിരുന്നില്ല ഇതു്. അയൽക്കാരെ കുറിച്ചു് പ്രകൃത്യാ ആവശ്യത്തിലധികം താൽപര്യമെടുക്കാൻ കഴിയാതിരുന്ന ആളായതു് കൊണ്ടു് എനിക്കു് ഈയമ്മയുടെ അഭിപ്രായങ്ങൾ സ്വീകരിച്ചു് സ്വന്തം മനോഗതങ്ങൾ അറിയിക്കുക അസാധ്യമായി. മതിമറന്ന പൊള്ളത്തരത്തെപ്പറ്റി പ്രാന്തു്. അയൽക്കാരെ കുറിച്ചു് കൗതുകവാർത്താപരമായി സംസാരിച്ചാൽ അവൾ പൊട്ടിത്തെറിച്ചു് അവളുടെ അഭിപ്രായമായി. ആ ചാട്ടവും നീരോട്ടവും ശ്രദ്ധേയമായിരുന്നു. അവൾക്കു് അകാരണമായി, ചിലപ്പോൾ നിഷ്കരുണമായും, താൽപര്യമില്ലാത്ത വ്യക്തിയെപ്പറ്റിയാണെങ്കിൽ അവൾ തന്റെ ഞങ്ങളുടെ അടിസ്ഥാനപരമായ ശത്രുത മറന്നു്, സൗഹാർദ്ദത കാണിച്ചു. പിന്നെ, പിന്നെയുണ്ടു് ക്ഷണികമായ ചങ്ങാതിത്തത്തിന്റെ പൊള്ളത്തരം, കള്ള പക്ഷം, പിടികിട്ടിയതു്. വ്യക്തമായ ബോധമുണ്ടായിരുന്നാലും ആ സമയങ്ങളിൽ അന്തരീക്ഷത്തിന്റെ ഷണ്ഡത്വം കൊക്കാനും ജനിപ്പിക്കുന്ന കൊള്ളരുതായ്മ അറിഞ്ഞു് പരിമുറുക്കത്തിൽ അയവു വരുത്തുകയെന്ന കർമ്മത്തിൽ ഞാൻ വ്യാപൃതനായി. അങ്ങനെയാണു് പരിഷ്കരണം ഞങ്ങൾക്കിടയിൽ ഏറ്റവും പ്രധാനപ്പെട്ട വിജയ സാധ്യതയുള്ള അനുരഞ്ജനോപാധിയായി തീർന്നതു്.

6

ജനലിലൂടെ പ്രശ്നരഹിതമായ ഒരാകാശം, തെർമൽ വ്യൂറിംഗ്സ്. മനശ്ശാസ്ത്രകുതുകിയും, ഉപദേഷ്ടാവുമെന്ന പേരിൽ ഒളിക്കണ്ണിട്ടു് മനോക്ഷണവല്ലായ വിവാഹപണ്ഡിതരെ വൈകിയ നേരങ്ങളിൽ നിങ്ങുന്ന ഡോക്ടർ (മിസ്സിസ്) ദീപാ അസ്ഗാവ്കർ എന്നു് സമർത്ഥമായി നോക്കി, കസേരയിൽ ചാരി കണ്ണടച്ചു. ഫോർച്യൂൺ, ഫെമിനാ ഒളിക്കാൻ ശ്രമിച്ച ഇന്ദ്രജാൽ കോമിക്സ്. പ്രഭാതത്തിൽ പ്രിക്കാൻ തന്നെയിട്ട സംതിംഗ് ഫാഷൻഡ് എനി വുമൺകാൻ. "പക്ഷെ" അവർ സംസാരിച്ചു. "പദ്ദേഷണവും പിന്നീട് അപ്രായോഗികമായ മറ്റു അനുനയനോപാധിയായി മാറിയതിന്റെ പിന്നിൽ നിങ്ങളുടെ വ്യക്തിപരമായ വീക്ഷണത്തിലുണ്ടായിരുന്ന അടിസ്ഥാനപരമായ വ്യത്യാസങ്ങൾ വർത്തിക്കുന്നുണ്ടായിരുന്നു എന്നു."

"പക്ഷെ, നിങ്ങൾ എന്തുകൊണ്ടു് എന്റെ ഭാഗം ശരിക്കും മനസ്സിലാക്കുന്നില്ല?" വ്യക്തിപരമായ എന്റെ അസഹ്യത പണ്ഡിതയുടെ നേരെ പ്രകടിപ്പിച്ചു് ഞാൻ ശബ്ദം താഴ്ത്തി ചോദിച്ചു." അവളുടെ പരിഷ്കരണങ്ങൾക്കു് ഇച്ചിൽ മണമുണ്ടു്."

അരോണിയമ്മിട്ടു് വെളുപ്പിച്ച മുഖരോമങ്ങൾ താഴുകി അസ്ഗാവ്കർ പണ്ഡിതപരമായി മന്ദഹസിച്ചു. ഈ സന്ദർശനം കഴിഞ്ഞിറങ്ങുമ്പോൾ അവർ ലേഖികയായ മറ്റു ബോംബെ ഒസ്സൈണ മാസികയുടെ

ഗൗരംഡോക്ടറുടെ പ്രശ്നങ്ങൾ

ഒരു വർഷത്തെ വരിപ്പണം വാങ്ങിക്കാതെ എന്നെ ഉപേക്ഷിക്കേയുണ്ടായിരുന്നില്ല.

"കൃത്യമായും എനിക്കിതുമായിട്ടു നിങ്ങളുടെ ഈ വാദമുഖവുമായി, സഹകരിക്കുന്നു." പണ്ഡിത തുടർന്നു, "പദ്ദേഷണപ്രവൃത്തിയിൽ നിങ്ങളിലും ശ്രദ്ധയുമായ പ്രവാഹങ്ങൾ ഞാനറിഞ്ഞു. പക്ഷെ ഒരു പ്രത്യേകത ഞാൻ ശ്രദ്ധിക്കുന്നുണ്ടു്, സാധാരണജീവികളെ അവർഹിക്കുന്നതിലധികം പ്രാധാന്യത്തോടെ ഇടിച്ചുതാഴ്ത്തുവാൻ (ഈ സംഭാഷണപദം ഉപയോഗിച്ചപ്പോൾ ഉപദേഷ്ടാവു് ലജ്ജയിൽ ചുരുങ്ങി) നിങ്ങൾ ഇഷ്ടപ്പെടുന്നില്ല എന്നതുള്ള. ഗൗരം ഡോക്ടർ, നിങ്ങൾ ഇക്കാര്യം സ്വീകരിച്ചേ തീരൂ."

ഒടുവിൽ, പരിഹാരമായി ഒരു വർഷത്തെ വരി സംഖ്യ?

കെ. പി. നിർമ്മൽകുമാർ

"മുഷിഞ്ഞു ഉടഞ്ഞിയ ധിഷണാശക്തി കുറഞ്ഞ മനസ്സോട് കൂടിയാണ്" അവൾ അയൽക്കാരെ കാണുന്നത്. ഡോക്ടർ അസ്"ഗാവ്"കർ, ഇത് നിങ്ങൾ, ഒരിക്കലെങ്കിലും മനസ്സിലാക്കുക. അവരുമായുള്ള സംസർഗ്ഗം അവൾ ഇഷ്ടപ്പെടുന്നു. ദേവകിന്നേരങ്ങളിൽ ടെറസ്സിൽ ചെന്ന കാറ്റും വെളിച്ചവും കൊള്ളുന്നതെന്തു" ഞാൻ ഉപദേശിക്കുക പതിവുണ്ട്. അവളതു ചെയ്യുകയില്ല. അപ്പർക്കിഷ്ടം ബാൽക്കണിയിലെ, കണ്ണുപത്രിവിനെ കാർമ്മിപ്പിക്കുന്നു നിപ്പായിരുന്നു. ഈ സമയങ്ങളിൽ ഞാൻ സ്വാഭാവികമായും അകത്തിരുന്നു" എഴുതുകയാവും. ഡോക്ടർ അസ്"ഗാവ്"കർ നിങ്ങൾ എന്താണു" അതിസമർത്ഥമായി പുഞ്ചിരിക്കുന്നതു"? ഭാര്യയുമൊത്തു" സായാഹ്നസവാരി? അതും പറയാം."

7

പ്രാകൃതികമായ അനുശാസനങ്ങൾതേടി ഫത്തേഗഞ്ചു മെയിൻറോഡ്" നിലംപറ്റിക്കിടന്നു. സന്ധ്യ, അക്ഷീണമായ ഉത്സാഹമായിരുന്ന അവളുടെ മുഖത്ത്". ആരെക്കുറിച്ചു" അവൾ എന്തു പറയുമെന്നറിയാൻ എനിക്കു" ജിജ്ഞാസതോന്നി. ഒരുൾപ്പുടൻ, തിടുക്കം അപരിചിതന്റെ അടിസ്ഥാനപ്രത്യയായ ഇംഗിതം. ഞാൻ അവളോടു ചോദിച്ചു. അവളുടെ സഹകീയമായ സ്വരണ്ണിലവണം അന്തർരഹസ്യത്തിന്റെ കാതുനിലയിൽ. ഒരു മനുഷ്യന്റെ വികാരമാനസികനിലകളെക്കുറിച്ചും എന്നെ സംബന്ധിച്ചിടത്തോളം അവൾക്കു", ഒരുപക്ഷെ, സമർത്ഥവും ബുദ്ധിപരവുമായ ഒരു ഗാർഹ്മ്യമായിരിക്കുന്ന അവളെന്നോടു പറഞ്ഞതെന്തിരിക്കാം? ഞാൻ കാത്തു. എതിർദിശയിൽ നിന്നു വീടുകർക്കപ്പുറത്തു" താമസിക്കുന്ന ധനികരായ ഗ്രാമീണരെയാണു" അവൾ ശ്രദ്ധിച്ചുനിന്നതു". ആ ഏകാന്തതയിലുള്ള ഏതുടയുടേയും സ്ഥിതിവിവരക്കണക്കുകൾ അവൾക്കറിയാം. അതിസാധാരണക്കാരും ഞങ്ങളുടെ പ്രതികൂലപ്രതികൂലപ്രായങ്ങൾ അർഹിക്കാത്തവരുമായ ഈ അയൽക്കാരെപ്പറ്റി നിരവധിതവണ അവൾ ഉപന്യസിച്ചിട്ടുണ്ടെങ്കിലും ഇനിയും ഇനിയുമെന്താണവൾക്കു" പറയാനുണ്ടാവുക!

അവിടത്തെ കെട്ടിടങ്ങളുടെ (വിദ്യാഭ്യാസാർത്ഥം നഗരത്തിൽ താമസിക്കുകയായിരുന്ന പെരുമാറ്റലാളിത്യംനിറഞ്ഞ ആ ഗ്രാമീണർ) അമ്മമാരുടെ നാട്ടിൻപുറത്തു" സ്ഥിരതാമസമായ ഒരു ദുർമുഖിയുടെ കറുപ്പുകാലമായി ഫത്തേഗഞ്ചിലാണു" താമസമെന്നും അവരുടെ ഭർത്താവിന്റെ വെപ്പാട്ടിയെ ചൊല്ലി കലഹത്തിലാണെന്നും ആയിരുന്നു ക്രിസന്ധ്യയിൽ അവൾ കൈമാറിയ വാർത്താശകലം. വേറൊരുതരത്തിലും പ്രതികരിക്കാതെ ഞാൻ തലയാട്ടി. പൊടുന്നനെ സംഭാഷണത്തിന്റെ ചരടുപൊട്ടിത്തിരക്കും ബഹളവും ആരംഭിച്ചുയർന്നുയർന്നു പരിഷ്കൃതവേഷധാരിയായ ഫത്തേഗഞ്ചു മെയിൻറോഡിൽ സന്ധ്യയുടെ കങ്കുമപൂക്കൾ വീഴുന്ന സമയം. ഡോക്ടർ, ഒരുൾക്കിടിലത്തോടെ ഞാനവൾക്കുനേരെ നോക്കി.

ഒന്നുമില്ല, ഒന്നുമില്ല ഈ സ്ത്രീയുമായുള്ള എന്റെ സഹവാസം നീതികരിക്കത്തക്കതായി

ബാൽക്കണിയിൽ നിന്നു ദുസ്സൂചനകളുമായി അവൾ അകത്തേക്കു കടന്നു. പകലടിഞ്ഞുപൊടിയും മാറാപ്പും അവിടെ നിറഞ്ഞിരിക്കുകയാണു". എന്തോ കാർത്തവൾ വീണ്ടും ബാൽക്കണിയിലേക്കുതന്നെ മടങ്ങി. അവളുടെ ശരീരവും വസ്ത്രവും പൊടിമൂടികിടന്നു. ഈ ഉടഞ്ഞ മുഖവുമേന്തി, അതിൽനിറയെ ദുസ്സംശയങ്ങളുമായി അവൾ പെരുമാറുകയാണു". അവൾ ഞങ്ങളെയാണു" ആ വിധം മാറാൻ ഞാൻ ആശ്ചര്യപ്പെട്ടിരുന്നു. വെയിൽ താഴാൻ മേക്കുഴുകി വേഷം മാറണമെന്നും എന്നും എന്നും എല്ലാം ഞാൻ ദൈനംദിനമാസികകളെപ്പോലെ പലതവണ പ്രിവ്യൂ രീതിയിൽ ഉപദേശിച്ചുകഴിഞ്ഞതാണു". സന്ധ്യയുടെ കനലുകൾ ഫത്തേഗഞ്ചിൽ, ടാറിലിന്റെ മൊനിപ്പിക്കുന്ന ഗന്ധവും പേറി ഫത്തേഗഞ്ചു മെയിൻറോഡിൽ കാറ്റ്, സ്പന്ദിതമായ ആകാശം, ഞങ്ങൾ നടക്കാനിറങ്ങി. പാതയിൽ സുഖാലസരായ മന്ദബുദ്ധികൾ. വീട്ടിൽനിന്നിറങ്ങുമ്പോഴും ഇപ്പോൾ ഇറങ്ങിയശേഷവും അവൾ ഗൗരവമുഖിയായിരുന്നു. നിയതമായകാരണമൊന്നുമില്ല. അവളുടെ പ്രശ്നങ്ങൾ സ്വയം പരിഹരിക്കപ്പെടട്ടെ എന്ന അവധാനചിന്തയുമായി ഞാൻ നടന്നു. കാറിന്റെ നിരോട്ടത്തിൽ ഒരു മിന്നൽ: ഭരാവശ്യവുമില്ലാതെ, ഒരു നീതീകരണവുമില്ലാതെ, ഞാനെന്റെ ജീവിതം തുലച്ചിരിക്കയാണു".

8

"നിങ്ങൾ സായാഹ്നയാത്ര ചെയ്യുമ്പോൾ സംസാരിക്കുക പതിവാണോ?" തീണ്ടുന്നു ഒരു പരുക്ഷ കൃത്രിമ, ദന്തനിരപ്രദർശിപ്പിച്ചുകൊണ്ടു" ഡോക്ടർ അസ്"ഗാവ്"കർ ചോദിച്ചു. "മിസ്റ്റർ ഡോക്ടർ, ഞാനുദ്ദേശിക്കുന്നതു". അലക്ഷ്യമായും ആഗന്തുകമായും നിസ്സാര, വഴിപോക്ക എന്നിവയാണു"."

"വിരളമായിരിക്കും", ഗൗരവം ഡോക്ടർ സശ്രദ്ധം സംസാരിച്ചു. "ഒന്നുമില്ല അപ്പോൾ സംസാരിക്കാൻ. സന്ധ്യായാത്രയിൽ സംസാരിച്ചു" (അതുമിതും എന്നാണു" നാലു വിശേഷണപദങ്ങൾക്കൊണ്ടു നിങ്ങൾ ഉദ്ദേശിച്ചതു"?) വിഹരിക്കുവാൻ വേണ്ട ഹിതകരമായ മാനസിക കാലാവസ്ഥ ഞങ്ങൾക്കുണ്ടായിരുന്നില്ല. അന്യോന്യം അടക്കിയ പരിഹാസവചനങ്ങൾ ഉരുവിട്ടു കഴിഞ്ഞ ദിവസമായിരുന്നു അന്നു". ഒരു വൃദ്ധശവശരീരം തോടിപിടിപ്പിക്കുന്നതുപോലെയായിരുന്നു അവൾ, ഇടപത്തിനുള്ള കഴിയാത്ത ആ ചെറുപ്പക്കാരി, സ്വസ്ഥാരണം ചെയ്തതു". ആ മുഖവിഷാദവും ജ്ഞാനവും പ്രത്യക്ഷമായ നിരുത്സാഹവും തെറ്റായിരുന്നു ദുഷ്"ചേഷ്ടകളും. അസംതൃപ്തമായ പകലിന്റെ ഗൂർദ്ദന്യത്തിൽ അവൾ സന്ധ്യക്കായി നൽകിയ പാരിതോഷികമായിരുന്നു. കണ്ണാടിയിൽ ഞങ്ങളുടെ നോട്ടങ്ങൾ കൂട്ടിമുട്ടിയപ്പോൾ ഒരു വിഭ്രാന്തപാപത്തിന്നിരയായപോലെ അവൾ നോട്ടം തെറ്റിച്ചു. ഞങ്ങളുടെ സായാഹ്നസമയത്തെ അലക്ഷ്യമായും ആഗന്തുകമായ, നിസ്സാര വഴിപോക്ക നടത്തത്തിനു" പലപ്രകാരക്കുടെ ലക്ഷ്യമായി പോകുന്ന തിരക്കുണ്ടായിരുന്നു. ആ തന്മയത്വം, ഉദ്ദേശ്യശുദ്ധി ആദരണീയം. പരുഷണംപോലും ശീതളസംഭാഷണവിഷയമായി സ്വീകരിക്കപ്പെടുന്ന കാലങ്ങൾ. സസ്യശാസ്ത്രത്തിൽ മാസ്റ്റർബിരുദം നേടിയെന്ന എന്റെ കലാശാലാപാപഞ്ചിന്റെ പ്രയത്നിത്തമെന്നോണം ആദ്യകാലങ്ങളിൽ ബറോഡയിലെ വഴിനീളെ കാണുന്ന സർവ്വസസ്യജാലങ്ങളെയും പരിചയപ്പെടുത്തുന്നു ജോലി എനിക്കവൾ തന്നിരുന്നു. ശ്വാസംമുട്ടായി തോന്നിയിരുന്ന

(വിവാഹത്തിനു തൊട്ടു ശേഷമായിരുന്നതു കൊണ്ടു് അന്യോന്യം അപരിചിതത്വം, എന്തു പൊട്ടത്തരവും പറയാൻ സാധാരണ്യമുള്ള നവീനത്വം, അന്നുണ്ടായിരുന്ന, അതു ചെറുക്കുക പ്രയാസം) ആ കാലം തിരിച്ചു വന്നിരുന്നെങ്കിൽ!"

"എന്താണു പ്രത്യേകിച്ചു നിങ്ങൾ നേടുക?", വിവാഹശുപണ്ഡിത ചോദിച്ചു. "കലാശാലയിൽ പഠിക്കേണ്ടിവന്ന കൊള്ളരുതായ്മകൾ (സംഭാഷണപദപ്രയോഗസ്വാതന്ത്ര്യത്തിന്റെ വീണ്ടും) മറ്റു പല തെറ്റുംപോലെ നിങ്ങളും ദുസ്വാധോളുകൂടി കാണുന്നുള്ള എന്നു പറയുന്നു പിന്നെ?"

9

"നോക്കി നടന്നു കൂടെ?" പെട്ടെന്നു ഞാൻ അവൾക്കു് നേരെ, ശബ്ദമടച്ചു് കുറച്ചുപ്പെട്ടത്തിൽ "ആ ഡബ്ൾഡെക്കർ ഇപ്പോൾ തട്ടുമായിരുന്നു."

പാതധോരത്തെ വിളക്കിൻ കാലുകളിൽ പൊട്ടുന്നനെ വീണ രസഭാഷ്പവെളിച്ചത്തിൽ അവളുടെ കനത്ത സുന്ദരമായ മുഖം എന്നെ മനോവ്യാപാരങ്ങളുടെ അപായചങ്ങലകളിലേക്കു് വലിപ്പിക്കുകയായിരുന്നു.

ഒരു സംഘം മനുഷ്യജീവികളുമായി അമ്പുംബിക് ഡബ്ൾഡെക്കർ കഴിവായിപോയ അപകടസാധ്യതയുമായി നീങ്ങി.

അവൾ എന്നെ ഒന്നു സ്തംഭിച്ചു നോക്കിയശേഷം നടത്തം തുടങ്ങി. എന്റെ ആശങ്ക അനാവശ്യമായിരുന്നു എന്നു് അവൾ കണ്ടതിയ്ക്കണം. എന്നിരുന്നാലും എന്റെ ക്ഷേമപ്രദർശനം, സഹജമല്ലാത്ത ആ നിമിഷം വിനയപൂർവ്വം, നിശ്ശബ്ദമായെങ്കിലും, അവൾ സ്വീകരിച്ചിരുന്നെങ്കിൽ എന്റെ ഉടനടി മനോഗതി കൂറെകൂടി സൗഹാർദ്ദതയോടെ, അനുനയനാവേശത്തിലേ, ഞാൻ ചോദിച്ചു, "ആ വണ്ടി പെട്ടെന്നു നിക്കാതിരുന്നെങ്കിൽ!"

"അവളുടെ ശാരീരിക സുരക്ഷിതത്വത്തിന്റെ ചുമതല വെളിപ്പെടുത്തുന്നതോടെ അവൾക്കു് നിങ്ങളുടെ മേലുള്ള ആശ്രയം, അത്യാവശ്യമായ അവലംബം, സ്വീകരിക്കുകയായിരുന്നു നിങ്ങളുടെ പരമോദ്ദേശ്യം?" വിവാഹപണ്ഡിത മന്ദസ്മിതപൂർവ്വം ചോദിച്ചു. അവൾക്കു പിന്നിൽ അളകാപുരിയുടെ വെളുത്ത സമ്പന്നഗൃഹങ്ങൾ വെയിലേറ്റു കിടന്നു ലക്ഷണമൊത്ത ലോകം! "അതാണോ ഞാനുദ്ദേശിച്ചതു്? അയാൾ ഭാര്യയുടെയും വിവാഹോപദേശിയുടെയും നേരെ ഇരുകാലങ്ങളിൽ ഏകദേശത്തിൽ ചീറി. "നിക്കായിരുന്നെങ്കിൽ, വണ്ടി കയറി ചാവുമായിരുന്നു, അല്ലാതെ?" അപമാനിതയായ പരിചിതയുടെ സംയമനത്തോടെ അവൾ ചോദിച്ചിരുന്നു. അതിനവൾ ധൈര്യപ്പെട്ടിരുന്നു.

"നേരെ ചൊവ്വേ നടക്കണമെന്നു മാത്രമേ ഞാൻ കാർത്തിപ്പിച്ചുള്ളൂ," ഞാൻ പറഞ്ഞു.

ദുസ്സൂചനകൾ നിറഞ്ഞ (ഡോക്ടർ, അതു കണ്ടാലേ അറിയാമെന്നു നിങ്ങൾ മനസ്സിലാക്കുള്ള) ഒരു നോട്ടം എനിക്കു മറുപടിയായി തന്നു് അവൾ തെരുവിലേക്കു് നോക്കി ധൃതിയിൽ നടന്നു തുടങ്ങി.

എന്റെ വിനീതഭാവം മാത്രമല്ല, അതിന്റെ താഴ്മനിറഞ്ഞ (ആകയാൽ മോശമായ) ഉച്ചാരണവിശേഷംകൂടി അവൾക്കനുകൂലമാവുംവിധം എനിക്കെതിരായിരുന്നു. എന്തെങ്കിലും സമാധാനം പറഞ്ഞു് എന്റെ ചോദ്യങ്ങളുടെ സാധുത, അഥവാ പ്രത്യക്ഷത്തിൽ ഉദ്ദേശ്യശുദ്ധി നിറഞ്ഞ അതിന്റെ സാർത്ഥത, അവൾ അംഗീകരിച്ചിരുന്നെങ്കിൽ ഞാനിത്ര നാണംകെട്ടമാതിരുന്നില്ല അവൾക്കൊപ്പം നടക്കാൻ, ഒരേ ഗൃഹത്തിൽ വീണ്ടും പെരുമാറാൻ, എനിക്കു് കാര്യമുണ്ടെന്നായി. ഇനി എന്തൊരക്ഷരം ഉരിയാടിക്കാനാവാവിധം ഞാൻ ക്ഷീണിച്ചു കഴിഞ്ഞിരുന്നു. ഇനി പലചരക്കുകടക്കാരനും പച്ചക്കറിക്കാരനും കള്ളുസ്സ് കഴുകാനും അട്ടക്കളച്ചുവർ കൊണ്ടുപോകാനും വരുന്ന ബങ്കാളനും മാത്രമേ എന്നെ, എന്റെ ആജ്ഞാശക്തി അംഗീകരിക്കൂ.

പിറകെന്നച്ചുക്കു് മേക്കഴുകി ഭക്ഷണത്തിനു നിക്കംവരെ ഞങ്ങൾ തമ്മിൽ സംഭാഷണമുണ്ടായില്ല. രാത്രികാലായി ഞങ്ങൾ തനിത്തനിക്കായിരുന്നു. ഞാൻ മനസ്സിലാക്കുന്നിടത്തോളം, ഇക്കാര്യം ഞങ്ങൾ പരസ്പരം ചോദ്യംചെയ്യാത്ത ഒരു നിയമമായിരിക്കണം. ശത്രുതികാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ വേണമായിരുന്ന ഞങ്ങൾക്കു് ഏതെങ്കിലും വിധത്തിൽ ഒരു ബന്ധം സ്ഥാപിച്ചെടുക്കാൻ. ആദ്യംമുതൽ അതിന്റെ (ക്രൂരമായും സംഭോഗത്തിന്റെ) പ്രാധാന്യം കീറികളഞ്ഞുകൊണ്ടു് കപടരസമെഴുകിയ ഒരു കീറകിടക്കയിലാണു് ഞങ്ങൾ രാത്രിയുറങ്ങിയതു്. അതിൽ തന്നെയാണു് ഞങ്ങൾ ഉച്ചയുറക്കവേളയിൽ അന്യോന്യം അതിവികൃത കുറ്റാരോപണചിന്തകളിൽ മുഴുകിയതു്. അവിടത്തന്നെയാണു് ഒരു ഇരുമ്പലമാരയിൽ അവൾ ഗർഭനിരോധന വസ്തുക്കൾ സൂക്ഷിച്ചതു് അവിടെകിടന്നാണു് അവൾ കരഞ്ഞതും ആത്മവൈകിയാലാശങ്കപ്പെട്ടതും ആർത്തവം വന്നാൽ അസുഖം നടിച്ചതും. അതിദയനീയമായ ഒരു മുറിയായിരുന്നു അതു്. അതിന്റെ കോണും വിരിപ്പും ദിനാദ്യന്തഭാവങ്ങളും ദുസ്സൂചനാപരമായി എനിക്കു് തോന്നി. ആ ഗൃഹത്തിലെ രണ്ടു പേർ എനിക്കു് അസന്തുഷ്ടത (ഡോക്ടർ, എത്രലഘുവായ പദമാണു് അസന്തുഷ്ടി!) കിടയ്ക്കിയവരായി. രാത്രി കിടക്കയിൽ വീണാൽ നേരം പുലരുംവരെ അത്യന്തം അസൗകര്യകരമായ ഒരു സഹവാസിയായി അവൾ, രാത്രിയിൽ ഞാൻ കറച്ചു വൈകുംവരെ എഴുതികൊണ്ടിരുന്നാൽ നീരസം കാണിക്കുവാനായി അവൾ ദുർമുഖം കാണിച്ചു. കണ്ണുകൾ വെട്ടിപ്പടം കൊണ്ടു്, മലർന്നുകിടന്നു് ചുണ്ടുകൾ കോട്ടി അസഹ്യത പ്രകടിപ്പിച്ചു അവൾ ഈ ഭൂമിയിലെ ഏറ്റവും അപകടക്ഷണപ്രകൃതിയായ ദൃശ്യങ്ങളിലൊന്നായിരിക്കണം. രാവിലെ കോഴി കൂവുമ്പോൾ പ്രകടമായ അനുപാതത്തോടെ ഞാൻ തിരിഞ്ഞുകിടന്നു. പുലരുവോളം ഉറങ്ങിയില്ല.

"ഉറങ്ങുമ്പോൾ നീ പറഞ്ഞ വാക്കുകൾ അസ്ഥാനത്തായിരുന്നു എന്നു് നീ ഓർക്കുന്നുണ്ടോ?"

അവൾ കൊണ്ടുവന്നുവച്ച ഭക്ഷണം കഴിക്കുകയായിരുന്ന ഞാൻ സംസാരിച്ചു, "ഒരു സ്ത്രീയിൽനിന്നു് ഉത്സുകനാകാത്തരമായ സംഭാഷണങ്ങൾ ഞാൻ സ്വീകരിക്കുകയില്ലെന്നു വീണ്ടും ഞാൻ നിന്നെ അറിയിക്കുകയാണു്."

സ്വയം നീതീകരിക്കാനവശ്യമായ സജ്ജീകരണങ്ങൾ തികഞ്ഞാലുടൻ പിന്നെ നാവടക്കുക എനിക്കു് അസാധ്യമായി. ഒപ്പം, പ്രാകൃതവാസനകൾക്കു് രൂപം കൊടുക്കലുമായി. ഈദൃശചിന്തകളുടെ പ്രകാശനം കാണെക്കാണെ അവൾക്കും അസ്വാഭാവികമാവാതെയായി എന്നു തോന്നുന്നു.

ഡോക്ടർ, എനിക്കറിയാം, എനിക്കറിയാം. അവളെ വേദനിപ്പിക്കുകയായിരുന്നില്ല പ്രധാനപ്രശ്നം, അവളെ വിശ്വസിപ്പിക്കുകയായിരുന്നു. സൂത്രക്കാരിയായിരുന്ന അവൾക്കു് സ്വന്തം വികാരങ്ങൾ പ്രദർശിപ്പിക്കാതിരിക്കുക സരളമായ കാര്യമായിരുന്നു, അവളുടെ ചിന്താപ്രദർശനങ്ങൾ ഉപരിതല സ്പർശിയായ വാക്കുകൾ കൊണ്ടു് ആവരണം ചെയ്തിരുന്നതുകൊണ്ടു് അവ സ്വീകരിക്കുക, ആ വാക്കുകൾ അവളുടെ ചിന്തകളാണെന്നു കണക്കാക്കുക മുഢത്തരമായ സംഗതിയായി. ശാസനാരൂപത്തിലുള്ള എന്റെ പ്രസ്താവനകൾ അവൾ മൗനപൂർവ്വം, ഒരുപക്ഷെ മനഃപൂർവ്വം, കേട്ടുനിന്നതല്ലാതെ മറ്റു വിധത്തിൽ പ്രതികരിച്ചില്ല. ഭാവമെന്തെന്നു വേർതിരിച്ചറിയാനാവാവിധം അവളുടെ ഭാവങ്ങൾ ബോധപൂർവ്വമായിരുന്നു. ഭക്ഷണാനന്തരം ഞാൻ ബാൽക്കണിയിൽ പോയി നിന്നപ്പോൾ അനന്തരജ്ഞനപൂർവ്വം അവിടെ വരുമെന്നു് ഞാൻ ധരിച്ചു. അവൾ അതാഗ്രഹിച്ചിരുന്നെങ്കിൽ തന്നെ സത്യസന്ധമായി ആ കൃത്യം ചെയ്യുകയ്ക്കു് അവൾക്കു് വയ്യായിരുന്നു. അത്രമാത്രം അവൾ ഒരു രഹസ്യക്കാരിയുടെ ഭാഗം പിടിച്ചുപറ്റി.

സ്വാദിഷ്ഠമായ, രസകരമെങ്കിലുമായ്യ രഹസ്യാത്മകതപോയിരുന്നില്ല അവളുടേതു്. ഉദ്യോഗസ്ഥർ വീട്ടിലില്ലാത്തപ്പോൾ ആഹാരം മോഷ്ടിച്ചുതിന്നുന്ന വേലക്കാരിയുടെ അപഹാസ്യതയുണ്ടായിരുന്നു അതിനു്. വിവശനായി ആ രംഗം കണ്ടുനിന്നു, നിർവ്വചിക്കാനാവുന്ന വികാരങ്ങൾ തന്നെയായിരുന്നു ഡോക്ടർ, അവ.

1) ബാലശുദ്ധമായ, നീക്കം വ്യക്തമായ സാധാരണ തന്ത്രങ്ങളായിരുന്ന അവളുടെ രഹസ്യാത്മകതയ്ക്കു്,

2) നിർബ്ബന്ധിച്ചാലാകട്ടെ അതു് പൊടുന്നനെ അണഞ്ഞുപോയി,

3) കളവു തോറ്റായിരുന്ന ഉപജാപത്തോടായ തന്ത്രമില്ല അവളുടെ രഹസ്യരാവങ്ങൾക്കുള്ളതു്.

10

ആകാശം ശ്വേതപത്രങ്ങൾ ഊരി നഗ്നമാവുന്ന ഈ വണ്ടി കാലാവസ്ഥയിലും ഞങ്ങൾ തനിയെയായിരിക്കുമ്പോൾ, ഡോക്ടർ, ഉല്ലസിക്കുന്ന കാലമുണ്ടായിരുന്നു. ഇപ്പോൾ അതു് തോറ്റോടും അവജ്ഞയോടുകൂടി മാത്രം ഓർക്കാൻ കഴിയുന്ന കാലം. താൽക്കാലികവും രതിരതിവുമായ ഞങ്ങൾ തന്നതിനു ശേഷം നേരം പോക്കിനു വേണ്ടി അതുമിതും സംസാരിച്ചു്, തിണർത്തു് ഗർവ്വിച്ച അന്തരീക്ഷം സാന്ത്വനിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു. തീർന്നപ്പോൾ പരിശ്രമപൂർവ്വം ഞങ്ങൾ, ഒരു പക്ഷെ തോന്നുമാത്രം, ഒഴിക്കാൻ ശ്രമിച്ച കുറച്ചു ദിവസങ്ങൾ ഞങ്ങൾക്കിടയിലെ, ഇപ്പോൾ വിസ്മൃതമേറിയ, തരം തിരിച്ച നിലങ്ങളുടെ കോണുകളിൽ പുനരധിവാസം നടത്തിക്കഴിഞ്ഞിരുന്നു. ദുർബുദ്ധി നിറഞ്ഞ അവളാകട്ടെ അതിൽ സന്തോഷിച്ചു കാണപ്പെട്ടു. അനന്തരജ്ഞനശ്രമങ്ങളുടെ ഉത്തരവാദിത്വം ആർക്കെന്നു നിശ്ചയിക്കപ്പെട്ടിരുന്നതു് കൊണ്ടു് നിഷ്ഫലമായ ലാഘവഭാഷണങ്ങൾക്കു ശേഷം എന്നിൽ നിറഞ്ഞതു് കൊള്ളരുതായ്മയും നാണക്കേടുമായിരുന്നു. ഇനി അനന്തയത്തിനായി എന്നിൽനിന്നു് യാതൊരു നീക്കവും പാടില്ലെന്നും മേഘാൽ കാര്യങ്ങൾ അതാതിന്റെ ഗതിയിനസരിച്ചു് നിങ്ങേണ്ടതാണെന്നും ഞാൻ നിശ്ചയിച്ചു. പക്ഷെ ഒരു പ്രത്യേക സന്ദർഭത്തിലെ തീരുമാനമനസരിച്ചു് നിങ്ങേണ്ടവയായിരുന്നില്ല വരുംകാല ചെയ്തികൾ. ഗൃഹത്തിൽ ഞങ്ങൾ രണ്ടു പേരായിരുന്നു. രണ്ടു പേർ മാത്രം! വെയിലും പൊടിയും തിരക്കും പൊങ്ങുന്ന ഈ കവലപട്ടണത്തിന്റെ ഒറ്റപ്പെട്ട നിൽക്കുന്ന ഈ വീട്ടിൽ കഴിയുന്ന ഞങ്ങൾ സ്വാർത്ഥസൗകര്യങ്ങളെ മാനിച്ചെങ്കിലും അന്യോന്യം ഉപയോഗിക്കേണ്ടിയിരുന്ന അതവളും അതിന്റെ ശരിയായ പരിപ്രേക്ഷ്യത്തിൽ അറിഞ്ഞതായി ഞാൻ കണ്ടെത്തുന്നു. ഒന്നോ രണ്ടോ ദിവസത്തെ പരിശ്രമപൂർണ്ണമായ നിശ്ശബ്ദതയും, പ്രകടമായ പലപ്പോഴും കരുതിക്കൂട്ടിയുള്ള അസംതൃപ്തിക്കും ശേഷമായിരുന്ന ഇരുവരുടെയും മറുമൊച്ചപ്പെട്ട ജീവിതസൗകര്യങ്ങളുടെ അഭാവത്തിൽ, അന്യോന്യം യോജിക്കാൻ ആഗ്രഹിച്ചതു്. "അനന്തരജ്ഞനത്തിന്റെ കാര്യത്തിൽ നിങ്ങൾ അസാധാരണമായ ഉത്സാഹം കാണിക്കുന്നുണ്ടു്" എന്നിക്കൽ അവൾ പറഞ്ഞു, അതുകൊണ്ടാണു് വേണ്ടിവന്നാൽ അനന്തരജ്ഞനത്തിന്റെ ആദ്യനിക്കം നിങ്ങളിൽ നിന്നു ഞാൻ പ്രതീക്ഷിക്കുന്നതു്." സാമർത്ഥ്യം നിറഞ്ഞ ഒരു പ്രസ്താവനയായിരുന്ന അതെങ്കിലും, അനന്തയനരൂപത്തിലായിരുന്നതു കൊണ്ടു് (അനന്തരജ്ഞനത്തിൽ അവളിൽ നിന്നു ആദ്യമായി കിട്ടിയ ആദ്യനിക്കം അതായിരിക്കണം) അവളെ അതിന്റെ പേരിൽ അനുമോദിക്കയാണു് ഞാൻ ചെയ്തതു്. സാധാരണയായി ഒരു വസ്തുത സുഗമമായും സാന്ദർഭികമായും അവൾക്കു പറഞ്ഞവസാനിപ്പിക്കുക വയ്യായിരുന്നു. "സാഹിത്യത്തിൽ ബിരുദമെടുത്തിട്ടുണ്ടെന്നു കരുതി എനിക്കു നിങ്ങൾ എഴുത്തുകാരെപ്പോലെ സാഹിത്യത്തിൽ സംസാരിക്കുവാനൊന്നും കഴിയുകയില്ല, ക്രുദ്ധയായി അവൾ ഒരിക്കൽ സംസാരിച്ചിരുന്നു. സുഖകരമായി തോന്നിയ തല്ലുകിലും ഞങ്ങൾക്കിടയിൽ അനന്തരജ്ഞനം വേണ്ടപോലെ ചെയ്തു് തുടർന്നുള്ള ഗാർഹികകാര്യങ്ങളിൽ ഏർപ്പെടാൻ സൗകര്യമുണ്ടാക്കിയതു്, ഡോക്ടർ, ഞാൻ തന്നെയും ഡോക്ടർ തന്നെയായിരുന്നു. എന്റെ എഴുത്തു മുടങ്ങി. എന്റെ വായനക്കാർ എന്നിക്കെതു സംഭവിച്ചു എന്നറിയാനുള്ള ജിജ്ഞാസയുമായി ബന്ധുക്കളെ സമീപിച്ചു. "ഗൗരവം വിവാഹിതനായി ബോധയിൽ താമസിക്കുന്നു. ഭാര്യധനികയും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദധാരണിയുമാണു്". എഴുതാതിരിക്കുന്നതു് ജീവിതസുഖങ്ങളുടെ സ്ഥിരതകൊണ്ടാവും അവർ പറഞ്ഞു. അതൊന്നമായിരുന്നില്ല വാസ്തവത്തിൽ എന്റെ പ്രശ്നം. എന്റെ പ്രശ്നം അനന്തരജ്ഞ

(ശേഷം 39-ൽ)

54

"കൊള്ളാം അവൻ കൊണ്ടിരിക്കുന്നതു് അടി ഒരു വെള്ളായണിപ്പരുമ പോലും കൊണ്ടു കാണത്തില്ല—നെനക്കെന്തോ അറിയാം." മേജർ പിള്ള പറഞ്ഞു.

"ങ്ഹാ—ഈ റെള്ളായണി പരമു." മിസ്സസ് പിള്ള ചോദിക്കുന്നു.

"അതു് റൊമ്പ വാസു" പിന്നൊന്നും പറയാൻ നിൽക്കാതെ മേജർ എഴുന്നേറ്റു പോയി.

മാസം മൂന്നുകഴിഞ്ഞു.

മദ്ധ്യവേനൽ കഴിവുകാലമാണു്. എരിപൊരികൊള്ളുന്ന ചൂടു്. പകലൊന്നും പുറത്തിറങ്ങാൻ വയ്യ അകത്തുക്കുമ്പോഴും അതിലും കഷ്ടം. ഓർഡിനൻസ് ഡിപ്പോയ്ക്കു



പന്തൻ

ലെ ക്ലാർക്കുകൾപോലത്തെ സ്റ്റോറുകൾക്കുള്ളിലിരുന്നാൽ ആവിയിൽവെച്ചു് വേവിച്ചപോലെ വെണ്ണുപോകും. അതായിരുന്നു സ്ഥിതി.

അയിടയ്ക്കാണു് ഒരുദിവസം രാവിലെ അക്കൗണ്ടാഫീസിലെ ഗോപാലകൃഷ്ണൻ ഓടിക്കിതച്ചു വന്നതു്. മേജർ പിള്ളയെ കാണാൻ.

"സാറെ നമ്മുടെ നായർ സാറിനെ ആശുപത്രിലാക്കിയ രക്ഷവാ" ഗോപാലകൃഷ്ണൻ വിവരമറിയിച്ചു.

"ആരെ വാസുനയോ?... ഏ ള്ളുപററി?"

"രാത്രിലു് ഏതോ വാച്ചുമാന്റെ വീട്ടിലായിരുന്നു. അവിടുന്നു് കൺഠരി ഒരുപാ

ട്ട് കടിച്ചെന്നാ കേട്ടത്. എന്തായാലും അർദ്ധരാത്രിയായപ്പം ശർദ്ദിലും തുടങ്ങിയതാണ്ടോ. ബക്കറ്റുകണക്കിന് ചോരശർദ്ദിച്ചെന്നാപറയുന്നത്. ഞങ്ങളവടെച്ചെന്നപ്പം മുറിനിറയെ ചോരയായിരുന്നു. പിന്നെ ഞങ്ങളെല്ലാരുംകൂടെ താങ്ങിയെടുത്ത് ആശുപത്രികൊണ്ടാക്കി... ഇപ്പം ബോധമില്ല. ഗ്യാസിലിട്ടിരിക്കുവാ... ഇവിടുത്തുകാര് മറാട്ടികളാരും തിരിഞ്ഞുനോക്കില്ല"

എന്തായാലും ഒന്നുപോയി അന്വേഷിച്ചിട്ട് വരൂ"

മിസ്സസ് പിള്ള പറഞ്ഞു

"പോകാം"

— ... —

മേജർ പിള്ള അന്വേഷിച്ചു ചെന്നപ്പോൾ വാസുവിന് ബോധമുണ്ടായിരുന്നില്ല. ആകെ തളർന്ന് പ്രാകൃതമായിരുന്നു. ഡോക്ടർ ബാനർജി അടുത്തുതന്നെ ഉണ്ടായിരുന്നു.

ഇതൊക്കെ ഞാൻ പ്രതീക്ഷിച്ചതാ — ലിവർ തീരെ പോയിരിക്കുന്നു. കൊടുത്തും ... ഇപ്പോൾ രക്ഷപ്പെടുകയേ. പക്ഷേ ഇനിയും ഇങ്ങനെതന്നെ പോയാൽ പ്രയാസമായിരിക്കും. ഡോക്ടർ ബാനർജി അഭിപ്രായപ്പെട്ടു.

മേജർ പിള്ള താടിതടവിക്കൊണ്ട് നോക്കിനിന്നു.

ഇയാൾ വിവാഹംകഴിച്ചിട്ടില്ലേ? ഡോക്ടർ തിരക്കുന്നു.

ഇല്ലെന്ന് മേജർ പറഞ്ഞു. എന്നാൽ വിവാഹംകഴിച്ച് കാര്യച്ചാക്കെ മര്യാദയായിട്ട് ജീവിച്ചാൽ പോരായിരുന്നോ. അല്ലെങ്കിൽ — ആരുവിചാരിച്ചാലും രക്ഷയില്ല. ഡോക്ടർ തുടർന്നു അഭിപ്രായപ്പെട്ടു.

ഒന്നു ശ്രമിച്ചുനോക്കാം മേജർ മനസ്സിൽ കരുതി. പക്ഷേ ഈ പാവം ആര് പെണ്ണുകൊടുക്കും?

മൂന്നുദിവസമായിട്ടും ആശുപത്രിയിൽ കിടന്നാള്ള. അടുക്കളഞ്ഞപ്പോൾ ബഹളം തുടങ്ങി. ഉടനെ പറഞ്ഞുപോകണം.

ഡോക്ടർ അനുവദിച്ചില്ല.

ഒരാഴ്ചയെങ്കിലും കിടക്കാതെ പാടില്ലെന്ന് ഡോക്ടർ പറഞ്ഞു

വാസു ശുദ്ധാലസ്യത്തിൽ അകപ്പെട്ട പച്ചത്തടിവേ

ളിച്ചു.

കേട്ടുനിന്നിരുന്ന സിസ്റ്റർ ശോശാമ്മ പുറത്തിറങ്ങുന്നതിനു മുമ്പ് ചോദിച്ചു.

കാഞ്ചനും മുസമ്പയും മറ്റുപല പഴവർഗ്ഗങ്ങളും കൊടുക്കണമെന്ന് ആശുപത്രിയിലെ എഴുത്തുകാരനായിരുന്നു. കണക്കില്ലാ



അതു പൂപ്പെണ്ണുകൾ

കണ്ടാക്ടറന്മാരുടെവകയും ലേറി ക്കാരുടെവകയും കടക്കാരുടെവകയും അങ്ങനെ പലവക പ്രാതൃക്ഷം പ്രത്യക്ഷം...

കാണുന്നവർ അമ്പരക്കുന്നു. കേണൽ സായിപ്പ് ആശുപത്രിയിൽ കിടന്നിരുന്നപ്പോൾപോലും ഇത്രക്കധികം സന്ദർശകന്മാരും ഇത്രക്കധികം സൗഭാവനകളും വന്നിരുന്നില്ല. മിസ്റ്റർ നായരെ വെറുമൊരു ക്ലർക്കാണ് എന്നിട്ടും!

കാര്യമറിഞ്ഞിരുന്നവരാരും അമ്പരന്നില്ല. അവർക്കൊക്കെ അസൂയയായിരുന്നു, അധികം പേക്കും.

നാട്ടുകാരെല്ലാം സുഖക്കേടുകാരനെ കാണാൻ ഹോസ്പിറ്റലിൽ എത്തുന്നുണ്ട്.

ഒരുത്സവത്തിന്റെ മട്ടായിരുന്നു ആശുപത്രിയിൽ മിസ്സസ് പിള്ളയും മിസ്സസ് വിൽസനും ദിവസവും കാണാൻ വരുമായിരുന്നു. അവർ കട്ടിലിന്റെ കാൽക്കലും തലയ്ക്കലും ഇരുന്ന് നാട്ടുകാര്യങ്ങൾ സംസാരിക്കും.

പിടിച്ച ഗോപാലകൃഷ്ണന്റെ ഭാഗ്യ സൗഭാഗ്യമായിട്ടാണ് അവർക്കതു തോന്നിയത്. ഗോപാലകൃഷ്ണൻ ഒരു പരോപകാരിയാണ് പൊതുജനസേവകനാണ് എല്ലാവർക്കും ഇഷ്ടപ്പെട്ടവനും വേണ്ടപ്പെട്ടവനുമാണ് അവന്റെ ഭാഗ്യവും അതുപോലെതന്നെ. ആ സ്ത്രീ നാടൻ കറികളും പൊടിയരിച്ചോറുമായി ആഹാരത്തിന്റെ സമയത്തിനു നിത്യവും എത്തുന്നുണ്ട്. വന്നാൽ വളരെനേരം ഇരിക്കും കാരണം സംസാരിച്ചുകൊണ്ട്. വൈകിട്ട് കോഫീസിൽ നിന്നും ഗോപാലകൃഷ്ണനും നേരെ ആശുപത്രിയിൽ എത്തുന്നു

സിസ്റ്റർ ശോശാമ്മ മിസ്സിസ് നായരുടെ കാബിനിനകത്തു് മറ്റാരുമില്ലെങ്കിലും ഉണ്ടെങ്കിലും കടക്കേകയുള്ള ആത്മധീരയാണ്. അവർ വാർഡു ബോയിയെ പറഞ്ഞയക്കും. അവർക്ക് തനിച്ചുകിട്ടുകയ്ക്കാൻ ഒരുമായിരുന്നു

ആ വാർഡു ബോയിയാണ് തകരാറുണ്ടാക്കിയതു്. അവനു് മെത്തവിരിമാറുമ്പോൾ തലയിണക്കടിയിൽ ബ്രാൻറിക്കുപ്പി കണ്ടുകിട്ടി. അവൻ വിവരം ഡോക്ടറെ അറിയിച്ചു

വഴക്കായി

ലഹളയായി.

വാസു ഡോക്ടർ ബാനർജിയെ 'ബ്ലഡ്ഡി ബാസ്റ്റേർഡ്' എന്നു് എല്ലാവരും കേൾക്കെ വിളിച്ചു.

സിസ്റ്റർ ശോശാമ്മയെ ... മോളേന്നു വിളിച്ചു. വാർഡു ബോയിയുടെ കഴുത്തിനു കത്തിപ്പിടിച്ചു് കാബിനിന്റെ പുറത്തു തള്ളി.

ആറാം ദിവസം അതുകൊണ്ടു് മിസ്റ്റർ നായരെ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജു ചെയ്തു —

വിവരമറിഞ്ഞപ്പോൾ മേജർ വിളിച്ചു വരുത്തി ഉപദേശിച്ചു.

"വാസു — ഇനിയെങ്കിലും താനൊരു കാര്യംചെയ്യു. നാട്ടിൽപോയി ഒരു കല്യാണം കഴിച്ചിട്ടു വരൂ — സ്വന്തം കാൽ നോക്കാനായിട്ടു് വീട്ടിലുണ്ടെങ്കിൽത്തന്നെ ഈ അസുഖങ്ങളൊക്കെ കുറയും.

"എനിക്കെന്താ അങ്ങനത്തെ അസുഖം?"

"എങ്കിലുമാ പട്ടേ പറയുംപോലെ കേൾക്കു" — അതുമല്ല കല്യാണം കഴിച്ചു വന്നാൽ മറ്റു സൗകര്യങ്ങളും പലതും വേറെ ഉണ്ടാകുമെന്നു തോന്നുന്നതായിട്ടു് താമസിക്കാൻ ഫാമിലികോർട്ടേഴ്സു കിട്ടും — ആഹാരത്തിന്റെ കാര്യമൊക്കെ പോട്ടെ — പിന്നെ സോഷ്യൽ ലൈഫുതന്നെ പാടെ മാറും — അതാണു് തനിക്കിന്നാവശ്യം — ഞാൻ പറയുന്നതുപോലെ കേൾക്കു"—ഇന്നു് പറഞ്ഞതുപോലെ പറയുന്നില്ല. വയസ്സു് കൂടുകൂടി വരുകയാണു്."

വാസു ആലോചിച്ചു നിന്നു.

"അതൊക്കെ ശരി ബോറാ" കട്ടിലിൽ അവൻ പറയുന്നു.

"ശരി ബോറുമില്ല. ബോറല്ലെന്നു മാത്രമല്ല ബെനിഫിറ്റുകൾ പലതുമൊന്നു്. മാരീഡാണെന്നു പറഞ്ഞാൽ തന്നെ ഒരന്തസ്സാണു് —ഇവിടത്തെ മനുഷ്യരെ അറിയാമല്ലോ?"

"ശരി ആലോചിക്കാം" അവൻ പറഞ്ഞു.

പക്ഷേ മേജർ പിള്ള അവിടെയും നിറുത്തിയില്ല അയാൾ പരിചയമുള്ള പലരോടെല്ലാം പറഞ്ഞു നമ്മുടെ കെ വി. നായർ ഒരു കല്യാണം ആലോചിക്കുന്നുണ്ടെന്നു്.

പലരും ആലോചിക്കുകയും ചെയ്തു എന്നാൽ വാസുവിനെ ശരിക്കും അറിയുന്നവർ ആരുംതന്നെ അതിനു് മുൻകൈ എടുത്തില്ല. ഈ മുഴക്കടിയനു് ആരാണു് പെണ്ണുകൊടുക്കുക കൊടുത്താൽതന്നെ എങ്ങനെയിരിക്കും അവളുടെ ഗതി.

ഒടുക്കം ഗോപാലകൃഷ്ണന്റെ ഭാര്യയാണു് ഒരു പ്രൊപ്പോസൽ കൊണ്ടുവന്നതു് അവരുടെ സ്വന്തത്തിലുള്ള ഒരു പെൺകുട്ടിയെ അവരുടെ ഒരു കൊച്ചമ്മയുടെ മകൾ.

വിവരമറിഞ്ഞപ്പോൾ മേജർ പിള്ള പറഞ്ഞു.

"അങ്ങനെന്തെങ്കിലും ചെയ്താൽ വലിയ ഉപകാരമാവും ഞാൻ നോക്കിയിട്ടു് അതേ ഒരു തക്കമുള്ള ഈ മനുഷ്യനെ നന്നാക്കാൻ — പുനർജ്ജന്മത്തെന്നെ നന്നാവുമെന്നു് വലിയ ഒറപ്പൊന്നും ഇല്ല. എങ്കിലുമെന്നു് നല്ലപോലെ ആലോചിച്ചിട്ടു് നിശ്ചയിച്ചാൽ മതി. ഒരു പെൺകുട്ടിയുടെ ജീവിതം നശിപ്പിക്കുന്നതിനു് നമുക്കാർക്കെങ്കിലും പാടില്ലല്ലോ — പിന്നെ ഈ കല്യാണമെന്നു പറയുന്ന ഒരു കാര്യം അതു് നടത്തുകയും നിശ്ചയിക്കുന്നതല്ല — അതു് ദൈവനിശ്ചയമാ — നടക്കേണ്ട സമയത്തു് അതു് നടന്നേ തീരൂ — ആരെത്ര പിടിച്ചാലും നിൽക്കത്തില്ല, നിറുത്താനൊട്ടു് തീരുകയുമില്ല ... പിന്നെ, എന്താ വീട്ടുകാർക്കൊക്കെ ഇഷ്ടമാണോ?".

"പാവങ്ങളാ ... ആരെയെങ്കിലും ഒരു വിധം കെട്ടിച്ചുവിടുന്ന തൊരു വേണമെന്നേ ഉള്ളു അവർക്ക്" — എല്ലാംകൂടെ ആറു പെൺമക്കളാ അവർക്കൊള്ളതു്."

"എന്നാലും നല്ലപോലെ ആലോചിച്ചിട്ടു മതി. കാര്യങ്ങളെല്ലാം അറിഞ്ഞോണ്ടു് നമ്മളു് ചതിച്ചെന്നു വരരുതു്."

"അങ്ങനൊന്നും കരുതാനില്ല" ഗോപാലകൃഷ്ണന്റെ ഭാര്യ ശാരദയാണു് പറഞ്ഞതു്. കല്യാണം കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ഈ മട്ടൊക്കെ മാറിയെന്നു വരും. ഇല്ലെങ്കിൽ അവളുടെ തലേലെഴുത്തുപോലെ വരട്ടെ. പിന്നെ ... മനുഷ്യരാകുമ്പോൾ ദോഷമൊന്നുമില്ലാത്ത ബന്ധമല്ലല്ലോ..."

"തീർച്ചയായിട്ടും കൂടിക്കഴിഞ്ഞില്ലെന്നു വന്നാൽ ഇതു നല്ലൊരു മനുഷ്യനെ കാണാൻ കിട്ടത്തില്ല ..." മേജർ പിള്ള പറഞ്ഞു. "പക്ഷേ ഇങ്ങനൊക്കെയാണെങ്കിലും നമ്മളു് നിർബ്ബന്ധിച്ചിട്ടാണെന്നു് വരരുതു്. ഉള്ളതൊക്കെ അതുപോലെ പറഞ്ഞു് മനസ്സിലാക്കിട്ടു് എന്തെങ്കിലും നിശ്ചയിച്ചാൽ മതി..."

അങ്ങനെ ഒരു ദിവസം വാസു ഒരാഴ്ചത്തെ അവധിക്കപേക്ഷിച്ചപ്പോൾ മേജർ പിള്ള ചോദിച്ചു് ഒന്നുമൊന്നും അറിയാത്തപോലെ.

"എന്താ കാര്യം? പെട്ടെന്നു് ലീവെടുക്കാൻ."

"നാട്ടിലൊന്നു പോകണം."

"ഉം —"

"കല്യാണത്തിനു്."

"ആരുടെ?"

"എന്റെ."

"എന്നു്!" പിള്ള അത്ഭുതം അടക്കിനയിച്ചു.

"എന്താ ഞാൻ കല്യാണം കഴിച്ചാൽ പാടില്ലെന്നുണ്ടോ?"

"പിന്നെ ? ! ! താൻ കല്യാണംകഴിച്ചാലെന്താ കൊള്ളാ — പക്ഷേ ഇതു പെട്ടെന്നു"? ... എല്ലാം ഒറപ്പിച്ചോ."

"ഉം."

"എന്നാ വിവാഹം."

"തീയതി നിശ്ചയിച്ചില്ല."

"ഞങ്ങളെയൊന്നും ക്ഷണിക്കുന്നില്ലെ?"

"ഇല്ല."

"അതെന്താ?"

"ആരെയും ക്ഷണിക്കണ്ടെന്നു് വെച്ചു."

"കാരണം."

"ആരും വേണ്ടാഞ്ഞിട്ടു്."

"ഉം ... അതുതന്നെ നല്ലതു്. വെറുതെ കല്യാണമെന്നും പറഞ്ഞു് കാശുകളയുന്നതിൽ എന്താ അർത്ഥം — വരുമ്പോഴേക്കും ഞാൻ ഫാമിലി കോർട്ടർ ഏർപ്പാടാക്കിയാം."

"താങ്ക്സ്."

രഹസ്യമായിതന്നെങ്കിലും നൊടിനേരംകൊണ്ടു് നാട്ടുമുഴുവൻ ആ ന്യൂസ് പരന്നു.

"കെ. വി. നായർ കല്യാണംകഴിക്കാൻ പോകുന്നു.

— —

"ദൈവാധീനം."

... ...

"ഇനി നന്നായിക്കൊള്ളും.

"അയാൾക്കാരാ പെണ്ണു കൊടുക്കുന്നതു"?

— — — —

(തുടരും)

—o—

അറബിക്കഥകളിലൂടെ ഒരു ഗവേഷണ പര്യടനം

പ്രൊഫ: എം അച്യുതൻ

5

ഈ വൻ പക്ഷികൾ വന്ന് അവരെ കൊണ്ടുപോയത് സുവർണ്ണഭൂമിയിലിട്ട്, ധാരാളം സ്വർണ്ണവും വാരി മടങ്ങി. ഈ സാഹചാസൻ (സിൻബാദായിത്തീരാനല്ലേ എളുപ്പം?

ബുദ്ധമതകൃതിയായ ദിവ്യാവദാനത്തിൽ ബുദ്ധശിഷ്യനായ പൂർണ്ണന്റെ കഥയുണ്ട്. ശ്രയാർ വ്യാപാരിയായിരുന്ന ആദ്യം. ധനാർജ്ജനാർത്ഥം പൂർണ്ണൻ ഏഴുതവണ സാഹസയാത്രകൾ നടത്തി. ഏഴാം യാത്രയിൽ ക്ലേശപ്പെട്ടുള്ള വർത്തകരിൽനിന്ന് ബുദ്ധനെക്കുറിച്ചു കേട്ട. പിന്നീട് ബുദ്ധശിഷ്യനായി എന്നാണ് കഥയുടെ ചുരുക്കം. ജാതകകഥകളിൽപെട്ട സുപാരഗന്റെ കഥ വളരെ ശ്രദ്ധേയമാണ്. അയാൾ പഴക്കംചെന്ന വൃദ്ധനാവികനാണ്. സുവർണ്ണഭൂമിയിലെ വ്യാപാരികളുടെ ദിവ്യാവദാനത്തിൽത്തന്നെയുള്ള മറ്റൊരു സഞ്ചാരകഥയിൽ ആളുകളെ മർദ്ദിക്കുന്ന പെൺകൊറികളും, മണ്ണുപടിപ്പിച്ച് ഏറെനാൾ ഉറക്കുന്ന കായ്കളും മറ്റുമുള്ള ദ്വീപുകളെപ്പറ്റി വർണ്ണനയുണ്ട്. വെള്ളത്തിനിറമീതെ പാടപോലെ പൊന്തിക്കാണുന്ന തിമിംഗലത്തെ കപ്പിത്താൻ ചൂണ്ടക്കാണിച്ചു കൊടുക്കുന്നുണ്ട്. തിമിംഗലത്തിന്റെ പുറത്ത് പൊടുന്നനെ രക്ഷപ്പെടുന്നതു് ബുദ്ധനെ പ്രാർത്ഥിച്ചിട്ടാണ്. ജൈനസാഹിത്യത്തിലെ ധർമ്മകഥകളിൽ ഒന്നിൽ കപ്പൽയാത്രക്കാർ ഒരു ദ്വീപിൽ സ്വർണ്ണഖനി കണ്ടെത്തുന്നു. അവിടെ വയസൻകഥാപാത്രങ്ങളുണ്ട്. അവിടത്തെ സുഗന്ധവൃക്ഷങ്ങളുടെ സാമീപ്യം. ബോധക്കേടുപാടുന്ന യാത്രക്കാർ തിരിച്ചുവന്ന് രാജാവിനു് തിരുമുൽക്കാഴ്ച വച്ചു. വീണ്ടും പോയി ഒരു വയസൻ കുതിരയെ കൊണ്ടുവരാൻ രാജാവിന്റെ കല്പനയുണ്ടായി. വയസൻ കുതിരയെ പിടിക്കുന്നതിനുള്ള കെണിയുടെ രഹസ്യവും അവർ മനസ്സിലാക്കിയിരുന്നു. കുതിരയുടെ പുറത്തുകയറിയിരുന്നാൽ കുതിരയുടെ കഴുത്തിലെ കുരുക്കിൽ കുടുങ്ങുന്നതുകൊണ്ട് അവർ കുതിരയുടെ കഴുത്തിൽ കുരുക്കിടാതെ കുതിരയുടെ പുറത്തുകയറി. കുതിരയുടെ കഴുത്തിലെ കുരുക്കിൽ കുടുങ്ങിയ വയസനെ അവർ കൊന്നുകളഞ്ഞു. കുതിരയുടെ കഴുത്തിലെ കുരുക്കിൽ കുടുങ്ങിയ വയസനെ അവർ കൊന്നുകളഞ്ഞു. കുതിരയുടെ കഴുത്തിലെ കുരുക്കിൽ കുടുങ്ങിയ വയസനെ അവർ കൊന്നുകളഞ്ഞു.

നിർബ്ബന്ധം കൊണ്ടയാൾ അവരുടെ കപ്പിത്താനായി യാത്രയായു. സമുദ്രക്ഷോഭം ഉണ്ടാകുമ്പോൾ വെള്ളത്തിൽ സ്വീകൃപത്തിലുള്ള മത്സ്യങ്ങളെ കണ്ടു. അപൂർവ്വമായ സമുദ്രത്തിലെ മത്സ്യങ്ങളാണെന്ന് കപ്പിത്താൻ പറഞ്ഞുകൊടുത്തു. കപ്പൽ നിയന്ത്രണാതീതമായി പല കടലുകൾ തരണംചെയ്തു. ഒരുനിറഞ്ഞ കടൽപ്പച്ച നിറം പോലെ കരിംനീലനിറമുള്ള കടൽ ഒടുവിൽ കുറിയുടെ അറിവിലെത്തിയെന്ന് കപ്പിത്താൻ പ്രഖ്യാപിക്കുന്നു. മിക്കവരും കേൾക്കുന്നതു് ജ്വാലാമുഖി പർവ്വതത്തിന്റെ നിന്നടുക്കുന്നു" കപ്പിത്താൻ അറിയിക്കുന്നു. പർവ്വതത്തിലേറിച്ചു തകരാതെ കപ്പൽ നിന്നു. ശ്രദ്ധേയമായി കപ്പിൽ അവർ [illegible] കല്ലും വാരി നിറയ്ക്കുന്നു. തുടങ്ങി വന്നപ്പോഴാണ് വ്യാപാരികൾക്ക് മനസ്സിലായതു് ആ കല്ലും മണ്ണുമെല്ലാം സ്വർണ്ണവും രത്നവുമാണെന്നു്.

കഥയുമുണ്ട്.

സിൻബാദിന്റെ ഏഴ സമുദ്രയാത്രാനുഭവങ്ങൾ വായിച്ചുനോക്കുന്നവർക്ക് ആ കഥകളിൽ ഹോമറുടെ ഒഡിസിയിലെ സംസ്മാരമല്ല. മുകളിൽ ചൂട്ടിക്കാട്ടിയ ഇന്ത്യൻ സമുദ്രസഞ്ചാരകഥകളുടെ സംസ്മാരമാണ് ആദ്യന്തം വ്യാപരിച്ചിരിക്കുന്നതെന്ന് സ്പഷ്ടം. റോക്ക് എന്ന പക്ഷിയും തിമിംഗലവുമെല്ലാം കുതിരയും, പാമ്പുകളും ആനകളും തെങ്ങും, കർപ്പൂരവും എല്ലാം സിൻബാദിന്റെ കഥകളിൽ വന്നതു് ഇന്ത്യൻ നാവികകഥകളിൽനിന്നുതന്നെ. ബി. സി. 5-ാം നൂറ്റാണ്ടിലെതൊട്ട് എ ഡി 6-ാം നൂറ്റാണ്ടുവരെയുള്ള കലഘട്ടങ്ങളിൽ രൂപപ്പെട്ടവയാണ്. മുകളിൽ സൂചിപ്പിച്ചതായ ഇന്ത്യൻ കഥകൾ. അവ പേഴ്സ്യക്കാർവഴി അറബികൾക്കു ലഭിച്ചു. നാവികന്മാരുടെയും വ്യാപാരികളുടെയും നാവുകളിലൂടെ അതിശയോക്തി കലർന്ന പല സഞ്ചാരകഥകളും നേരിട്ടു കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ടാകുമെന്നതും ഓർക്കേണ്ടതുണ്ട്. മദ്ധ്യേഷ്യലിൽ രേഖപ്പെടുത്തിയ ഒരു കപ്പൽയാത്രാകഥ മെസൻ പിരാറ്റസ് ബർഗൽ സൂക്ഷിച്ചിട്ടുണ്ടെന്നും അതു് ബി.സി 3000 ത്തിനടുപ്പമുള്ളതാണെന്നും അത്തരം യവനകഥാപാരമ്പര്യമാണ് സിൻബാദിന്റെ സാഹസയാത്രാകഥകളുടെ ഉറവിടമെന്നു് കരുതാനും ഭാരതീയ കൃതികളുടെ പഴക്കത്തേയും പേഴ്സ്യൻവഴിക്കുള്ള പ്രചാരത്തേയും കുറിച്ച് ഇന്തോ-ജർമ്മാനിക പണ്ഡിതന്മാരുടെ ഗവേഷണങ്ങൾ വെളിപ്പെടുത്തുന്നതെല്ലാം പറഞ്ഞു നാകരിക്കാനും ബർട്ടനു് എളുപ്പം സാധിക്കുന്നുണ്ട്. കഥകളുടെ സാന്ദർഭികമായ അടുപ്പം തന്നെ ബർട്ടനു് തക്ക മറുപടി നൽകുന്നു.

തിരുക്കഥകൾ

ഇനി പക്ഷിമൃഗാദികളെ പാത്രങ്ങളാക്കിക്കൊണ്ടുള്ള കഥകളുടെ—തിരുക്കഥകളുടെ—ഉൽപത്തിയെക്കുറിച്ചാണ് ആലോചിക്കാനുള്ളതു് ആയിരത്തൊന്നു രാവുകളിലെ ഏറ്റവും പഴക്കമുള്ള കഥകളാണവ. അറബിക്കഥാകാരന്മാർക്ക് അത്തരം കഥകൾ രചിക്കുവാൻ പ്രചോദനവും മാതൃകയും ലഭിച്ചതു് ഇന്ത്യൻ കഥകളിൽ നിന്നുതന്നെ. ഇതു് അല്പം വിശദീകരിക്കേണ്ടിയിരിക്കുന്നു.

ലോകത്തിലെ തിരുക്കഥകളുടെ ചരിത്രത്തിൽ ഭാരതീയരുടെ പാരമ്പര്യത്തനാണ് ഏറ്റവും പഴക്കം തോന്നുന്നതു്. ബോധനത്തിനായി നർമ്മരാവനയോടെ തിരുക്കഥകളെ പാത്രങ്ങളാക്കി സംസാരിപ്പിക്കുന്ന സമ്പ്രദായം വൈദികകാലങ്ങളേക്കാൾ പഴക്കമുള്ളതാണ്. ഉപനിഷത്തുകളിൽ കാളിയും പാമ്പും മനുഷ്യരെ ഉപദേശിക്കുന്നതും, ശപിക്കൽ മന്ത്രോച്ചാരണം ചെയ്യുന്നതുമായ സന്ദർഭങ്ങളുണ്ടല്ലോ. മഹാഭാരതത്തിലും പല കിരാപാത്രങ്ങളും തിരുക്കഥകൾ പറയുന്നുണ്ട്. സിന്ധുനദീതട സംസ്ക്കാരം വൈദികകാലത്തേക്കാൾ പഴക്കമുള്ളതായിട്ടാണല്ലോ ഗവേഷകർ നിർണ്ണയിച്ചിട്ടുള്ളതു്. ഹാരപ്പായിൽ നിന്നു കിട്ടിയ മൺപാത്രങ്ങളിൽ ചിലതു് പക്ഷിമൃഗാദികളുടെ ചിത്രങ്ങളാൽ അലംകൃതമായ രീതിയിലാണെന്നും ശ്രദ്ധേയമാണ്. ഈ പൗരാണിക പാരമ്പര്യത്തിന്റെ ഉൽക്കൃഷ്ടഫലമാണ് പഞ്ചതന്ത്രം. തന്ത്രാഖ്യായിക, ഹിതോപദേശം എന്നെല്ലാം പല പേരിൽ പല പതിപ്പുകളുള്ള പഞ്ചതന്ത്രത്തിന്റെ മൂലം കണ്ടു കിട്ടിയിട്ടില്ല. അതു് പേഴ്സ്യക്കാരും അറബികളും പണ്ടു കണ്ടിരിക്കണം. തന്ത്രാഖ്യായിക എന്നപേരുള്ള പതിപ്പാണ് ഏറ്റവും പഴയതെന്നും അതു് ബുദ്ധമതാനുയായിയായ ജ്ഞാനകഥാകാരൻ വളരെ മുൻപുണ്ടായതാണെന്നും പണ്ഡിത ഗവേഷകനായ ഹെർട്ടലിന്റെ സൂക്ഷ്മപരിശോധന വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ ഉദ്ഭവം ബി. സി. 5-ാം നൂറ്റാണ്ടിനടുപ്പമാകാനിടയില്ലെന്നതിനു തെളിവുണ്ട്. പഞ്ചതന്ത്രത്തെക്കുറിച്ച് വിശേഷപഠനം നടത്തിയ ജർമ്മൻ പണ്ഡിതനായ തിയഡോർ ബെൻഫി എല്ലാ ഇന്ത്യൻ കഥകളുടെയും ഉദ്ഭവം ബുദ്ധമതത്തിൽ നിന്നാണെന്ന ഒരു നിഗമനത്തിലെത്തി. അദ്ദേഹം അങ്ങനെ ഒരു തീർപ്പിലെത്താൻ കാരണം പഞ്ചതന്ത്രകഥകളിൽ ചിലതിൽ ബുദ്ധമതസ്വാധീനമുള്ളതായിരുന്നു. പഞ്ചതന്ത്രകഥകളിൽ പൊതുവേ ബുദ്ധമതസ്വാധീനം കാണാത്തതു് ബ്രാഹ്മണരക്ഷകർ ആ കഥകൾ പരിഷ്കരിച്ചപ്പോൾ [illegible]

ലേഖകൻ

കരുതുന്നു. ക്രിസ്തുവിനു മുമ്പ് ഇരുപത്തഞ്ചാം നൂറ്റാണ്ടിൽ ബുദ്ധമതാനുസാരികളാണെന്ന് ഇദ്ദേഹം പറയുന്നുണ്ട്. എന്നാൽ പുൽക്കാലത്തു് ജാതക കഥകളുടെ പ്രകാശനത്തോടെ ഈ വാദം ദുർബ്ബലമായി. ജാതകകഥകളിൽ പഞ്ചതന്ത്രകഥകൾ പലതും ബുദ്ധമതാനുസാരമാക്കി മാറ്റിയെടുത്തു കാണാം. ബൻഫായ്ക്കാനിടയായ പഞ്ചതന്ത്രകഥകൾ ബുദ്ധമതക്കാരുടെ കൈപിടിയിലൂടെ രൂപപ്പെട്ടതാകണമെന്നും പഞ്ചതന്ത്രം ബ്രാഹ്മണമതാനുസാരമുള്ള പ്രചിനകൃതിയാണെന്നും മെക്രിൻഡിൽ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചതന്ത്രം ഈസോപ്പിന്റെ കഥകളുടെ സ്വാധീനത്താൽ ബി. സി 2 -ാം ആണ്ടോടുകൂടി ഉണ്ടായതാണെന്നും ബൻഫി അഭിപ്രായപ്പെടുന്നുണ്ട്. ഈസോപ്പിന്റെ കാലം ബി. സി. 6-ാം നൂറ്റാണ്ടായി ഗണിക്കപ്പെട്ടിരിക്കയാൽ ഈസോപ്പ് കഥകൾ ഇന്ത്യയിലെത്താൻ അതിനും കാലം വേണ്ടി വരുമെന്ന ഒരു യുക്തിയായ ഈ കാലകല്പനയായി ഇല്ല. 1873-ൽ അലഹബാദിനടുത്തുള്ള ഭർഹട്ടിൽകണ്ണിംഗ്ഹാം കണ്ടെത്തിയ സ്തൂപത്തിന്റെ കാലം ബി. സി 250 ആണെന്നു നിർണ്ണയിച്ചിട്ടുണ്ടു്. ഈ സ്തൂപത്തിൽ ജാതകകഥകൾ വരിച്ചിട്ടുണ്ടു്. ജാതകകഥകൾ ക്രിസ്തുവിനു മുമ്പ് 4-ാം നൂറ്റാണ്ടിലെങ്കിലും രൂപപ്പെട്ടിരുന്നു പഞ്ചതന്ത്രകഥകൾ ഈ ജാതകങ്ങളിൽ നിന്നുണ്ടായതാണെന്നും അഭിപ്രായങ്ങൾ പ്രചരിച്ചിരുന്നു. എന്നാൽ പഞ്ചതന്ത്രത്തിന്റെ ഉത്ഭവം ജാതകങ്ങളിൽനിന്നാണെന്നു പറയുന്നതിനു ശക്തിയായ തെളിവുകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ഈസോപ്പിന്റെ കഥകളുടെ സ്വാധീനത്തിൽ ഉണ്ടായത

കൾ മേഞ്ഞു നടക്കുന്നു. അവരുടെ ഗുഹ്യ സ്രാവത്തിന്റെ കൂട്ടായ ഗന്ധം അവിടെയെങ്ങും പരത്തുകിടക്കുന്നു. വെള്ളത്തൊട്ടിക്കുള്ളിൽ അർഷ്യ പോലെ കത്തിയുരുകുന്ന ചീയൽ പാറുന്നു. ഡോക്ടർ, ലക്ഷണമൊത്ത ഈ ജീവിതം ഇനിയും ഞാനി!

11

ഈ പരസ്പരയുദ്ധത്തിന്റെയും അവജ്ഞയുടെയും പൊരുൾ ഈ പതിനൊന്നാമത്തെ മണിക്കൂറിൽ, ഇപ്പോൾ, എനിക്ക് ബോധ്യമാവുന്നു. അവൾ വിനിമയം ചെയ്യാനാഗ്രഹിച്ചത്, ഈ ബാഹ്യവേഷത്തെക്കാൾ അവർ തമ്മിലുള്ള വ്യക്തിധാരണയായിരിക്കും. ഈ പുറം പൂച്ചിലും കവിഞ്ഞ് അവൾക്കുള്ളിൽ എനിക്കപരിചിതയായ മറ്റൊരു വ്യക്തിയുണ്ടോ? ഡയറിയിലെ വരികളിലൂടെ പരദൂഷണരസികയായ അനഭ്യസ്ത? മറ്റൊരുവൾ? നിത്യജീവിതത്തിന്നിടയിൽ ഉപയോഗിക്കാൻ അവസരവും ഉൾപ്രേരണയുമില്ലാത്ത സഹൃദയം ബോധത്തിൽകടലാസിൽ പകർത്തിയ കവിവാക്കുകൾ, ഉദ്ധരണികൾ? അവൾ ആഹ്ലാദചിത്തയായിരുന്ന തോന്നിയ കാലഖണ്ഡമായിരുന്നു. ഞങ്ങളുടെ മനുഷ്യവാസകൾ പരസ്പരംകൊണ്ട മറ്റുള്ളതെ അന്യോന്യം സന്തോഷിക്കാൻ കഴിയുമെന്നു തോന്നിയ കാലങ്ങൾ. ബദ്ധശത്രുക്കളായിരിക്കാൻ വേണ്ടുന്നത്ര സാമാനവ്യക്തിത്വം ഞങ്ങൾക്കുണ്ടായിരുന്നു. കൊള്ളാവുന്നതിലധികം അവശ്യപ്പെടാനും ആവശ്യപ്പെട്ടതിനപ്പൊല്ലി കലഹിക്കാനും ഞങ്ങൾ അഭ്യസിച്ചു. ആകസ്മികമായി പരിവേഷപ്രകടനം നടത്തിയപ്പോൾ അത്യാഹ്ലാദം കൗതുകമായിരുന്നു. ഒരുപക്ഷേ മറ്റൊരുവ്യക്തിയുടെ അന്തർഗതമറിയാനുള്ള ജിജ്ഞാസയായിരിക്കണം. മുറത്തു് ഏഴ്ലും പാലക്കീഴെ ചൂടിൽവാടിയുൾപ്പെടുള്ളുകൾ. നീറിപ്പുന്ന സിമന്റുറഗുകൾ. ഇരുമ്പുകയറിനു കമ്പിവേലികൾ. ആകലെ പഴഞ്ഞണി പട്ടണത്തിന്റെ ശബ്ദങ്ങൾ വിങ്ങിപ്പിടിയ മണ്ണിൻ പുറുകളുടെ ആകാശങ്ങളിൽ ഉച്ചവെയിലിന്റെ കമ്പിത്തിരികൾ വെയിലലകളുടെ കൊമ്പനപാടകൾ പിറിവിഴുന്ന ഉദ്യാനത്തിന്റെ പ്രാരാബ്ധമറിയാത്ത അനന്തുമികൾ ഉച്ചവെയിലിൽകളുന്നു. മുറി

കെ. പി. നിർമ്മൽകുമാർ

ക്കുള്ളിൽ വെയിലിന്റെ പതർച്ചയിൽ ഞങ്ങളുടെ കണ്ണുകൾ അടഞ്ഞു. കണ്പോളകൾക്കകത്തെ ഇളം ചുവപ്പുവകൾക്കകത്ത് വിവാഹദല്ലാളകളെപോലെ ഭവ്യതയിൽ കാത്തുനിൽക്കുന്ന കൂടിനേറ നീർകയങ്ങളിൽ അടിപിഴച്ചു ഞങ്ങൾ വീണുകൊണ്ടിരുന്നു. സൗജന്യ വിചാരോപദേശം നൽകുന്ന ഡോക്ടർ, ഒരുവർഷത്തെ വരിസംഖ്യയാത്രം നൽകുന്ന ഒന്നുമില്ല ഇനി വീണ്ടെടുക്കാൻ, നഷ്ടപ്പെടാൻ ആഗ്രഹങ്ങളുടെ സുവർണ്ണചിത്രങ്ങൾ മാഞ്ഞുപോയ അകച്ചുവരുകൾ നഗ്നമാക്കിയ ജനലുകളും വായിലകളും കൊടിയടച്ചിട്ടും പൊടിപാടികിടന്ന മുറിയിൽ നിദ്രാസന്നരായി ഞങ്ങൾ അക്ഷരയിൽ സ്ഥിതിചെയ്തു. കുറച്ചു സമയം ഞങ്ങൾ നിദ്രാപൂർവ്വ അന്യോന്യം നോക്കി, പിന്നെ പുറവും നോക്കി, അടഞ്ഞ വാതായനങ്ങൾക്കകത്ത് ബന്ധിക്കപ്പെട്ടതറിഞ്ഞ്, നിഷ്ക്രിയമായൊരു ബന്ധുതക്കായി ഇരുവരിലേക്കായി പ്രവേശിച്ചു.

(അവസാനിച്ചു.)

എം. കൃഷ്ണൻനായർ

ധനികൻ ധനത്താൽ നശിക്കുന്നു; അഹങ്കാരി അഹങ്കാരത്താൽ നശിക്കുന്നു; വിനയമുള്ളവൻ വിനയത്താൽ നശിക്കുന്നു— ജർമ്മൻ നോവലിസ്റ്റായ ഹെർമാൻ ഹെസ്സെയുടെ "ഷ്വെപാൻവൊൾഫ്" എന്ന നോവലിൽ ഈ അർത്ഥത്തിൽ ഒരു വാക്യമുണ്ട്. പ്രതിഭാശാലിയായ ഹെസ്സെയുടെ ഈ മതം ശരിയാണെന്ന് ഇവിടെ എടുത്തുപറയേണ്ടതില്ല. വിധേയത്വമുള്ളവൻ അവനേറ ആ ആജ്ഞാനുവർത്തിത്വംകൊണ്ടുതന്നെ ദുരന്തത്തിലെത്തുന്നതു നാം പലപ്പോഴും കണ്ടിരിക്കും. കാരുണ്യമുള്ളവൻ ആ നല്ല ഗുണത്താൽ തകർന്നടിയുന്നതിന്റെ ഒരു ചിത്രം പ്രിയപ്പെട്ട വായനക്കാരെ ദർശിക്കണമെന്നുണ്ടോ? ഉണ്ടെങ്കിൽ മാതൃഭൂമി റിപ്പബ്ലിക് പതിപ്പിൽ ശ്രീ. ഐ. കെ. കെ. എം എഴുതിയ "അപരാധം" എന്ന നല്ല കഥ വായിച്ചുനോക്കുക. കൊൾ കാലത്തെഴുന്നേറ്റു് മത്തങ്ങാക്കൃഷി നോക്കാൻ പോകുമ്പോൾ ആരോ ഉപേക്ഷിച്ച ഒരു കഞ്ഞു് ചെളിയിൽ കിടക്കുന്നതു കണ്ടു. അയാൾ ദയയുടെ പേരിൽ അതിനെയെടുത്തു വീട്ടിൽ കൊണ്ടുവന്നു. മാരകമ്മ് ലോഭം സംശയം. പിന്നീട് പൊലീസിനു് ശരിയാത്ത സംശയം. കഞ്ഞിനെ അനാഥാലയത്തിൽ വളർത്താൻ ഏല്പിച്ചിട്ടും സംശയത്തിന്റെ അഗ്നി കെട്ടടങ്ങുന്നില്ല. നാട്ടുകാർ ആ മനുഷ്യനെ വ്യഭിചാരിയായി സങ്കല്പിച്ചു. അയാൾ കേൾക്കെയും കേൾക്കാതെയും അസഭ്യങ്ങൾ പറഞ്ഞു. തന്മാനത്തിൻ എത്തിയതിനശേഷം ബഹുജനം അപവാദവ്യവസായം തുടങ്ങിയാൽ പ്പിക്കാൻ നമുടെ കഥാകാരനു കഴിവുണ്ടു്. മുൻപു് പലപ്പോഴും അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള ഈ വൈദഗ്ദ്ധ്യം ഇക്കഥയിലും കാണുന്നു.

'നന്മയുണ്ടെങ്കിൽ നാശം' എന്നതിനു തെളിവായി ഒരു യഥാർത്ഥ സംഭവംകൂടി പറഞ്ഞിട്ട് ഇതു് അവസാനിപ്പിക്കാം. അദ്ദേഹം പ്രശസ്തനായ വാഗ്മിയും പ്രഖ്യാതനായ വിദ്യാഭ്യാസ ശാസ്ത്രജ്ഞനുമാണു്. വളർക്കാരിച്ചതു് സന്മേളനത്തിനു പോയിട്ട് അദ്ദേഹം തിരുവനന്തപുരത്തേക്കു മടങ്ങിപ്പോരുകയായിരുന്നു. ഊട്ടി കഴിഞ്ഞു് ഒരു വിജനസ്ഥലത്തെത്തിയപ്പോൾ കാർ വൻ കാടുനിറുത്താൻ ഡ്രൈവർക്കു ശങ്കിച്ചു. കാരണമെന്തു് അങ്ങനെ കാടുനിറുത്തുന്നു ശങ്കിച്ചതെന്നു വിചാരിച്ചു് ഡ്രൈവർ

ആക്സിലറേറ്ററിൽനിന്നുകാലെടുത്തില്ല. പക്ഷേ ദൈവത്തിന്റെ കാരുണ്യം ഉണ്ടായി. ബസ്സ് കിട്ടാതെ വിഷമിച്ചുനില്ക്കുന്ന അയാളെ കാറിൽ കയറ്റി അദ്ദേഹം യാത്ര തുടർന്നു. കാറ് പിന്നെയും പത്തുപതിനഞ്ചു നാഴിക സഞ്ചരിച്ചു. ഒരു പട്ടണത്തിന്റെ നാല്പുവഴിയിൽ എത്തിയപ്പോൾ യൂണിഫോം ധരിച്ച പൊലീസുകാർ കാറ് നിറുത്തി എല്ലാവരെയും അറസ്റ്റ് ചെയ്തു: അപ്പോഴാണ് താൻ കയറ്റിക്കൊണ്ടുവന്ന ആൾ കൊലപാതകിയാണെന്നും അയാൾ കാറിൽ കയറിയ വിവരം കമ്പിയില്ലാക്കമ്പിവഴിയായി പട്ടണത്തിലെ പൊലീസിനെ അറിയിക്കേണ്ടവർ അറിയിച്ചിരുന്നതാണെന്നും അദ്ദേഹം മനസ്സിലാക്കിയത്. അദ്ദേഹം സ്തോഭനിലായി. ജാമ്യത്തിലിറങ്ങിപ്പോരാൻ പിന്നെയും രണ്ടുദിവസത്തോളം വേണ്ടിവന്നു എന്നാണ് ഞാൻ അറിഞ്ഞത്. ആസ്ട്രേലിയയിലെ കാട്ടുജാതിക്കാർ വളഞ്ഞ മരത്തടം ഗദയെയുണ്ട് ശത്രുക്കളെ എറിഞ്ഞാറുണ്ട്. അതു ശത്രുവിനെ കൊന്നിട്ട് തിരിച്ചു് എറിഞ്ഞവന്റെ അടുക്കലെത്തും. അതിനെ ബൂമറാങ് എന്ന വിളിക്കുന്നു. മനുഷ്യനെസ്സംബന്ധിച്ചിടത്തോളം കാരുണ്യം ബൂമറാങ്ങാണ്. സ്ത്രീകളുടെ നേർക്കാണ് അതെറിയുന്നതെങ്കിൽ പ്രയോക്താവായ പുരുഷൻ തീർച്ചയായും അതിന്റെ ആഘാതമേറ്റു മരിക്കും. പുരുഷന്റെ നേർക്കെറിഞ്ഞാൽ എറിയുന്നവരെ വല്ലാത്ത ക്ഷതം പറ്റും. അതുകൊണ്ട് ദയയെന്ന ബൂമറാങ് എറിയണമെന്നുണ്ടെങ്കിൽ കുട്ടികളേ നിങ്ങൾ പുരുഷന്മാരുടെ നേർക്കു മാത്രം അതെറിഞ്ഞാലും. മരിക്കുന്നതിനേക്കാൾ ഭേദമാണല്ലോ മുറിവേറ്റു ജീവിക്കുന്നു.

* * *

മഹാനായ ഒരു ചിന്തകൻ നിത്യേ ദുഃഖിക്കുന്നതാണ് മരിച്ചത്. മാനസികമായ പ്രക്രിയകളെ നിരീക്ഷിക്കുന്നതിലുമുപരി മനുഷ്യന്റെ ഏറ്റവും ഉത്കൃഷ്ടമായ ശക്തി എഴുത്തിൽക്കൂടിയാണെന്ന് അദ്ദേഹം വിചാരിച്ചിരുന്നു. ആ അഭിപ്രായം സഫലീകരിച്ചില്ല. എന്നാലും കുറച്ചുകാലം നിരീക്ഷണങ്ങളും അനുഭവങ്ങളും നമുക്കു ലഭിച്ചു. അതുതന്നെ ധാരാളം. അദ്ദേഹം അസന്തുഷ്ടനായിട്ടാണ് മരിച്ചതെന്നു് ഒരു സുഹൃത്ത് പ്രസ്താവിക്കുന്നു:— "ഞാൻ എഴുതാൻ പോകുന്നു" അങ്ങനെ ഒരു ശരാബുങ്ങളുടെ ചരിത്രമാണ്. എന്നു സംഭവിക്കുമെന്നു് എന്നു് സംഭവിച്ചേ തീരൂ എന്നാണ് ഞാൻ പ്രതിപാദിക്കാം. അതു ശൂന്യതയുടെ വിജയമാണു്." (triuuph of nihilism). [വില്യംബാരറ്റിന്റെ പുസ്തകത്തിൽ നിന്നു് ഉദ്ധരിക്കുന്നു.] നിത്യേ പ്രഖ്യാപിച്ചതുപോലെ സംഭവിച്ചിരിക്കുന്നു. ഇതു ശൂന്യതയുടെ കാലഘട്ടംതന്നെ. പ്രധാനരായ കലാകാരന്മാർ ശൂന്യതയുടെ ഉദ്ഘോഷകരായി നമ്മുടെ മുമ്പിൽ നില്ക്കുന്നു. കാഫ്കാ, കമ്യൂ, ഫോക്നർ, ബക്കറ്റ്, ജാകോമെറ്റി ഇവരൊക്കെ ശൂന്യതാവാദികളത്രേ. ജീവിതത്തോടുള്ള വീക്ഷണഗതി അവലംബിച്ചുകൊണ്ട് ചിലർ ഇവരെ negative artists, positive artists എന്നു് രണ്ടായി തരം തിരിക്കുന്നു. കാഫ്കാ നിഷേധാത്മകമായ നിലപാടാണു് പ്രദർശിപ്പിക്കുന്നതു്. ബക്കറും അങ്ങനെതന്നെ. കമ്യു വിനെക്കുറിച്ചു് രണ്ടഭിപ്രായങ്ങളുണ്ടു്: ശൂന്യതയ്ക്കു് അദ്ദേഹം പരമ പ്രാധാന്യം കല്പിക്കുന്നുണ്ടെങ്കിലും അന്തിമമായി മനുഷ്യപ്രേമാത്മകപരത്തയാണു് ആ കലാകാരൻ വാഴ്ത്തുന്നതെന്നു് ചിലർ ചൂണ്ടിക്കാണിക്കുന്നു. ഇതു ശരിയാണോ എന്നു സംശയം. പ്ലേഗിന്റെ അണുക്കൾ മരിക്കില്ല നശിക്കുന്നില്ലെന്നും സാധാരണ കാലഘട്ടങ്ങളിൽപ്പോലും അവയുടെ ആക്രമണം ഉണ്ടാകാറുണ്ടെന്നും വ്യക്തമാക്കിക്കൊണ്ടാണു് കമ്യു 'പ്ലേഗ്' എന്ന നോവൽ അവസാനിപ്പിക്കുന്നതു്. ഇവിടത്തെ വീക്ഷണഗതി നിശ്ചയാത്മകമാണെന്നതിൽ എന്തുണ്ടു് സംശയം?

ശ്രീ. ഒ. വി. വിജയൻ പ്രതിഭാശാലിയായ negative artist ആണെന്നു് ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ അത്യന്തസുന്ദരമായ "ഖസാക്കിന്റെ ഇതിഹാസം" ശൂന്യതയെപ്രതിപാദിക്കുന്നതാണു് ആവിഷ്കരിക്കുന്നതു്. കലാകൗമുദിയിൽ അദ്ദേഹമെഴുതിയ "ചവിട്ടുവണ്ടി" എന്ന ചേതോഹരമായ ചെറുകഥയിലും ശൂന്യതയുടെ മഹാരാത്രി മുഖം കാണാം. പാലക്കാടിനു് അടുത്തുള്ള പുതിയനി എന്ന ഗ്രാമം. വികോറിയ രാജ്ഞിയുടെ കാലം. ആ ഗ്രാമത്തിൽ പിതൃവേണ് കാലക്രമത്തിൽ യുവാവായിത്തീർന്ന പണ്ടിയുടെ കഥ പറയുകയാണു് വിജയൻ. മതപരിവർത്തനം എന്ന ലക്ഷ്യത്തോടെ ഒരു മിഷനറിയെത്തിയ ക്രിസ്ത്യൻ മിഷനറിമാരോടു് അപരിഹിതബന്ധം പുലർത്തിയ സുന്ദരനായ പണ്ടിയാത്രികയുടെ സ്മരണയുടെ സിംബലായ സൈക്കിൾ അവരിൽനിന്നു നേടുന്നു. അതുകണ്ടു് ആ ഗ്രാമവാസികൾ അമ്പരന്നു. പണ്ടിക്കു സൈക്കിൾ ഓടിക്കാനറിയാം.. പക്ഷേ അവൻ കയറാനും കയറിയാൽ ഇറങ്ങാനോ അറിഞ്ഞുകൂടാ. മറ്റുള്ളവരെ അയാളെ അതിലേറ്റുന്നു് ഇരുത്തണം. ഓടിവരുന്ന ചവിട്ടുവണ്ടി തടഞ്ഞുനിറുത്തി അയാളെ ഇറക്കിവിടണം. മനസ്സിനു് സംഭവിക്കുന്ന വികാസമില്ലാത്ത പ്രാകൃതൻ യന്ത്രവിദ്യാസംബന്ധിയായ പരിഷ്കാരത്തിൽ ബലാത്കാരമായി എടുത്തുയർത്തപ്പെട്ടാൽ ഇങ്ങനെയൊക്കെതന്നെ സംഭവിക്കും. പണ്ടി മതം മാറി പത്രോസായവനാണു്. എങ്കിലും നിഷ്കളങ്കരായ ഗ്രാമവാസികളുടെ മുൻപിൽ പണ്ടിയായിട്ടുതന്നെ അയാൾ കഴിഞ്ഞുകൂടി. ഗ്രഹണങ്ങളുടെ ഇൻഷ്വറൻസ് കമ്പനി നടത്തി പണം സമ്പാദിച്ചുകൊണ്ടു് അവൻ കന്നേകളയുമ്പോൾ കഥ അവസാനിക്കുന്നു. അതിനു മുൻപു് അമ്മയുടെ പ്രായമുള്ള ഒരു കല്യാണിയെ അയാൾ ആപന്നസത്ത്വയാക്കി ആത്മഹത്യയിലേക്കു നയിക്കുന്നുണ്ടു്. മനുഷ്യജീവിതം ഇങ്ങനെയൊക്കെയാണു്; അതിനു് ഒരന്ത്യമില്ല; ശൂന്യത അതിന്റെ എല്ലാ മണ്ഡലങ്ങളിലും യുദ്ധമാടുന്നു; മൃത്യുദൂതർ തകർപ്പു വീഴുന്നു. ഇതെല്ലാം ഒ. വി. വിജയൻ മനോഹരമായി ചിത്രീകരിക്കുന്നു. ഈ വിഷാദാത്മകമായ വീക്ഷണഗതി മനഃക്ലേശകരമായ ആവിഷ്കരിക്കപ്പെടുന്നതുകൊണ്ടു് അനുവാചകൻ ആഹ്ലാദിക്കുന്നു. പ്രസാദാത്മകപ്രമാണു് ശരിയായ വീക്ഷണമാർഗ്ഗം എന്ന അഭിപ്രായമുള്ളവർക്കും കലാസൃഷ്ടിയെന്ന നിലയിൽ ഇതു് ആസ്വാദ്യമായി ബോധിക്കുന്നു. ഇങ്ങനെ വായിക്കുമ്പോൾ പുതിയനി എന്ന ഗ്രാമത്തിൽ നാം ചെന്ന നില്ക്കുന്നതുപോലെ തോന്നും. അതാണു് കലയുടെ മാന്ത്രിക പ്രഭാവം.

* * *

1973-ൽ നൊബേൽ സമ്മാനം നേടിയ പാടിക് ടെവറിന്റെ "The Tree of Man" എന്ന മനോഹരമായ നോവൽ ഇന്നു വായിച്ചു തീർത്തതേയുള്ളൂ. നോവൽ ആരംഭിക്കുമ്പോൾ ഒരു കുതിര, കുശവൻ ഇവയോടുകൂടി ഒരു കാട്ടുപ്രദേശത്തു് എത്തുന്ന സ്റ്റാൻ പാക്കറെന്നു യുവാവിനെ നാം കാണുന്നു അയൾ അവിടെയൊരു കുടിലുകെട്ടി താമസമായി. ദിനങ്ങൾ കഴിഞ്ഞു. അയാൾ വിവാഹം കഴിച്ചു. അയാൾക്കു കുഞ്ഞുങ്ങളുണ്ടായി; പേരക്കുട്ടികളുണ്ടായി. അവരിലൊപലരും വിവാഹംകഴിഞ്ഞുപോയി സ്റ്റാൻ പാക്കർ വളരെവൃദ്ധനായി. ഒരു ദിവസം മരണം അയാളെ ഗ്രസിക്കുകയും ചെയ്തു സ്റ്റാനിന്റെ ഭാര്യ എല്ലാ ശക്തികളോടും കൂടി അയാളെ വലിഞ്ഞുമുറുക്കി. പക്ഷേ, ആ വൃദ്ധകൃഷകൻ അവളിൽ നിന്നു രക്ഷപ്പെടുകയായിരുന്നു. മാരു, ഈ അന്ത്യം മുൻകൂട്ടി കണ്ടതു കൊണ്ട് അധികം കരഞ്ഞില്ല...പിന്നെന്തുണ്ടു് മരങ്ങൾ മാത്രം. ആരും ചെല്ലാത്ത ഒരു ഉണ്ടുമിയിൽ മരങ്ങൾ നില്ക്കുന്നു. അവസ്ഥിടയിലൂടെ മരിച്ച കർഷകന്റെ മകളുടെ മകൻ നടന്നു. ഫരിതാരങ്ങളായ ചിന്തയുടെ അങ്കുരങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടാണ് അവന്റെ നടത്തം. ഇതാ ഗ്രന്ഥകാരൻ വാക്കുകൾ തന്നെ കേൾക്കുക:— **"So that in the end there were the trees. The boy walking through them with his head drooping as he increased in stature. Putting out shoots of green thought. So that in the end, there was no end. —** ഈ നോവൽ വായിക്കുന്നു് സാധാരണമായ ഒരനുഭവമാണു്. ഇതു വായിച്ചു കഴിഞ്ഞാൽ നിങ്ങൾ ജീവിതകർത്തവ്യങ്ങൾ മറക്കും; മാനസികോന്മേഷം ഉള്ളവനാകും. നിസ്സീമമായ ഒരു പ്രകാശമണ്ഡലത്തിൽ എത്തിച്ചേരും. ഇന്നു കാലത്തു് ഇതുപോലെ അവസാനത്തെ വാക്യം വായിച്ചു കഴിഞ്ഞു് ആഹ്ലാദപൂർവ്വം ഗ്രന്ഥമടച്ചുവച്ചു് ഞാൻ മലബ്രിധിലേക്കു പോയി; പാടിക് ടെവറിന്റെ അടുത്ത നോവലെടുക്കാൻ. അപ്പോൾ അസിസ്റ്റന്റ് ലൈബ്രേറിയന്റെ ചോദ്യം:— "മഹാശ്വേതാനാട്ടുപേരു വി. കെ. എന്നിന്റെ കഥയായിട്ടോ?" "ഇല്ല" എന്ന ഉത്തരം. വീണ്ടുംചോദ്യം:—"രാഷ്ട്രീയവാരഫലം ഇപ്പോഴും എഴുതുന്നുണ്ടോ?" ഉത്തരം:— "ഉണ്ടല്ലോ. ഏഴുപേരെ കൊല്ലുമായി കുഞ്ഞാലൻ ഓരോ ആഴ്ചയും

തീയായിരുന്നുവെന്ന് വായന തെളിയിച്ചു. രണ്ടാമൻ പ്രായത്തമയായി അണക്കെട്ടിനടുത്തുവരുന്നു. അവിടെ വന്നിരിക്കുമ്പോൾ പണ്ടൊരിക്കൽ രണ്ട പെൺകളിയോടു വേഴ്ചാനത്തിയതും അതിന്റെ ഫലമായി നാട്ടുകാരുടെ അടി വാങ്ങിച്ചതും ഓർത്തിക്കുന്നു. കുറെക്കഴിഞ്ഞു് അയാളും പ്രായത്തമയും തിരിച്ചു പോകുന്നു. സർവസാധാരണമായ ഈ കഥ പറഞ്ഞുതീർക്കാൻവേണ്ടി എല്ലാ "ക്ലീഷേ"യും കഥാകാരൻ പ്രയോഗിക്കുന്നു. "കവിളിലെ നുണക്കുഴികൾ", "നീണ്ടിടംപെട്ട കണ്ണുകൾ" "പഞ്ഞിക്കെട്ടുകൾപോലുള്ള മേഘങ്ങൾ" ഇങ്ങനെ പലതും.

തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവിനെയുള്ളു് മനോഹരമായ പുന്തോട്ടമുണ്ടു്. അവിടെ ചാരബഞ്ചുകളുമിട്ടുണ്ടു്. അതിൽ ഇരിക്കാം. ഇട്ടുകാരോടു വർത്തമാനം പറയാം. തെല്ലുറക്കെത്തന്നെ സംസാരിക്കാം. വേണമെങ്കിൽ ചുറ്റിനടക്കാം. പക്ഷേ ബഹളം വയ്ക്കാൻ പാടില്ല. അല്ല ചെയ്താൽ പോലീസു് പിടിച്ചുകൊണ്ടുപോകും. സാഹിത്യത്തിനു ചില നിയമങ്ങളുണ്ടു്. ആ നിയമങ്ങളെ അംഗീകരിച്ചുകൊണ്ടു് എഴുതുന്നതാണു് സ്വാതന്ത്ര്യവും ആകാം. അവയെ ലംഘിച്ചു് സാഹിത്യരചന നിർവഹിച്ചാൽ ബഹുജനം പ്രതിഷേധിക്കും. അത്യന്താധുനികർ അങ്ങനെ നിയമം ലംഘിക്കുന്നവരാണു്.

പുന്തോട്ടത്തിലെ പാതകളിൽ എത്ര നേരവേണമെങ്കിലും അങ്ങോട്ടുമിങ്ങോട്ടും നടക്കാം. എന്നാൽ ഇട്ടുതൽ പ്രാവശ്യം നടന്നാൽ കാഴ്ചക്കാർ പുച്ഛിക്കും. പോലീസുകാർ ചിരിക്കും. നിയമലംഘനമില്ലാത്തതുകൊണ്ടു് അവർ അറസ്റ്റു് ചെയ്യാൻ വരില്ല. സുവർണ്ണൻ ഒരേ പാതയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുകയാണു്. ക്ലീഷേ പ്രയോഗിക്കുന്നവരെല്ലാം ആ വ്യക്തിയിൽ നടക്കുന്നവരാണു്: സുവർണ്ണൻ! ഒരു തവണ നടക്കേണ്ടിടത്തു് സ്ഥാനത്തയാളുടെ ഇരുന്നു് മറിച്ചിനുമായി എന്തെങ്കിലും പറയു.

* * *

കപ്പുറത്തു് കണ്ടകാഴ്ച. ആകൃതിസൗന്ദര്യമുള്ള യുവാവു്, സുന്ദരിയായ തരുണി.

(ശേഷം 49-ൽ)

നഗ്നലാവണ്യം

വൈന്റെ പുക്കളെ എനിക്കു് വിട്ടു തരൂ എന്നായിരുന്നു അദ്ദേഹത പാടിയതു്. ആ രാത്രിയിൽ കാമുകൻ വരുമെന്നും, പതിവിനു വിപരീതമായി ഉമർഖയാം ബാറിനു മുൻവശത്തെ ബാങ്കറു് ഹാളിൽ ഒഴിഞ്ഞ മൂലയിൽ സ്ഥലം പിടിച്ചുമെന്നും അവളുടെ വശ്യമായ ഈരടികൾ കേൾക്കുകേൾക്കേ ഉണരുന്നു് സ്വത്തം വെണ്ണാനൊരുങ്ങുന്ന സദസ്സിൽ ഒരു ഇണയെ ലഭിക്കാതെ ഷിവാസു് റീഗലന്റെ തുള്ളികൾ നുണഞ്ഞു് ജെക്കോസ്ലൗക്യയുടെ ഗിറ്റാറിൽ നിന്നുയരുന്ന സിംഫണികൾക്കൊപ്പിച്ചു് കാർപ്പെറ്റിൽ കാലുകൾകൊണ്ടു് താളമിട്ടു് തലയാട്ടി ഇവളെ കൊതിയോടെ നോക്കിയിരിക്കുമെന്നും അദ്ദേഹത ധരിച്ചു. മറ്റെന്നേരം അവൻ ഫോൺ ചെയ്തു— നേരേ ഞാനിന്നു് നിന്റെയടുത്താണു്. നിന്റെ

ലഹരിയുറുന്ന ഗാനങ്ങൾക്കടുത്താണു് ഇന്നത്തെ രാത്രി. നീ ഇപ്പോൾ എന്തു ചെയ്യുന്നു—? അവന്റെ കുശലപ്രശ്നങ്ങൾ അവന്റെ വല്ലാത്ത ശബ്ദം! അവൾ മറുപടി പറഞ്ഞു: മൈ പൂവർ ബോയ്— ഞാനെന്റെ സ്യൂട്ടിലെ ബാത്തു് ടബ്ബിൽ. അറിയാമോ? ഇന്നു് എന്റെ ശരീരം മുഴുക്കെ ലിവ്-ടായിൽ പുരട്ടി മാസ്സേജു് ചെയ്തതാണു് ആരാണെന്നറിയാമോ—? ഗ്രൂപ് അസ്വാനി. ഈ ഓഫവ് സ്റ്റാർ ഹോട്ടലിന്റെ ഉടമ. റേയിസു് കോഴ്സിലെ നോട്ടപ്പുള്ളിയായ ബ്ലാക്കു് ബ്യൂഗിൾ എന്ന കുതിരയുടെ ഉടമസ്ഥൻ. കോടാനുകോടി സമ്പർണ്ണനിയുള്ളൂ് എസ്റ്റേറ്റുകൾ വാങ്ങിക്കൂട്ടുന്നവൻ. ആ സിന്ധിവ്യവസായി ഇപ്പോൾ എന്റെ ഈ സ്യൂട്ടിൽ നിന്നു് ഇറങ്ങിപ്പോയതേയുള്ളു. അറിയാമോ എന്റെ—അവന്റെ ചിരിയിൽ അല്പതയുടെ വാക്കുകൾ അലിഞ്ഞു. അവൻ ആ ചിരിയിലും പറയുന്നു. അല്ലെങ്കിൽ—നിന്റെ ഗാനങ്ങൾക്കടുത്താണു് ഇന്നത്തെ രാത്രി—

മൈക്കു് കയ്യിലേന്തിയപ്പോൾ അവൾക്കു് ആ ലഹരിയായിരുന്നു. ജെക്കോസ്ലൗക്യയുടെ ഇലക്ട്രിക് ഗിറ്റാറിൽ അവന്റെ വിരലുകളുണരുന്നതു് ശ്രദ്ധിച്ചു. മജയിംസിന്റെ ബാന്റു് അതിന്റെ മുഴക്കമാർന്നു. മങ്ങിയ പ്രകാശങ്ങൾ ചലനാത്മകമാക്കുന്ന ടേബിളുകളിലെ കരങ്ങൾ ശ്രദ്ധിച്ചു. കണ്ണുകൾ തിളങ്ങി. ജലിക്കുന്ന ഉടയാടകളിൽ വിളങ്ങുന്ന അല്പത പാടി: എനിക്കു് എന്റെ പുക്കളെ വിട്ടു തരൂ. എനിക്കു് എന്റെ രാത്രികളും കിടക്കയിലെ പരുക്കൻ നിമിഷങ്ങളെയും വിട്ടുതരൂ. ഞാൻ അല്പത. നീ അല്പതയുടെ തിളക്കമുള്ള രാത്രി. ഞാൻ അല്പത മാത്രം. ഈ അല്പതയുടെ പരുക്കനായ നിമിഷങ്ങൾ...

ഇളം റോളിച്ചത്തിൽ സദസ്സിനു് ലഹരിയുണരുന്നതവൾ കണ്ടു. അംഗചലനങ്ങളിലൂടെയും, കാമത്തിന്റെ ബിന്ദുക്കളെയുണർത്തുന്ന ഈരടികളിലൂടെയും അവൾ ചുറ്റുമിരിക്കുന്ന മനുഷ്യരെ ചലിപ്പിച്ചു. പിന്നെ സദസ്സ് എഴുന്നേറ്റു. തലയാട്ടുകയും, ചുവട്ടുകൾ താളമൊപ്പിച്ചു് വെയ്ക്കുകയും ചെയ്യുന്ന മനുഷ്യരെ അല്പത പാടിപ്പാടി പ്രോത്സാഹിപ്പിച്ചു. അവർ ഇണകളെ സമീകരിക്കുകയും അരക്കെട്ടുകളിൽ ചുറ്റിപ്പിടിക്കുകയും ചുവട്ടു വെയ്ക്കുകയും ചെയ്തു. മൂലക്കു മാറിനിന്നു് സിഗററ്റു പുകയ്ക്കുന്നവനെ അപ്പോഴാണു് അല്പത കാണുന്നതു്. അവൻ ചിരിച്ചു. രാത്രിയുടെ ദേവൻ വന്നിരിക്കുന്നു. അവൾ തലയാട്ടി, കൈകൾ വീശി, ശരീരം താളാത്തമായി ചലിപ്പിച്ചു് പാടി. നിന്റെ മദ്യപാനം. ടേബിളിനു ചുവട്ടിൽ കാലുകൾ കൊണ്ടു് കാർപ്പെറ്റിൽ താളം പിടിക്കുന്നു. അവർക്കു് രസം തോന്നി. അ

വർ— അമ്മത വിളിച്ചു: മാ ഡിയർ സിം സൺ—ഗുഡ് മോർണിംഗ്— ഷെയിക്ക്—കമോൺ—ബോയ്—"

മെക്ക് ചലിപ്പിച്ചുകൊണ്ടും അഗ്നിയുടെ തിളക്കമുള്ള സ്ക്രർട്ട് മറയ്ക്കുവാൻ ശ്രമിക്കുന്ന കാതിനുടകൾ ഇളക്കിക്കൊണ്ടും, തലയാട്ടിക്കൊണ്ടും നഗ്നമായ കൈത്തണ്ടയിലെ ബ്രൈസ്‌ലറ്റ് ആട്ടിക്കൊണ്ടും ലഹരിയുണർന്ന സ്വരത്തിൽ അമ്മത പാടി: "എന്റെ സ്വന്തം യുവാവ്— നിന്റെ കിടക്കയിൽ ഇന്ന് ഞാനാണ്. രാജ്ഞി നിന്റെ കിടക്കയിൽ ഇന്ന് ഞാനാണ് സർപ്പം. രാജ്ഞിയായ സർപ്പം. നിന്റെ ശരീരത്തെ ചുഴറ്റിച്ചുറ്റി രാത്രിയുടെ നിമിഷങ്ങളെ നക്ഷത്രമാക്കാൻ കെല്പുള്ള സർപ്പം. എന്റെ സ്വന്തമായിട്ടവനെ— എനിക്കെന്റെ പൂക്കളെ തരിക. എനിക്കെന്റെ രാത്രി തരിക."

അവൻ ചിരിക്കുന്ന ഗ്ലാസിൽ ബാക്കിയായ വിസ്കിയും കുടിച്ചിറക്കി വീണ്ടും ബെയറർ വിളിച്ച് ഒരു ലാർജിനുകൂടി ഓർഡർ നൽകി അവൻ എഴുന്നേല്പുന്നു. അവളുടെ നേരെ അമ്മത ഉറക്കെയുപദേശം പാടി. ജെക്കോസ്ലയുടെ വിരലുകൾ ധൃതിയിൽ ചലിച്ചു. ജെയിംസിന്റെ ബാൻഡ് കൂട്ടുതൻ ധൃതിയുടെ ചുവടുവെപ്പുകൾക്ക് പ്രേരണ നൽകി, തലയാട്ടുകയും. ചുമൽ കുലുക്കുകയും ചുവടുകൾവെയ്ക്കുകയും ചെയ്യുന്ന സംസ്കൃത അമ്മതയുടെ ചെറുപ്പക്കാരനെ ശ്രദ്ധിച്ചില്ല. സ്റ്റെയിജിൽ കയറി അവൻ മൈക്ക് ഏറുവാങ്ങി അവൾ അതേവരെ പാടിയത് തന്റെ ഈരടികൾ ചിലതുതെറ്റിച്ച് അവൻ പാടുന്നതു കണ്ട സദസ്സ് കയ്യടിച്ചു. ലഹരിയിൽ സകലതും മറന്ന ബാക്കപ്പറ്റ് ഹാളിലെ ചപലമനസ്സുകളെ അവരുടെ പാട്ടിനു വിട്ട് അമ്മതയുടെ ചുമലിൽ മുറുകെ പിടിച്ച് അവൻ— സിംസൺ അമ്മതയുടെ കാമുകൻ — അവളുടെ സൃഷ്ടിലേക്ക് വലിഞ്ഞു. കിടക്കയിൽ മലർന്നപ്പോൾ ചുമരിൽ തലയാടുന്ന സമയത്തിന്റെ പക്ഷിക്കണ്ണുകൾ കൊക്കുമ്മി. അമ്മത പറഞ്ഞു: ഡിയർ — സമയം പാതിരാത്രി കഴിഞ്ഞു. എവിടെ നിന്റെ പങ്കൻ നിരിക്കുന്നു? എവിടെ നീ എന്ന വന്യഗാനത്തിന്റെ മൂർച്ചയുള്ള പല്ലുകൾ. എവിടെ നീ ചോരയീമ്പുന്ന തേറകൾ എന്റെ രാത്രിയ്ക്ക് നിറംവെപ്പിയ്ക്കുവാൻ, എന്റെ രാത്രിയ്ക്ക് ചോരയുടെ നിറം പകരാൻ, എന്റെ രാത്രിയ്ക്ക് പറഞ്ഞിയ പുഷ്പനക്ഷത്രങ്ങൾ കൊണ്ടുവന്നുതരാൻ നീ നണച്ച സ്റ്റോച്ചുകാരന്റെ വില രൂപ അസ്വാനി നൽകി. നിന്റെ ചെയ്തികൾക്ക് മുഴുവൻ വില നൽകാൻ തയ്യാറായി അദ്ദേഹം അപ്പുറത്തുണ്ട്."

അവനു താൻ പറഞ്ഞതൊന്നും മനസ്സിലായിട്ടില്ലാ എന്നു അമ്മതയറിഞ്ഞു. അവൾ അവനെ തന്നെപ്പോലെ ഉന്മനസ്കനാക്കി. മുറിയിലെ എല്ലാ വിളക്കുകളും അണച്ചിന്റെ പൂർണ്ണപ്രഭയിൽ ജ്വലിച്ചു കിടക്കുവെളിച്ചത്തിന്റെ ജ്വാലയിൽ കുളിച്ചു. അവൻ അനുസരിച്ചു. അവളുടെ ലഹരിയുറുന്ന കണ്ണുകൾ കാൺകേ — അവളുടെ അംഗവിഭവിക്കുകളും മുഴുപ്പുകളും അതിന്റെ തനിമയിൽ ദർശിക്കേ — സ്റ്റേപ് അസ്വാനി ഓലിവ് ഓയിൽ പുരട്ടി തടവിത്തടവി മിനുസം വപ്പിച്ച മാർദ്ദവമുള്ള അവയവങ്ങളിൽ അവൻ ഒരടിമയെപ്പോലെ — ആവേശവും കാമവും കത്തുന്ന വന്യഗാനത്തെപ്പോലെ — കേൾക്കുന്നപ്പോലെ — ഭ്രാന്തനപ്പോലെ — ലയിച്ചു. അവന്റെ ചുണ്ടുകൾ അവളുടെ എല്ലാ രോമകൂപങ്ങളേയും ഉണർത്തുമാറു് അലഞ്ഞു ... പിന്നെ ഒരു സൌജന്യമെന്നപോലെ എല്ലാ വിളക്കുകളും അണഞ്ഞു. ആ ഇരുട്ടിൽ അവന്റെ തളർച്ചയുടെ നിശ്വാസങ്ങൾ അവൾ കേട്ടു ആ ഇരുട്ടിൽ തലയണയുടിയിലെ തുറപ്പിച്ച ചെക്ക് അവന്റെ കയ്യിലേക്ക് നീണ്ടു. പിന്നെ സൂര്യന്റെ വാതൽ തുറന്നു. അമ്മത പറഞ്ഞു: "ഗുഡ് മോർണിംഗ് ... മൈ സ്വീറ്റ് ബോയ — ഗുഡ് മോർണിംഗ്—"

അവൻ എല്ലാ ബന്ധങ്ങളിൽനിന്നും ഹോട്ടലിന്റെ വാതിലിലൂടെ നടന്നു. റിസപ്ഷൻ കൌണ്ടറിലെ പെണ്ണ് ഉറക്കം തുങ്ങുന്നു. പാരഡൈസ് ഹാളിലെ കാബറേ അവസാനിച്ചിട്ടില്ല. ഒരുപക്ഷെ അവസാനത്തെ ഷോ ആയിരിക്കാം. നടാഷയുടെ സുന്ദരമായ ഷോ. നടാഷയുടെ സ്ട്രിപ്റ്റീസ്. നടാഷയുടെ "ബ്ലൂ" പാരഡൈസ് ഹാളിലെ ടേബിളുകൾക്കപ്പുറം റിസർവേഷൻ സൃഷ്ടിക്കുന്നു. നടാഷയുടെ നഗ്നാവയവങ്ങൾ സൃഷ്ടിക്കുന്ന ലഹരി, നഗ്നാവയവങ്ങളുടെ ക്ഷണം. അവൻ ഹാളിലേക്ക് കയറി. അവിടെ നാടാഷയുടെ ഷോ അവസാനിച്ചിട്ടുണ്ട്. ഹാളിൽ മറ്റാരും ഉണ്ടായിരുന്നില്ല. ഇരുട്ടിൽ ഉണ്ടായിരുന്ന വിലകൂടിയ അത്മാക്കളെ തിരിച്ചറിയാൻ സിംസന്നു് സാധിച്ചില്ല. അവർ കണ്ടതു് അവൻ നടക്കുന്നതു് എന്നാണെന്നറിഞ്ഞപ്പോൾ അവൻ ഞെട്ടി. അമ്മതയുടെ നഗ്നമായ തുടകളിൽ കെട്ടിവെയ്ക്കുന്ന കരുത്തുള്ള — കാമാസക്തനായ യുവാവു് ... ആ സൃഷ്ടിലെ കിടക്കയെ ഉത്തേജിപ്പിച്ചു. വെളിച്ചത്തിൽ കുളിച്ച കിടക്കയെ ഉത്തേജിപ്പിച്ചു. ഇരുട്ടിലെ ഇതിനു് മുമ്പു് പലപ്പോഴായി തനിക്കു് ലഭിയ്ക്കുന്നുണ്ടായിരുന്ന വൻ തുകകൾക്കുള്ള ചെക്കുകളെക്കുറിച്ചോർത്തു. സ്വന്തം ജീവിതത്തെക്കുറിച്ചോർത്തു അമ്മതയുടെ കിടക്കയെക്കുറിച്ചു പ്രകാശവത്തായ രാത്രികളെക്കുറിച്ചു് ഓർത്തു. ഹാളിൽ പ്രകാശം വീഴും മുമ്പു് അവൻ വാതിൽ തുറന്നു് പുറത്തേക്കിറങ്ങി.

ഒരു ലഹരിയിൽ അവൻ അമ്മതയുടെ സൃഷ്ടിനു് മുമ്പിൽ ചെന്നുനിന്നു. അവിടെ വാതിൽക്കൽ കാവൽനില്പുന്ന കരുത്തൻ പറഞ്ഞു: "ബോസ് അകത്തുണ്ടു്. ഒരു ബിസിനസ്കാര്യം ഡിസ്കസ് ചെയ്യുന്നു. ഇപ്പോൾ ആർക്കും പ്രവേശനമില്ല —"

കയ്യിൽ ചുരുട്ടിപ്പിടിച്ച ചെക്കിലെ പൂജ്യങ്ങൾ നോക്കി സിംസൺ തിരിച്ചു നടന്നു: പിന്നെ അല്പം കിരയലട്ടെ. മനസ്സിൽ ആ വെള്ളിത്തിരയിലെ ദൃശ്യങ്ങൾ നടന്നു... □

(46-ൽ നിന്നും തുടർച്ച)

രണ്ടുപേരും മുഖത്തോടു മുഖം നോക്കിനിൽക്കുന്നു. ഒരു വാക്കുപോലും ആരും പറയുന്നില്ല. മുഖത്തെ ഭാവംപോലും ചലനം കൊള്ളുന്നില്ല. ഒടുവിൽ അയാളെന്തോ പറഞ്ഞു. ലജ്ജകൊണ്ടു് അവളുടെ മുഖം ചുവന്നു. ചുമന്നുതുടുത്ത വെർലെന്റെ രാപഗാനം പോലെ മനോഹരമായ മന്ദസ്മിതം ഉണ്ടായി. തിരിച്ചും മറുപടിയായിരുന്നു അക്കാഴ്ച. കലാകാരൻ ഈ യുവാവനപ്പോലെയാണു്. അയാൾ മലനാഹരിതമായ ജീവിതത്തെ വാക്കുകൾ കൊണ്ടു്, വർണ്ണങ്ങൾകൊണ്ടു് ചലനം കൊള്ളിക്കുന്നു. അപ്പോൾ കണ്ടുനില്പുന്നവർ ആഹ്ലാദിക്കുന്നു.

—o—

ആസ്ത്മാസ്സു് ഒരു ഒറ്റമൂലി

ആസ്ത്മായെ പൂർണ്ണമായി സുഖപ്പെടുത്തുന്ന ഒരു ഒറ്റമൂലി ശ്രീ കേശവ് മോഹൻലാൽ സാധുക്കൾക്കായി വിതരണം ചെയ്യുവരുന്നു. രാജസ്ഥാനിലെ പ്രഗത്ഭ രാഷ്ട്രീയ സാമൂഹ്യ നേതാവായിരുന്ന ശ്രീ ശംഭുനാഥിന്റെ പൌത്രനാണു് മോഹൻലാൽ. ഈ ഒറ്റമൂലി ഒരു സന്യാസിയാണു് ശംഭുനാഥിനു് നൽകിയതു്. നാല്പതു വർഷക്കാലം ഈ ദിവ്യൌഷധം സാധുക്കൾക്കു് സൌജന്യമായി അദ്ദേഹം വിതരണം ചെയ്തു. നിസ്വാർത്ഥമായ ഈ സേവനത്തിനു് ഗവണ്മെന്റു് അദ്ദേഹത്തിനു് പെൻഷൻ അനുവദിക്കുകയുണ്ടായി. എന്നാൽ തന്റെ മുതല പൌത്രനെ ഏല്പിച്ചശേഷം ശ്രീ ശംഭുനാഥ് ഒടുവിൽ സന്യാസിയായി തീരുകയാണുണ്ടായതു്. ഇപ്പോൾ പൌത്രൻ ഉദാരമതികളോടും ധനവാന്മാരോടും ആ മഹത്തായ ഉദ്ദേശത്തിനു് സഹായം ചെയ്യാൻ അഭ്യർത്ഥിച്ചുകൊണ്ടു് തന്റെ മുതല തുടരുകയാണു്. വളരെ പഴകിയ ആസ്ത്മായുള്ളവരുൾപ്പെടെ അനേകം രോഗികൾ ഈ ഒറ്റമൂലിയുടെ മൂന്നുമാത്രകൾ കഴിച്ചതോടെ പൂർണ്ണസുഖം പ്രാപിച്ചിട്ടുണ്ടു്. ആസ്ത്മാരോഗികൾ ഈ ഒറ്റമൂലിക്കു് താഴെ കാണുന്ന വിലാസത്തിൽ ഇംഗ്ലീഷിലെഴുതുക.

Shri Keshav Mohanlal, 5 Haralal Das Lane
Jorabayan Park, CALCUTTA - 6

Universal Publicity Co.; Calcutta - 12

(16-ൽ നിന്നു തുടർച്ച)

അപരിചിതനായ ഒരു പയ്യനാൽ തന്റെ റൂമിൽ കാണപ്പെടുന്നു എന്നു പിന്നെ കണ്ടപ്പോൾ ആദ്യമൊന്നമ്പരച്ചു.

"എസ്. ഐ. അല്ലേ?"

അധികാരഭാവത്തിൽ ചെറുപ്പം രഘു ചിരിച്ചുകൊണ്ടു പറഞ്ഞു:

'ഇപ്പോൾ, അതെ—"

"ഏതായാലിപ്പോൾ നാട്ടിലേയ്ക്കുവാ. അമ്മച്ചി പറഞ്ഞു മുണ്ടക്കയത്തു ഹോട്ടലിക്സ് ഉടനേ വേണമെന്ന്."

ക്ളീറസ് എവിടെനിന്നോ പാഞ്ഞെത്തി,

'അപ്പുറത്തേയ്ക്കു വന്നാട്ടെ.'

അപരചിതൻ രഘുവിനെ ഒന്നു തറപ്പിച്ചു നോക്കിയിട്ടു പോയി.

എന്താണിതിന്റെയർത്ഥം?

ക്ളീറസ് മടിച്ചുമടിച്ചു് വിശദീകരിച്ചുകൊടുത്തു.

"സർക്കിളുമാൻ വേലക്കാരനാ. കുന്നാംതടിയത്തോടും മുന്നക്കുഴി ഹോർലിക്സ് വാങ്ങിക്കൊടുത്തയാളുന്ന പതിവു് ഇന്നലെ കിട്ടിയില്ല. ഹോട്ടലിക്സ് എത്തിയിരുന്നില്ല അളുകൊണ്ടു് അമ്മച്ചി പറഞ്ഞയച്ചതാ. ഞാൻ വാങ്ങിക്കൊടുത്തയച്ചോളാം."

ആ സ്റ്റേഷനിൽനിന്നും സർക്കിളുമാനും കാക്കാമാസവും വാങ്ങിക്കൊടുക്കുന്ന സാധനങ്ങളുടെ നീണ്ട പട്ടികയിലെ ഒരു നാമമാത്രമാണതെന്നു് രഘുവിനു് മനസ്സിലായതു പിന്നീടാണു്.

ഇതു് പഠിക്കാനുള്ള അവസരമാണു്. ഉള്ളകാര്യങ്ങൾ മനസ്സിലാക്കാനുള്ള ഏറ്റവും നല്ല സന്ദർഭം.

രഘു, 'പൊട്ടനകളി'ച്ചു.

പ്രൈവറ്റ് ബസ്സുകളിലെ ഓവർലോഡ് കർശനമായി തടയണമെന്ന നിർദ്ദേശം ഗവർമ്മെന്റിൽനിന്നും കിട്ടി. കൂടാതെ ദിവസം പെൻഷനേഴ്സ് എച്ച്. സി. 220 അഗസ്റ്റിനുമായി രഘു 'പാലായിൽ' നിന്നു് അതാ വരുന്നു, പൊലോസ് മുതലാളിയുടെ 'ജ്യോതി' ബസ്സ്" പെട കാണിച്ചു നിറുത്തി.ഫുട്ട്ബോർഡിൽ നൂറ്റിറുകൾ പോലെ യാത്രക്കാർ തൂങ്ങിക്കിടക്കുന്നു. ആളുകളെ എണ്ണി പുറത്തറിക്കുക. 'രണ്ടു പി. സ്; നാല്പ കുസ്സ്; മൂന്നു പാസ്സ്'. ഇതുരയും കഴിഞ്ഞിട്ട് നൂറിയാറുപേർ. ആകെ നാല്പത്തഞ്ചേ യാത്രക്കാരെ കയറാനാണ് പെർമിറ്റ്.

പെറ്റിക്കേസെഴുതിക്കൊടുക്കാൻ അഗസ്റ്റിനു നിർദ്ദേശം നല്കി.

രഘു പിന്നീടു ദിവസം കോടതിയിൽ പോയി. അവിടെ എന്താണു നടക്കുന്നതെന്നു് നേരിൽക്കാണുമനസ്സിലാക്കണം.

ആദ്യം പെറ്റിക്കേസുകൾ വിളിച്ചു. ഓ, ഒരുമാസത്തിൽമുമ്പു് താൻ പിടിച്ച 'ഓവർലോഡ്' കേസുകളല്ലേ? കുറച്ചാർജ്ജു് വായിച്ചുകേട്ടപ്പോൾ രഘുവിനു് സംശയം തോന്നി.

" — — — നാല്പത്തിയെട്ടു യാത്രക്കാരെ മാത്രം കയറ്റാവുന്ന ബസ്സിൽ അമ്പത്തിയാറുപേരെക്കയറ്റി, എട്ടുപേർ ഓവർലോഡുമായി കണ്ടുവെന്നു" — —

കുറ്റം സമ്മതിച്ചു!

കോടതി നല്ലൊരു പിഴശിക്ഷാവിധിക്കുകയും ചെയ്തു കോടതിയിൽനിന്നിറങ്ങിയപ്പോൾ രഘു അഗസ്റ്റിനോടു ചോദിച്ചു.

"നൂറിയാറുപേരല്ലേ അന്നുണ്ടായിരുന്നതു്? എന്താ, ചാർജ്ജിൽ അമ്പത്തിയാറുപേരെന്നെഴുതിയതു്?"

"അതുകൊള്ളാം. ഈ ഏമാനെന്താ പറഞ്ഞേ? അമ്പത്തിയെട്ടുപേരു് ഓവർലോഡെന്നു പറഞ്ഞാ പൊലോസ് മുതലാളി തർക്കിക്കുമ്പോ? കോടതി ശിക്ഷിക്കുമോ? ഇതൊന്തെളുപ്പം പണികഴിഞ്ഞു. കുറ്റം സമ്മതിച്ചു; പെറ്റിക്കേസ് ശിക്ഷിക്കയും ചെയ്തു"

ഇതിനുപിന്നിൽ എന്തോ രഹസ്യമുണ്ടെന്നു് രഘുവിനു തോന്നി.

എന്താണതു്?

സത്യം മനസ്സിലാക്കാൻ വിഷമമുണ്ടായില്ല. ഓവർലോഡ് കേസുകളിൽ ആളൊന്നുക്കു് അഞ്ചു രൂപവച്ചു ശിക്ഷിക്കുകയാണെന്നു, സബ്ബ്മജിസ്ട്രേട്ട് ശ്രീധരന്റെ പതിവു്. അമ്പത്തെട്ടുപേർക്കു് ഇരുനൂറിനടുത്താണു് നൂറു രൂപ. പൊലോസ്മുതലാളിയും അഗസ്റ്റിനുമായി തമ്മിൽ ധാരണയുണ്ടാക്കി. നാല്പതുരൂപ പിഴയൊടുക്കിക്കഴിഞ്ഞാൽ, ഇരുനൂറിൽ അൻപതുരൂപാ ലാഭം. അതിൽ പകുതി അഗസ്റ്റിനു്. ഇല്ലായ്മയുള്ളിടത്തു കേടില്ല!

കോൺസ്റ്റബിൾ രാമകൃഷ്ണപിള്ള തന്റെ ഉറ്റമിത്രമായിരുന്നു. പക്ഷേ സഹപ്രവർത്തകൻ, ആസ്മ എന്നിവയും കൂടെയായപ്പോൾ ആകെ ഗുരുതരമായി. ഭാര്യയും കുഞ്ഞുങ്ങളും പതിനെട്ടു മൈലകലെ കുടുംബവീട്ടിൽ. അവിടെയാരുമറിയാതെ കിണറു്. ഡി. എസ്സ്. പി. യുടെ പരിശോധനാസമയത്തു് അഭിപ്രായസമന്വയിച്ചു. പരിഗണനയർഹിക്കുന്ന ഒരാവശ്യമാണതെന്നു പറഞ്ഞു് രഘു പിന്മാറി.

മൂന്നാംദിവസം രാമകൃഷ്ണപിള്ളയുടെ സ്ഥലം മാറ്റ ഉത്തരവുകിട്ടി.

"എന്താ രാമകൃഷ്ണപിള്ളേ, സന്തോഷമായില്ലേ? ഇനിയതന്നെ പൊറുപ്പുള്ളൂ"

രഘുവിന്റെ കുമ്പിൽ അയാൾ തലചൊറിഞ്ഞുകൊണ്ടു നിന്നതേയുള്ളൂ.

"എന്താ സന്തോഷമായില്ലേ?"

"ആയേ. പക്ഷേ മറന്നാൾ റിലീവു ചെയ്താൽ മതിയേ"

"ഉം അതെന്താ?"

"അയ്യോ. ഏമാനോടു പറയാൻ എനിക്കു ഭയമാണു!'

"അയ്യേ കുറ്റം മറയും വേണ്ട. പറഞ്ഞോളൂ"

"നാളെ എനിക്കാണേ ബസ്സ്റ്റാന്റ് ഡ്യൂട്ടി. വല്ലതും വീഴുമേ. പിള്ളേക്ക് മിഠായിയെങ്കിലും വാങ്ങിച്ചോണ്ടു പോകാമല്ലോ എന്നോർത്താണേ! — — "

ക്ളീറസ് വിശദീകരണത്തിനെത്തി. "ഓരോ ടിപ്പിനും അമ്പതുപൈസ കിട്ടും. എല്ലാം കൂടെ പത്തുപതിനഞ്ചു ടിപ്പോളം കാണും — — ടേൺതെറ്റിക്കാതെ എല്ലാർക്കും ബസ്സ്സ്റ്റാന്റ് ഡ്യൂട്ടികൊടുക്കാറുണ്ടേ"

അപ്പോൾ അതാണു കാര്യം.

രഘു, വളരെ പണിപ്പെട്ടു് അമർഷം കടിച്ചമർത്തി.

പോലീസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റിയുള്ള അറിവിന്റെ ചക്രവാളങ്ങൾ വികസിച്ചുവരുന്നു — —

ഐ. ജി. സ്റ്റേഷൻ സന്ദർശിക്കാനെത്തുന്നു എന്നറിഞ്ഞപ്പോൾ മുതൽ സ്റ്റേഷനിലാകെ ബഹളമായി. നാണം കൺട്രോൾറൂം സ്റ്റേഷൻ പെയിന്റടിച്ചു വൃത്തിയാക്കി. പരിസരം വെടിപ്പാക്കാൻ സ്ഥിരം കളവു പുള്ളികളുടെ സേവനം പ്രയോജനപ്പെടുത്തി. നാല്പത്തിരണ്ടു മൈലകലെയുള്ള പട്ടണത്തെ തിയേറ്ററിനും മുന്നിലെ 'തുരുപ്പു'കളിൽ സിഗററെറ്റു്. 'ഷിവാസ്റീഗൽ റോയൽ സല്യൂട്ട്" രണ്ടുപെട്ടി. കൂടുതലെന്തെങ്കിലും എന്തുചെയ്യാനാണെന്ന് സർക്കിളുമാനും എസ്സൈയുമായി ആലോചിച്ചുറപ്പിച്ചു. രഘു, അന്തം വിട്ടുപോയി

"പഴയ ആളാ സാർ ഇതൊക്കെയാണു പതിവു്"

സർക്കിളുമാനും രഘുവിനു് അല്പം പരിജ്ഞാനം പകർന്നുകൊടുത്തു.

ഡി. എസ്സ് പി. യുടെയുള്ളിൽ ഐ ജി. കൊടുത്ത കാരിലെത്തി. ടി. ബി. യുടെ വരാന്തയിൽ രഘു കാത്തുനിന്നതേയുള്ളൂ.

നീട്ടിയൊന്നു സലാം ചെയ്തു

ഐ. ജി. അദ്ദേഹത്തിന്റെ വലതുകൈ നീട്ടി.

രഘുവും. (തുടരും)

കേരള
ദിനേശ് ബീഡി

മലയാളനാടിന്റെ മണം,
ചാരുത, കുളിമ്മ.



സുപ്രഭാതം കേരളാ
സാൻഡൽ സോപ്പിൽ
വിരിയട്ടെ!

രാമച്ചതൈലം അടങ്ങിയ
ഒരേ ഒരു ചന്ദനസോപ്പ്

നിങ്ങളുടെ
പൊളിമെഖലാ
സ്ഥാപനത്തിന്റെ
ഒരു വിശിഷ്ട ഉൽപന്നം

KSO

നിർമ്മാതാക്കൾ:
കേരളാ സോപ്പ്സ്
& ഓയിൽസ് ലിമിറ്റഡ്
കോഴിക്കോട്-673005.

Adgulf-KSO 101(m)

സന്ദർശകരുടെ പറുദീസയായ കാശ്മീർ. മെയ് — ജൂൺ മാസക്കാലം. കാട്ടുചെടികളിൽപോലും നിറയെ പൂക്കൾ. ഡാൽ തടാകവും ഝലം നദിയും നിറയെ അലങ്കരിച്ച തോണികൾ. തോണികൾ നിറയെ സഞ്ചാരികൾ.

കാശ്മീരിലെ ഗ്രാമാന്തരങ്ങളിലൂടെ ഞങ്ങൾ സഞ്ചരിച്ചു. ശരിക്കും ഉല്ലാസയാത്രതന്നെ. എന്തിനിച്ചേരുന്ന വിവരമറിഞ്ഞുകൂടാത്തവരായിരുന്നു ആതിഥേയർ. സ്നേഹാദരങ്ങളായ സ്വീകരണങ്ങൾ. പരിപാടികൾക്കുവേണ്ടി വിശദമായ ഏർപ്പാടുകൾ അഭിനന്ദനങ്ങളുടെ പുഷ്പവൃഷ്ടിക്കിടയിൽ. പിന്നെ അടുത്ത ക്യാമ്പിലേക്കുള്ള യാത്ര പുറപ്പെടുകയായി.

മടക്കയാത്രയിൽ അന്നുലഭിച്ച അഭിനന്ദനങ്ങൾകൊണ്ട് ആത്മാവു നിറഞ്ഞതുപോലെ ഒരനുഭവം ജീവിതത്തിലുണ്ടായിട്ടുണ്ടോ? കരകാണാകടലിലെ തുരുത്തുകളിലെന്നപോലെ ബാഹ്യലോകവുമായുള്ള

നോവൽ

പത്തൊൻപതു്

ബന്ധമറ്റു ജീവിക്കുന്ന ആളുകൾ. ഇന്നാലോചിക്കുമ്പോൾ ആ പ്രകാശിതമായ, എന്റെ കുലാസ്യഷ്ടികൊണ്ട് അവർ വരിച്ചാക്കുന്ന അഭിനന്ദനം മത്സരിച്ചുള്ള ഉപചാരങ്ങൾ. എന്തൊരുയാദം എന്തൊരാവേശം!!

ആദ്യമായി പേരെടുത്തുവന്ന വിവരമറിഞ്ഞു് ഉറങ്ങാതെ കിടന്ന ആ രാത്രി! അന്നു ഞൻ ക്യാമ്പിലുണ്ടായിരുന്നില്ല. ഒരു ദിവസത്തെ വഴിക്കുപ്പുറമുള്ള ഡ്യൂട്ടിയിൽ പോയിരുന്നു. പത്തു ദിവസം കഴിഞ്ഞു മടങ്ങിവരുമ്പോൾ പറയുന്നതിനിടയിലാണു് ആരുടെയോ സംഭവിച്ചതു്. പ്രശ്നക്കാരനായ പോലെ അരഷ്ടിച്ചുകിടന്ന വിശ്രമാവസരത്തിൽ പ്രയോഗത്തിലുള്ള കഥ അങ്ങനെ പല കഥകളും ബോക്സിനുള്ളിൽ ഒളിച്ചുവച്ചിരിക്കുകയായിരുന്നു. ആരെയും കാണിക്കാൻ പേടി എന്റെ രീതിയും ഇങ്ങനെ കരേ "പ്യൂജോ 504" എന്നു തൊട്ടടുത്ത കുട്ടികാണിയുന്നു:

"എന്തിനാടേ ഇതൊക്കെ ഇങ്ങനെ ഒളിച്ചുവയ്ക്കുന്നതു്?"

"കാ, പറയാതെ."

ഉള്ള പിടയുകയാണു്. എല്ലാം പരമാബന്ധങ്ങളാണോ ഇയാളിതെങ്ങനും മോഷ്ടിച്ചുപയോഗിക്കുന്നു് തന്നെ മറ്റുള്ളവരുടെ മുമ്പിൽ പരിഹാസപാത്രമാക്കുമോ? കുറച്ചുദിവസം സ്നേഹിതന്മാരുടെ കൂടെ സംഘം എന്നെ വരുന്ന അവർ എല്ലാം ബലൂണുകളായി എടുത്തു് പരസ്യമായി വായിക്കുന്നു. അമ്പരപ്പോടെ അവരുടെ മുഖത്തേക്കു നോക്കുമ്പോൾ ... അതുവരെ. എല്ലാവരും ഗൗരവത്തോടെ തന്നെ കഥ ശ്രദ്ധിക്കുകയാണു്.

ആദ്യം അനുഭവപ്പെട്ട ആത്മവിശ്വാസം!



പാറപ്പുറത്തു്

കുട്ടത്തിലെ മുപ്പതും എല്ലാവർക്കും ബഹുമാന്യനും പക്ഷേ അധ്യാപകനായിരുന്ന ആളായതു കൊച്ചുസാർ പറയുന്നു:

"മനുക്കരേ, ഇനിയെന്നാ പ്രസിദ്ധീകരിക്കാൻ പറയുമോ എന്നു."

കുട്ടത്തിൽ രംഗനിണിയുടെ കഥയാണു് എല്ലാവർക്കും കൂടുതൽ ഇഷ്ടപ്പെട്ടതു്. വഴിവക്കിൽ വിശന്നു തളർന്നിരുന്നപ്പോൾ വില്ലനെ കിട്ടുന്ന അനുഭവത്തിലായ പഞ്ചാബിപെൺകുട്ടി. ക്യാമ്പിലെല്ലാവരുമറിയുന്ന കുട്ടി.

ഡിമിജനന്തെ ഇടനെ" വൽഹിയും ഉത്തരപ്രദേശിന്റെ പടിഞ്ഞാറുഭാഗത്തുള്ള പട്ടണങ്ങളും മുഴുവൻ പഞ്ചാബികളായ അയൽക്കാരികളെക്കൊണ്ടു നിറഞ്ഞിരുന്നു.

ഒരുമാനസിൽ നിറയെ അഭയാർത്ഥിക്യാമുകൾ. വഴിവക്കിൽ നിറയെ അവർ താല്ക്കാലികമായിയുണ്ടാക്കിയ വാണിജ്യശാലകൾ വീട്ടും കിടപ്പാടവുമുപേക്ഷിച്ച് ഉടെ കാണുപോമാവുന്നതെല്ലാം കെട്ടിപ്പെറുക്കി അവർ പോന്നിരിക്കുന്നു. ചെറുതും വലുതുമായ എന്തെങ്കിലും തൊഴിൽ ചെയ്ത് എല്ലാവരും ജീവിക്കുന്നു.

ഡഗ്മിണിയെക്കുറിച്ചുള്ള കഥ മനസ്സിൽ ഗർഭം ധരിച്ചതെങ്ങനെയാണു"? "പുളുവൻ കേശവൻകുട്ടി" പറഞ്ഞ ഒരു നുണക്കഥയിൽനിന്നാണു തുടക്കം എന്നു തോന്നുന്നു. അയാൾ അഭയാർത്ഥിക്യാമ്പിലുള്ള ഡഗ്മിണിയുടെ വീട്ടിൽ വിരുന്നു പോയിരുന്നവത്രെ. അപ്പോൾ ഡഗ്മിണിയുടെ ചേച്ചി അയാൾക്കെല്ലാം നൽകി സല്ലരിച്ചുവത്രെ...

കഥ കൊച്ചുസാർ ശിഷ്യനായ പത്രാധിപർക്കയയ്ക്കുന്നു.

പ്രതീക്ഷയൊന്നുമില്ല. ഭാഗ്യക്കുറിയിൽ ടിക്കറ്റെടുക്കുമ്പോഴുള്ള പ്രതീക്ഷപോലും. എത്രകാലമായി അക്കാര്യം മറക്കുകയും ചെയ്തിരുന്നു.

കൃഷ്ണകോസിന്റെ ഫോൺകാൾ.

"കഥ പ്രസിദ്ധീകരിച്ചുവന്നിരിക്കുന്നു!"

ലോകത്തിൽ എട്ടാമതൊരു മഹാത്ഭുതം. ഭൂമിയിൽ കാല്വെയ്ക്കാതെ നടന്നു. രാത്രി ഉറങ്ങാൻ വേണ്ടിയെന്നു പറഞ്ഞു് കട്ടിലിൽ കിടന്നു. എവിടെ ഉറക്കം? കസ്തൂരിക്കാരനായ കൃഷ്ണകോസ് കളിപ്പിക്കാൻ പറഞ്ഞതാവുമോ? ഏപ്രിൽ ഒന്നിനു് ഒരു പണി പറഞ്ഞുവച്ചവനാണു് ആൾ. ആരെക്കൊണ്ടോ ഒരു പ്രേമലേഖനമെഴുതിച്ചു് ഏപ്രിൽ ഒന്നിനതന്നെ കിട്ടത്തക്കവണ്ണം പോസ്റ്റുചെയ്തു — ഇല്ല, അങ്ങനെ വരാൻ വഴിയില്ല;

തന്റെ കഥ അച്ചടിച്ചുവന്നാലെങ്ങനെയിരിക്കും? അക്ഷരങ്ങൾക്കെന്തു വലിപ്പം കാണും? താനെഴുതിയ വാക്കുകൾതന്നെയായ രക്തമോ അച്ചടിച്ചുവരിക? അങ്ങനെ കാരണമായുമാലോചിച്ചുകൂട്ടാതെ കിടന്നു.

മങ്ങിവെളുത്തപ്പോൾ കാണുന്നു! മനോഹരമായ പുറംചട്ടയിട്ട മാസികയിൽ നക്ഷത്രങ്ങൾപോലെ അച്ചടിച്ച തന്റെ പേരു്!

ലോകം മുഴുവനും ഇക്കാര്യം അറിഞ്ഞിരിക്കുന്നു ഇതു മനസ്സിൽ വച്ചുകൊണ്ടാണു് ആളുകൾ എന്നെ നോക്കുന്നതു് — അങ്ങനെയാണു് അപ്പോഴത്തെ ആലോചന. ആരെങ്കിലും ചിരിച്ചാൽ പേടി. പരിഹസിക്കയാണോ? ഈശ്വരാ! എന്തെല്ലാം സങ്കൽപ്പങ്ങൾ.

ഒരുപക്ഷേ ഇത്തരം സങ്കൽപ്പങ്ങളല്ലേ മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതു്? മനസിലെപ്പോഴും പുതിയ പുതിയ പ്രതീക്ഷകളുടെ പൂമൊട്ടുകളാണല്ലോ. അതിന്റെ ഇതൾ വിരിയുന്നതും നറുമണം പ്രസരിക്കുന്നതും കാത്തുകാത്ത് രസിക്കുന്നു. ഒന്നും സംഭവിക്കാതെ കൊഴിഞ്ഞുപോകുമ്പോൾ നിരാശ. അപ്പോൾ പ്രതീക്ഷയുടെ പുതിയൊരു മൊട്ടു നാമ്പിടുകയായി. അങ്ങനെ നാഴികകളും നാളുകളും കടന്നുപൊയ്ക്കൊണ്ടിരിക്കെ നഷ്ടപ്പെട്ടുപോകുന്ന ആയുസിനെപ്പറ്റി അറിയുന്നില്ല. സർവ്വസംഗപരിത്യാഗിപോലും ഇതിൽനിന്നു മുക്തനല്ല. കല്യാണം കഴിച്ച പെണ്ണിനു കുഞ്ഞുണ്ടായി കാണാൻ മോഹം. കുഞ്ഞുണ്ടായി കഴിഞ്ഞാൽ അതു കമഴ്ന്നുവീഴുന്നതും പിച്ചനടക്കുന്നതും കാണാൻ മോഹം. പിന്നെ എഴുത്തു പഠിച്ചുകാണാൻ, പരീക്ഷ പാസ്സായി കാണാൻ, കല്യാണം കഴിച്ചുകാണാൻ—അങ്ങനെ ചങ്ങലക്കണ്ണികൾപോലെ കൊരുത്തിട്ട മോഹങ്ങൾ. തന്റെ വയസായി അക്കം വേണ്ടാതീതിന്നു കിഴവി പറയുന്നു—

കൊച്ചുമകൾക്കു കല്യാണാലോചന നടക്കുന്ന അപ്പൂടെ ഴുത്തശ്ശൻ തലകെട്ടിയുകണ്ടിട്ടു പോകാനൊരുശ—

ഇത്താനുവലപ്പന്റെ ആശ്വാസവാക്കണം സമ്പാദിക്കുന്നതിലായിരുന്നു ഉദ്യമം. ഒടുവിലെവിടെയോ അഞ്ചുരൂപാ മറ്റു ചിലവുകൾക്കുള്ളതു് അഞ്ചുരൂപാ മാറ്റിവെച്ചു പണം മുഴുവൻ ഭാണ്ഡത്തിൽ ജേയിക്കുവാനുള്ള ചിലവഴിക്കാൻ ഇത്താനുവൽ തയ്യാറായിരുന്നു.

ട്രെക്കിൽ കയറുമ്പോൾ ജോയിയുടെ തൊട്ടുമുമ്പു് മറ്റൊരു കുടുംബമിരുന്നാൽ ഇത്താനുവൽ പിന്നെയും മുഴുവൻ ചില്ലറയും കൈമാറിയിരുന്നു. ഊണുകഴിക്കാനിരിക്കുമ്പോഴും അങ്ങനെതന്നെ. മറ്റാരെങ്കിലും ജോയിയുടെ ചില്ലറയിൽ കൈവെച്ചാൽ പരിഭ്രമം പ

വി. എസ്. ശർമ്മ

ഒരു സപ്തപുത്തിന്റെ ചിറകുകളിൽ
എവിടേയ്ക്കോ പറന്നയർന്ന,
കരുകൊച്ചു മോഹത്തിന്റെ
കളിയോടത്തൽ
എവിടേയ്ക്കോ ഒഴുകി–
വിദൂരചക്രവാളങ്ങളിലേയ്ക്ക്
അദൃശ്യനാകങ്ങളിലേയ്ക്ക്.
തീരങ്ങളിലെത്താൻ
ആഞ്ഞാഞ്ഞുനീന്തി;
കരകാണാക്കടൽ
നിലയ്ക്കാത്ത ഒഴുക്കുകൾ
അനന്തമായ വ്യോമപഥങ്ങൾ.
ജീവിതത്തിന്റെ അഗാധമായ
ചഴികളിൽപെട്ടഴന്ന
തരംഗങ്ങളുടെ
പതനോത്ഥാനങ്ങൾക്കിടയിൽ
താഴുകയും ഉയരുകയുംചെയ്ത
കാറ്റുകളോടൊപ്പം
തിരമാലകളോടൊപ്പം,
പാറിപ്പറന്ന.
വെറുമൊരു സപ്തപർണികയായി
കേവലമൊരു മേഘബിന്ദുവായി
ജീവിതസംഗീതത്തിന്റെ–
ചൊറിയാത്ത നാദതേജസ്സായി
പ്രപഞ്ചചൈതന്യത്തിന്റെ അണുവായി
കാലത്തിന്റെ നിർന്നിമേഷമായ
പ്രയാണത്തിനൊപ്പം
അലഞ്ഞലഞ്ഞു
വിശ്വത്തിന്റെ അദൃശ്യസീമകളിലേക്ക
അറിയാനാഗ്രഹിക്കാത്ത തീർത്ഥാടനം
നടത്തി;
പിന്നെയും പിന്നെയും പിന്നെയും
എങ്ങുമെത്താതെ
എവിടേയുമെന്നില്ലാതെ

എന്തിനെന്നറിയാതെ–
ബാഷ്പനാഗരത്തിന്റെ
തരംഗവീചികളിലൂടെ
അസ്പൃശ്യമായമ്പരവിതാനത്തിലൂടെ
നീങ്ങി നീങ്ങി–
വീണ്ടും വീണ്ടും തേടിയലഞ്ഞു.
ഒറ്റയ്ക്ക്,
ഏകാകിയായി,
ആരും തുണയില്ലാതെ
ഏകാന്തപഥത്തിൽ,
നിർഭീതനായി
നിർലക്ഷ്യനായി
ശോകോപാസനയാൽ
ആർദ്രമായ ഹൃദയത്തോടെ
വേപഥുവാണ്ട ശരീരത്തോടെ
അകലങ്ങളിലേക്ക നീങ്ങി–
ഞാനന്ത ചിരസ്പൃ–
ണൊരുചിദ്ഭാവമൊ–
നന്തരൈക്യപ്രവാഹ;
ഒരു വിഫലമോഹ–
മൊരു പരാഭൂ–
തൊരുവ്യഥാപ്രയാണം!

റഞ്ഞാൽ അന്നു മുഴുവൻ പ്രണയകലഹം തന്നെ.

സംഘത്തിൽപെട്ട മറ്റുള്ളവർക്ക് ഇതൊന്നും തന്നെ അതിശയമായിരുന്നില്ല. ഇതൊക്കെ ഇവിടെ പതിവുള്ളതാണ്. ജോയിയുമായി അടിപിടി കൂടാൻ മാത്രം പുതിയതായി ഒന്നുമുണ്ടായിരുന്നില്ല.

ഒരു ദിവസം ഞാൻ ജോയിയോടു ചോദിച്ചു:

"എന്താ ഇതൊക്കെ? ആളുകളെക്കൊണ്ടു പരിഹസിപ്പിക്കാൻ?"

ക്ലേശമില്ലാതെ ജോയി പറഞ്ഞു:

"അയാൾക്കെന്നോടു സ്നേഹം. സ്നേഹിക്കണ്ടാ എന്നു പറയേണ്ട കാര്യമെന്ത്? സ്നേഹം എന്നു നമ്മളായി വിചാരിക്കണം."

ഒരിക്കൽ ഡ്രൈവിങ് സ്കൂളിന്റെ തൊട്ടുവഴക്കളിലൊന്നിന്റെ ഓരത്തിൽ നിൽക്കുകയായിരുന്ന ഞങ്ങൾ ഒരുകൂട്ടം ചിരിച്ചാർത്തു:

"നടക്കട്ടെ. ഇങ്ങനെ ചിന്ത ജോയിയോടു സ്നേഹമാണെന്നു പറയുന്നതല്ലേ. ജോയി പറഞ്ഞാൽ ഈ തോട്ടിലേക്കു ചാടുമോ?"

(തുടരും)

സിനിമ

പാൽക്കടൽ

— മംഗലശ്ശേരി

"നീർപ്പച്ചപ്പെല്ലാമൊരാനായാണ്ടാൻ" എന്നു പറയുന്നതുപോലെയായിത്തീർന്നിട്ടുണ്ട് മലയാളസിനിമയുടെ സ്ഥിതി. നിലക്കാതിൽ പുതിയ ഉത്തരവേണ്ടപ്പെട്ട വിധഘടകങ്ങളെ പ്രതിനിധീകരിക്കുന്ന കൈവിരലിലെണ്ണാവുന്ന ചിത്രങ്ങളാണ് മികച്ച സംഭാവനകളായി നമുക്കവകാശപ്പെടാനുള്ളത്. ഭാരതത്തിലെല്ലായിടത്തും പൊതുവേ ഒരു ധാരണയും പരന്നിട്ടുണ്ട്. കലാമേന്മയുള്ള മികച്ച ചിത്രങ്ങൾ ബംഗാളി ഭാഷകഴിഞ്ഞാൽ മലയാളത്തിൽ മാത്രമാണണ്ടാവുന്നതെന്ന്. പക്ഷേ, സത്യസ്ഥിതി എന്താണ്? ഏറ്റവും മോശപ്പെട്ട ചിത്രങ്ങളുണ്ടാവുന്നതു മലയാളഭാഷയിൽ എന്നതല്ലേ യാഥാർത്ഥ്യം. സത്യത്തെ നാം നിഷേധിച്ചിട്ടു കാര്യമില്ല. ഭയനീയമായ, ലജ്ജാകരമായ ഈ അവസ്ഥയിൽനിന്നും മോചനംനേടാൻ നമുക്കെഴുയുമോ? കാത്തിരിക്കാം.

സാഹിത്യത്തിലേതുപോലെ, ചലച്ചിത്രങ്ങൾക്കും ശക്തമായ നിരൂപണശാഖയുണ്ടാവണം. ആരൊക്കെ പറഞ്ഞാലും മലയാളസിനിമയുടേതുമാത്രമല്ല ഏതു ഭാഷയിലെ ചിത്രങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും അതു സഹായകരമാകുന്നതു തീർക്കുമാറ സംഗതിയാണ്. പക്ഷേ, മലയാളത്തിലെ തൊണ്ണൂറിയൊമ്പതു ശതമാനം പത്രങ്ങൾക്കും ചിത്രങ്ങളെ വിമർശിക്കാനറിയില്ല. പലപ്പോഴും അവരുടെ അഭിപ്രായങ്ങൾ കാഴ്ചക്കാരെ വഴിതെറ്റിക്കാനും സഹായിച്ചിട്ടുള്ളതു കേരളത്തിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഒരു ദിനപത്രം സംഗീതപക്ഷേഴ്സിന്റെ 'പാൽക്കടലി'നെക്കുറിച്ചെഴുതിയ രണ്ടഭിപ്രായമിതാ. വളരെയേറെ സവിശേഷതകളുള്ള നിലവാരമുള്ള പ്രമേയമായ ഒരു മലയാളചിത്രമാണ് ഇതുപോലെ അഭിപ്രായങ്ങൾ ഗുരുതരമായ നിരൂപണങ്ങൾ വരേണ്ടതെന്തിനും, മികച്ച ആസ്വാദനശീലം വളരുന്നതിനും തടസ്സമായി നിൽക്കുകയേയുള്ളൂ. ചിത്രം കണ്ടവർ ഇതു മുഖവിലയ്ക്കുമെടുക്കുകയുമില്ല.

സംഗീത പിക്ചേഴ്സിന്റെ പാൽക്കടൽ മലയാളസിനിമയുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സഹായിക്കുമെന്നതിൽക്കവിഞ്ഞു പ്രത്യേകിച്ചൊരു നിലവാരവും കാത്തുസൂക്ഷിക്കുന്നില്ല. സി. രാധാകൃഷ്ണൻ പ്രതിഭാധനനായ ഒരു സാഹിത്യകാരനാണ്. "നിഴൽപ്പാടുകൾ" "ഉൾപ്പിരിവുകൾ" "നിലാവു്" തുടങ്ങിയ ഗ്രന്ഥങ്ങൾ മലയാളസാഹിത്യത്തിനു മറക്കാനാവാത്ത കൃതികളാണ്. പക്ഷേ, മറ്റൊരു മാദ്ധ്യമമായ ചലച്ചിത്രം തനിക്കു ബാലികേറാമലയാണെന്ന് പാൽക്കടൽ തെളിയിച്ചിരിക്കുന്നു. ഇത്ര ദുർബലമായ കഥയും തിരക്കഥയും സംഭാഷണവും സമീപകാലത്തൊരു ചിത്രത്തിലും കണ്ടതായി ഓർക്കുന്നില്ല. മലയാളത്തിലെ പ്രഗൽഭ താരങ്ങളെല്ലാം അണിനിരന്നിട്ടും ഈ ചിത്രം പരാജയപ്പെട്ടതു കഥ, തിരക്കഥ എന്നീ അംശങ്ങളെ ഒരു പോരായ്മകൊണ്ടല്ല; സംവിധായകന്റെ പ്രാരംഭം തൊട്ടേയുള്ള വരുന്നള്ള പാളിച്ചകൾ ഒടുവിലെ ദൃശ്യങ്ങൾക്കുവരെ സ്വാധീനിച്ചതുകൊണ്ടാണ്. "കേരളത്തിലിതാ ഒരു പാൽക്കടലുണ്ട്", അതിൽ... പായിപ്പിച്ച രാധാകൃഷ്ണനെ മനസ്സിലാവുന്നില്ല സി. രാധാകൃഷ്ണൻ സിനിമയെന്ന സങ്കേതത്തെ മനസ്സിലാവുന്നില്ല എന്നതല്ലേ ശരി? സംഭാഷണങ്ങളുമായി സിനിമയുടെ കാലം എന്നേ കഴിഞ്ഞുപോയിരിക്കുന്നു.

നല്ലവനും ദയാലുവുമായ പി എം. ജി. മേനോൻ അനാഥയായ സുരേഷിനെയും സുജാതയെയും എടുത്തുവളർത്തുന്നുവെന്നാണ് കഥയിൽ സൂചിപ്പിക്കുന്നതു്. ന്യായീകരിക്കാൻ പഴുതുകളുണ്ടെങ്കിൽക്കൂടി അവരെ പ്രത്യേകിച്ചൊരു വീട്ടിൽ താമസിപ്പിച്ചതെന്താണെന്നു് മനസ്സിലാവുന്നില്ല.

ചിത്രം കണ്ടുകൊണ്ടിരിക്കുന്ന കാലത്ത് മേനോനും സുരേഷും തമ്മിലുള്ള ബന്ധം വ്യക്തമാകുന്നില്ല. മേനോന്റെ വളർത്തു പുത്രനായ സുരേഷിന് തന്റെ പ്രിയസുഹൃത്തായ ധർമ്മനെ സഹായിക്കാൻ മുപ്പത്തുരൂപപ്പണ് കഴിവില്ല എന്നതും മനസ്സിലാക്കാനാവാത്ത കാര്യമാണ്. ധർമ്മനും സുജാതയും തമ്മിലുള്ള പ്രേമബന്ധത്തിന് ഊഷ്മളതയില്ലെങ്കിലും നേരിയ മാധുര്യമുണ്ട്. ഗൗരിയും സുരേഷുമായുള്ള ബന്ധത്തിൽ ഈ മാധുര്യം ലഭിക്കാതെപോയതിന് അതിനു മനശ്ശാസ്ത്രപരമായ കാരണങ്ങളിലൊന്ന് ഗൗരിയുടെ പ്രത്യേകമായ വേഷവിധാനവും അതിനുകടന്ന തന്റേടം ഇവരാണെന്ന തോന്നലും. മോഹൻ, ശാരദ, രാഘവൻ, ഷീല ടീമുകൾക്ക് പ്രേക്ഷകമനസ്സുകളിൽ തങ്ങിനിൽക്കുവാൻ കഴിയുന്നില്ല. ചേർച്ചയില്ലാത്ത അവതരണ ശൈലികൾ, ഹൃദയഭാവങ്ങളായി അകന്നകന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

ഗൗരിയെത്തേടിയെത്തുന്ന സുജാതയെ ധർമ്മൻ തന്റെ മാംസദാഹത്തിന് ഇരയാക്കുന്നു. പക്ഷേ ഇത്തരമൊരു കഥാപാത്രത്തെക്കൊണ്ട് - "നിനക്കിഷ്ടമാണെങ്കിൽ ഇവിടെ താമസിപ്പിക്കാം..." എന്നു പറയിപ്പിക്കേണ്ടിയിരുന്നുവോ? ഒരു ബ്രഹ്മചാരിസംഗം കഴിഞ്ഞയുടൻ ഇത്ര കട്ടത്ത ജാതരമെങ്ങനെ വരും? സുജാത ഏങ്ങിക്കൊണ്ടുകിടക്കുന്നതല്ലാതെ ഒരക്ഷരം പറയുന്നില്ല. പക്ഷേ ധർമ്മൻ എല്ലാം മനസ്സിലായതുപോലെ നരേന്ദ്രനെത്തേടിപ്പോകുന്നു. ഒരുവിഭാഗം രസികന്മാർ മനസ്സിൽ കരുതുന്നപോലെ സംഭവിക്കുന്നു. ഇടിയുടെ ശബ്ദത്തോടൊപ്പം കരഘോഷങ്ങളും. സുരേഷിനെ പണാപഹരണക്കുറ്റത്തിന് അറസ്റ്റുചെയ്ത് ജയിലഴികൾക്കുള്ളിലാക്കുന്നതു മനസ്സിലാക്കാം. പക്ഷേ ധർമ്മനെ ഏതു നിയമത്തിന്റെ പേരിലാണ് ജയിലിലാക്കിയതു്. മുപ്പത്തിരണ്ടായിരം രൂപയുടെ പ്രശ്നമാത്രമാണ്. കമ്പനിയുടെ ഉടമസ്ഥൻ സ്വന്തം ജാമ്യം നൽകിയിട്ടും നിഷേധിക്കുന്ന പോലീസുദ്യോഗസ്ഥന്മാർക്ക് സി. രാധാകൃഷ്ണനാവുമോ നിയമം പഠിപ്പിച്ചുകൊടുത്തതു്? ധർമ്മൻ ജയിൽചാടിയതിനുശേഷം ചിത്രം അവസാനിക്കുന്നതുവരെയുള്ള മുഹൂർത്തങ്ങളെക്കുറിച്ച് ഒന്നും പറയാതിരിക്കുകയാണ് നല്ലതു്. സി. രാധാകൃഷ്ണൻ എന്ന പ്രശസ്തനായ സാഹിത്യകാരനെയോർത്തു് ഖേദിക്കട്ടെ.

സുജാതയായി ശാരദയാണ് പ്രത്യക്ഷപ്പെടുന്നതു്. തന്റേതായ സുന്ദരസ്വപ്നങ്ങളെ താലോലിച്ചുവീട്ടിനുള്ളിൽതന്നെ കഴിയുന്ന, ഒടുവിൽ നരേന്ദ്രന്റെ മാംസദാഹത്തിനുമുന്നിൽ എല്ലാം നഷ്ടപ്പെട്ടവളായിത്തീർന്ന സുജാതയെ ശാരദ ഭംഗിയായി അവതരിപ്പിച്ചു പക്ഷേ, ആ സ്ഥിരഭാവം പലപ്പോഴും മുറ്റിപ്പുതാന്നുച്ചു തന്റേടയായ ഗൗരിയെ, ഷീലയ്ക്ക് എടുത്തുകൊടുക്കാൻ യഥാർത്ഥഭാവത്തിലാക്കുവൻ കഴിഞ്ഞില്ല എന്നതാണു്നിയും, വികൃതമായിപ്പോയ വേഷവിധാനവും സംഭാഷണശൈലിയും എന്നവയെല്ലാം ആ കഥാപാത്രത്തെ നടിക്കുതടസ്സമായിപ്പോയി. ധർമ്മന്റെ സുഹൃത്തുക്കളായി പ്രത്യക്ഷപ്പെടുന്നവരിൽ മോഹനനും രാഘവനുമാണ്. രാഘവൻ കുറേക്കൂടി തന്റേടിയായിട്ടുണ്ട്. മോഹൻ തന്റേടിയല്ല. ഗൗരിയുടെ സ്നേഹം നേടിയെടുക്കുന്നതിൽ മോഹനനും രാഘവനും ഒരുപോലെ പരാജയപ്പെടുന്നു. ചിത്രത്തിന്റെ തുടക്കത്തിലും തുടർന്നും ചെയ്യുന്ന കാര്യങ്ങൾക്കൊണ്ടാണ് ധർമ്മനൊഴിച്ചുള്ള കഥാപാത്രങ്ങളുടെ സംഭാഷണം വ്യക്തമായി കേൾക്കാം. ധർമ്മന്റെതുമാത്രം കേൾക്കാൻ പറ്റുന്നില്ല. കൊല്ലം എസ്. എം. പി പാസ്സ്ലാണ് ഞാനീ ചിത്രം കണ്ടതു്. ഇടയ്ക്കുവച്ച് ഞാൻ അനൗൺസ് ചെയ്യാൻ ഒരു കുഴപ്പവുമില്ലെന്നറിഞ്ഞു. ഏതായാലും മോഹൻ ഗൗരിയോടു ഇക്കാര്യങ്ങൾ കണക്കിലെടുത്തിരിക്കില്ലെങ്കിൽ ഭേദം, ഒരു നടനെന്നനിലയിൽ ഇതുവരെ ഞാവുമെന്നു മുന്നറിയിപ്പുതന്നു. വിടനും, ചൂതാട്ടക്കാരനുമായ നരേന്ദ്രനെ എം. ജി. സോമൻ എല്ലാ പ്രത്യേകതകളോടും കൂടി അവതരിപ്പിച്ചു. കഴിഞ്ഞ ഒന്നരരണ്ടു വർഷങ്ങളായി അഭിനയരംഗത്തെ തന്റെ സേവനങ്ങളെ വിലയിരുത്തുവാൻ പാകത്തിൽ പ്രസാദം നൽകുന്ന അഭിനയശൈലിയെന്നു വിളിക്കുവാൻ കൊള്ളാവുന്ന ഒരു ഭാവം. ശങ്കരാടി, മണവാളൻ എന്നിവരാണ് പ്രേക്ഷകശ്രദ്ധനേടുന്ന മറ്റു രണ്ടുപേർ.

"മതിഭേദവതാശ്ലിഷ്ടമേകമണ്ഡപരോമാഞ്ചമേ..." എന്ന ഗാനത്തോടെയാണ് ചിത്രം ആരംഭിക്കുന്നതു്. കോളേജ് ഡേയിൽ ഗൗരിയാണ് ഗാനം ചെയ്യുന്നതു്. "മതത്തെ ശക്തമായ ശബ്ദമായി ലോകത്തിനു കാണിച്ചുകൊടുത്തതു് ഇസ്ലാമാണ്" എന്ന ചരിത്രപുരുഷന്റെ വരികളിലവസാനിക്കുന്ന ഒരു ഗാനരംഗത്തിൽ ഷീല ഏതെങ്കിലും പ്രേക്ഷകനെയും മോഹിപ്പിക്കുവാൻ ശ്രമിച്ചതായി.

ശ്രീകുമാരൻ തമ്പിയുടെ നാലു ഗാനങ്ങളാണ് പാൽക്കടലിലുള്ളതു്. "മതിഭേവതാശ്ലിഷ്ടമേ...," "കണ്ണപ്പൊട്ടിലും കവിളേനുകളിൽ മഞ്ഞൾതിരുമേനിയും", "ഇന്ദ്രനീലാംബരമണ്ഡപം നിന്നിലുമെന്നിലുമലങ്കരിച്ചു..." എന്നീ നാലു ഗാനങ്ങൾ ശ്രുതിയിലെങ്ങുനിന്നില്ലെന്നു. എം. ബി.

"അമ്മിണി അമ്മാവൻ" എന്ന ചിത്രത്തിൽ പൂജപ്പുര രവിയും നസീറും.

ഉപഗ്രഹ ബോധനപദ്ധതിയെ
ലോകം ഉറ്റുനോക്കുന്നു ??

ഈ കാലഘട്ടത്തിൽ വിദ്യ അനിവാര്യമാണ് അതിനു ഏക ആശ്രയം P T C.

S S L C, MATRIC, P.D.C., B. A, പരീക്ഷകൾ സ്വാതന്ത്ര്യമായി പാസാകാൻ P.T.C യിൽ ചേരുക.

A. B. C. മുതൽ തുടങ്ങാം. ഇംഗ്ലീഷ് പ്രത്യേകം പഠിക്കാം.

പഠിപ്പും, പ്രായവും കണിച്ചു് അപേക്ഷിക്കുക

P.T. College

Manacaud,
TRIVANDRUM - 9
PHONE: 3237

തുലാഭാരത്തിനുശേഷം ശാരദയും ഷീലയും ഒന്നിച്ചഭിനയിക്കുന്ന

ഒരു കുടുംബചിത്രം.

30-1-'76 മുതൽ പ്രദർശനം ആരംഭിച്ചിരിക്കുന്നു

സംഗീത സംവിധാനം
ദക്ഷിണാമൂർത്തി

സംഗീത അവതരിപ്പിക്കുന്നു
C. രാധാകൃഷ്ണന്റെ

പാൽക്കടൽ

സംവിധാനം
T. K. പ്രസാദ്

ഗാനങ്ങൾ:
ശ്രീകുമാരൻതമ്പി

സംഗീതം:
എ. റ്റി. ഉമ്മർ

നിർമ്മാണം
എൽ. എം. ശങ്കരൻ നായർ & K. K. S. കൈമാൾ

Geetha Enterprises Release

ഉമ്മർ മനസ്സിൽ മുദ്രണംചെയ്തിരിക്കുന്ന തരത്തിൽ പ്രത്യേകതയുള്ള സംവിധാനമാണ് നല്കിയിരിക്കുന്നത്. അടുത്ത കാലത്ത് തമ്പിയെഴുതിയ അതിമനോഹരങ്ങളായ ഗാനങ്ങളാണ് ഇവയെല്ലാം. ഇതു അർത്ഥപുഷ്ടിയുള്ള വരികൾ തമ്പിയുടെ മറ്റു ഗാനങ്ങളിൽ വിളങ്ങുന്നതായി കാണുകയുള്ളു.

ടി. കെ. പ്രസാദ് എന്ന നവംഗതനാണ് സംവിധായകൻ. തിരക്കഥയിലെ രംഗങ്ങൾ അതുപോലെ പകർത്തിവച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. പുതിയ നാടകങ്ങൾ പോലും പല അത്ഭുതങ്ങൾ കാണിക്കാറുണ്ട്. സിനിമ ഇപ്പോൾ നാടകമായി രൂപാന്തരപ്പെട്ടുകയാണോ എന്നു സംശയിക്കേണ്ടിവരിക്കുന്നു. "സുരേഷ്" തന്ന പാട്ട്..." "ഏതു പാട്ട്," "അന്ന" എക്സർഷനു പോയപ്പോൾ പാടിയത്" "ഇന്ദ്രനീലാ ബന്ധമെന്നിനും ..." സുരേഷ് പാടിത്തുടങ്ങുന്നു. പാട്ടുതീരുന്നതുവരെ കുമാരി തങ്കയിലിരിക്കുന്ന കഥാപാത്രങ്ങൾക്ക് അഭിമുഖമായി വച്ചിരിക്കുന്നു. ആദ്യാവസാനമുള്ള എല്ലാ രംഗങ്ങളുമിങ്ങനെതന്നെ. സംവിധായകന്റെ പാളിച്ചകൾക്കു മാത്രം ചാർത്തുന്ന തരത്തിലാണ് ക്യാമറാമാൻ മേഘനാഥൻ, എഡിറ്റർ തുടങ്ങിയ മറ്റുള്ളവരുടെയെല്ലാം സാഭാവനകൾ.

പാൽക്കടൽ മലയാളത്തിലെ നിലവാരം കാണിച്ച ചിത്രങ്ങളുടെ നിരയിൽപ്പെടുന്നു. ശ്രീകുമാരൻതമ്പി, എ. ടി. ഉമ്മർ, ജയചന്ദ്രൻ, വാണി ജയറാം, എന്നിവരാണ് ഏതാനും നിമിഷങ്ങളെങ്കിലും നമുക്കു ശ്വാസം പകർന്നു തരുന്നത്. ടി. കെ പ്രസാദിനെക്കുറിച്ച് പ്രത്യേകിച്ചൊന്നും മുൻകൂട്ടി കേൾക്കാതെ തന്നതുകൊണ്ടു ചിത്രം തീർത്തു മോശമായിട്ടപോലും നിരാശതോന്നിയില്ല. സി രാധാകൃഷ്ണന്റെ കാര്യത്തിൽ മറിച്ചാണ് അഭിപ്രായപ്പെട്ടത്. ചിത്രം തീരുന്നപ്പോൾ കോളേജിലെ കസ്തൂരികളായ കുട്ടികൾ പറയുന്നതു കേൾക്കായി "പാൽക്കടലല്ലടാ. പാഴ്ക്കടൽ." എന്തായാലും ശരി. നമ്മുടെ തീരത്തുള്ള താരങ്ങളുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തിയ "പാൽക്കടൽ" ഒരു പാഴ്ക്കടൽ തന്നെയാണ്.

—o—

മനുഷ്യന്റെ പിതാവു് ശിശുവാണെന്നു പേഡ്സ്വർത്തു പറയുന്നു. (The child is the father of the man)- ശിശുക്കൾ വളർന്നു് കവികളും നോവലിസ്റ്റുകളും ചിത്രകാരന്മാരും പ്രധാനമന്ത്രിമാരും ആയിത്തീരുന്നു. ഈ ലോകത്തെ മാഷുത്തരത്തിന്റെ നേട്ടങ്ങളെല്ലാം വാർത്തെടുക്കുന്നതിൽ ബാലസാഹിത്യകാരന്മാർക്കുള്ള പങ്കു് കുറച്ചൊന്നുമല്ല. ശരീരത്തിനു പോഷകാഹാരങ്ങളെന്നപോലെ. മനസ്സിന്റെ വളർച്ചയ്ക്കും നല്ല പുസ്തകങ്ങൾ അത്യന്താപേക്ഷിതമാണു്. ഒന്നെഴുതാത്ത ഒരു

ബാലസാഹിത്യസൃഷ്ടാക്കളെ, ഇതിലേ, ഇതിലേ,

— എം. ജി. കെ. നായർ

വെള്ളിത്തിരശ്ശീലയിലൂടെ കുഞ്ഞുങ്ങളുടെ മനസ്സിനെ ഉണർത്തിക്കാനും നല്ല ചായങ്ങൾ പുരട്ടി അവരുടെ മനോഹര ചിത്രങ്ങൾ സൃഷ്ടിക്കാനും, അലസമായിരിക്കുകയും ചെയ്യുന്നതിന്റെ വേഗം അളക്കുവാനും ഒരു യന്ത്രം നിർമ്മിക്കുവാൻ ഇന്നത്തെ ശാസ്ത്രജ്ഞന്മാർക്കു കഴിയും.

ഇന്ത്യയിലെ അറുപത്തിരണ്ടു കോടി ജനങ്ങളിൽ പതിനഞ്ചു കോടിയിലധികം പിഞ്ചുകുഞ്ഞുങ്ങൾ അഞ്ചിനും പതിനഞ്ചിനുമിടയ്ക്കു പ്രായമുള്ള കുട്ടികളാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. മക്കൾ സംസ്കാരത്തിന്റെ നട്ടെല്ലാണു് പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും നിർബ്ബന്ധിതവുമാണു്. അതിനാൽ അക്ഷരാഭ്യാസം ചെയ്തു കുട്ടികൾ വളരെക്കുറച്ചേ ഉണ്ടാവാൻ തരമുള്ളൂ. കേരളത്തിലെ തൊണ്ണൂറു ശതമാനം കുട്ടികളും സ്കൂളിൽ പോകുന്നവരാണെന്നു പറയപ്പെടുന്നു. അതിനാൽ കുട്ടികളുടെ പുസ്തക

എജൻറിനെ ആവശ്യമുണ്ട്

ആലപ്പുഴയിൽ മലയാളനാടുവാരികയ്ക്ക് ഡിപ്പോസിറ്റുവച്ച് ഏജൻസിയെടുക്കുവാൻ തയ്യാറുള്ളവർ ഉടൻതന്നെ എഴുതുക.

മാനേജർ, മലയാളനാട്, കൊല്ലം.

ബ്രിട്ടീഷ് നാട്ടിൽ അവശ്യക്കാർ കുട്ടികൾക്കുണ്ടെന്നു വേണം കരുതേണ്ടതു്. പാഠപുസ്തകങ്ങൾ പോലും വായിക്കാൻ നിവൃത്തിയില്ലാത്തവരാണ് ഭൂരിപക്ഷം കുട്ടികളും. അവർ മറ്റു പുസ്തകങ്ങൾ വാങ്ങി വായിക്കുന്ന കാര്യം ചിന്തിക്കാൻ പോലും സാദ്ധ്യമല്ലല്ലോ. ഗ്രന്ഥശാലകളും സ്കൂൾ ലൈബ്രറികളുമാണ് ഇക്കാര്യത്തിൽ കുട്ടികളെ സഹായിക്കാൻ മുമ്പോട്ടു വരേണ്ടതു്. അവരതിനു തയ്യാറായാൽ തന്നെ, കുട്ടികൾക്കു പ്രയോജനപ്പെടുന്ന നല്ല ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ എത്രയുണ്ടു് ഓരോ വർഷവും പുറത്തിറങ്ങുന്നുണ്ടു്? ബാലസാഹിത്യരചന കാര്യമായെടുത്തിട്ടുള്ള ഏതെങ്കിലും എണ്ണപ്പെട്ട ഒരു സാഹിത്യകാരനെ നമുക്കു ചൂണ്ടിക്കാണിക്കാനുണ്ടോ? ഹിന്ദി, തമിഴ് തുടങ്ങിയ ഇന്ത്യയിലെ ഇതരഭാഷകളിൽ ബാലസാഹിത്യസൃഷ്ടി ഗൗരവമായിത്തന്നെ അതാതിടങ്ങളിലെ സാഹിത്യകാരന്മാർ ഏറ്റെടുത്തിട്ടുണ്ടു്. തമിഴ്നാട്ടിൽ ബാലസാഹിത്യരചയിതാക്കളുടെ ഒരു സംഘടനതന്നെയുണ്ടു്. (കഴിഞ്ഞതവണത്തെ എഴുത്തുകുടുക്കയിൽ സംഘം.)

നമ്മുടെ ഭാഷയിൽ എഴുതപ്പെടുന്ന ബാലസാഹിത്യകൃതികളിൽ ഭൂരിഭാഗവും ഒന്നുകിൽ കഥകളാണു്. കുട്ടികൾക്കു മാത്രമല്ല അന്യഭാഷകളിൽനിന്നും കടമെടുത്തവ. അല്ലെങ്കിൽ നമ്മുടെ പുരാണകഥകൾ, ചരിത്രകഥകൾ, നാടോടിക്കഥകൾ എന്നിവ അവസരോചിതമായ വിധം വളച്ചൊടിച്ചവ. കണ്ണാൻ കണ്ണുകളും കേൾക്കാൻ ചെവികളും മൂക്കിക്കാൻ മൂക്കുകളുമുള്ള നമ്മുടെ കുഞ്ഞുങ്ങൾക്ക് ഇത്തരം കഥകൾകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. ഒരു വികസ്വരരാഷ്ട്രത്തിലെ ഭാവിജനതയെ കരുപ്പിടിപ്പിക്കുവാൻ അവർക്കു നൽകേണ്ട വിജ്ഞാനം ശാസ്ത്രാധിഷ്ഠിതമായിരിക്കണം. വിനോദത്തോടൊപ്പം വിജ്ഞാനവും അവർക്കു ലഭിക്കണം. ഇത്തരം ഗ്രന്ഥങ്ങൾ രചിക്കണമെങ്കിൽ ഓരോ വിഷയത്തിലും പ്രത്യേകവൈദഗ്ദ്ധ്യം സിദ്ധിച്ചവർതന്നെ ഉണ്ടായിരിക്കണം. കുട്ടികളുടെ മനസ്സിനെപ്പറ്റിയും അവരുടെ ഇഷ്ടാനിഷ്ടങ്ങളെപ്പറ്റിയും പരിജ്ഞാനമുള്ളവർ ബാലസാഹിത്യഗ്രന്ഥങ്ങളുടെ സൃഷ്ടി ഏറ്റെടുക്കണം. തകഴി ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ. പ്രായപൂർത്തിയാർ കുട്ടികൾക്കുവേണ്ടി സാഹിത്യസൃഷ്ടിചെയ്യുന്നതു് വളരെ സൂക്ഷിച്ചുവേണം. വരുന്ന രണ്ടു തലമുറക്കാലത്തെ വികാസത്തെയെങ്കിലും അവർക്കു മുൻകൂട്ടി കാണാൻ കഴിയണം.

ശ്രീ: എസ്. ശിവദാസിന്റെ "രസതന്ത്രകഥകൾ"[1] ശ്രീ: എ. സി. വാസുവിന്റെ "ശാസ്ത്രത്തിന്റെ അന്തർധാരകൾ" എന്നീ ഗ്രന്ഥങ്ങൾ ബാലസാഹിത്യരചനാഗൗരവമായെടുത്ത രണ്ടുപേരുടെ സംരംഭനങ്ങളാണു്. രസതന്ത്രകഥകൾ മന്ത്രവാദിക്കഥകളെക്കാൾ ആനന്ദത്തോടെയും കൗതുകത്തോടെയും കുട്ടികൾ വായിച്ചു രസിക്കും. ഒപ്പംതന്നെ അവരറിയാതെതന്നെ ശാസ്ത്രത്തിന്റെ അപാരതീരങ്ങളിലേക്കെത്തിനോക്കാൻ അവർക്കു് അവസരം ലഭിക്കുകയും ചെയ്യുന്നു. ശ്രീ: എ. സി. വാസു "അന്തരീക്ഷത്തിന്റെ വിശാലമായ പശ്ചാത്തലത്തിൽ" നിന്നുകൊണ്ടാണു് ശാസ്ത്രത്തിന്റെ അന്തർദ്ധാരകൾ കണ്ടെത്താൻ ശ്രമിക്കുന്നതു്. അന്തരീക്ഷത്തെപ്പറ്റിയും ഭൂമിയെപ്പറ്റിയും ജീവകോശത്തെപ്പറ്റിയും ജീവകോശത്തിന്റെ ഉൽപ്പത്തിയെപ്പറ്റിയും പറഞ്ഞുതുടങ്ങുന്ന അദ്ദേഹം "സംസ്കാരത്തിന്റെ പ്രഭാതങ്ങൾ" കണ്ടു സഹാനുഭാവത്തോടെ തന്റെ ഗ്രന്ഥം സമാപിപ്പിക്കുന്ന ശബ്ദസന്ദേശം ഒരു ശാസ്ത്രതിപുരാണംതന്നെ ആപേക്ഷികതാസിദ്ധാന്തം എന്നിവ എളുപ്പമുപായത്തിൽ മനസ്സിലാക്കാൻ കഴിയുന്ന ഗ്രന്ഥങ്ങളാണു്. □

1 രസതന്ത്രകഥകൾ. എസ്. ശിവദാസ് വില 3-00 സാഹിത്യസഹകരണസംഘം, കോട്ടയം 2 ശാസ്ത്രത്തിന്റെ അന്തർധാരകൾ. എ. സി. വാസു വില 8-50 വിദ്യാർത്ഥിമിത്രം, കോട്ടയം.

ത്രിഭാഷാനിഘണ്ടു

— വി. എസ്. നായർ

അന്യഭാഷകളുടെ ശരിയായ അർത്ഥവും ആശയവും മനസ്സിലാക്കാനാണല്ലോ നാം നിഘണ്ടുക്കളെ ആശ്രയിക്കാറുള്ളതു്. ഇംഗ്ലീഷ് ഹിന്ദി സംസ്കൃതം ഇങ്ങനെയുള്ള അന്യഭാഷകളിലെ പദങ്ങൾക്കു മലയാളം അർത്ഥം വ്യക്തമാക്കുന്ന അനവധി നിഘണ്ടുക്കൾ പല പ്രസാധകന്മാരും പുറത്തിറക്കിയിട്ടുണ്ടു്. മൂന്നു ഭാഷകളുൾക്കൊള്ളുന്ന നിഘണ്ടുക്കൾ മലയാളത്തിൽ വളരെ വിരളമായേ ഉണ്ടായിട്ടുള്ളൂ. ഉണ്ടായിട്ടുള്ളവതന്നെ മികച്ച സംരംഭനകൾ നൽകിയിട്ടുമില്ല. കോട്ടയത്തെ 'വി' പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ചിരിക്കുന്ന 'ത്രിഭാഷാനിഘണ്ടു' തികച്ചും ശ്രദ്ധേയമാണു്. പുറംചട്ടയല്ല മാത്രമല്ല ഭംഗിയും ഈടും. ഉള്ളടക്കത്തിനുമുണ്ടു് അതിനേക്കാളേറെയായ ശക്തിയും സൗന്ദര്യവും.

അമ്പതിനായിരത്തിലേറെ ഇംഗ്ലീഷ് പദങ്ങൾക്കു് ഹിന്ദിയിലും മലയാളത്തിലും അർത്ഥം നൽകുന്നുവെന്നതു മാത്രമല്ല ഈ ഗ്രന്ഥത്തിന്റെ സവിശേഷത. പദങ്ങൾ ക്രമാനുസൃതം സംവിധാനം ചെയ്തു നിർവ്വഹിക്കുന്നതിലും ലളിതവും ശ്രദ്ധേയവുമായ രീതിയിൽ അർത്ഥം പറയുന്നതിലും നിഘണ്ടുകർത്താക്കൾ ശ്രദ്ധിച്ചിരിക്കുന്നു.

ഇംഗ്ലീഷ് നന്നായി അറിയാവുന്നവർക്കുപോലും ഉച്ചാരണത്തിൽ പിശകുകളുണ്ടാകാറുണ്ടു്. ഇംഗ്ലീഷുവാക്കുകളുടെ ഉച്ചാരണം മലയാളലിപികളിൽ അച്ചടിച്ചിട്ടുള്ളതിനാൽ ശരിയായി ഉച്ചാരണം പഠിക്കുന്നതിനും ഈ ഗ്രന്ഥം സഹായിക്കുന്നു. ഇംഗ്ലീഷുഭാഷയ്ക്കു പ്രായോഗത്തിലും ഉച്ചാരണത്തിലും എഴുത്തിലും വന്നിട്ടുള്ള സാരമായ മാറ്റങ്ങളെ മനസ്സിലാക്കിക്കൊണ്ടാണു് ആറോളം പേരുൾപ്പെട്ട പണ്ഡിതർ ഈ നിഘണ്ടുവിനു രൂപം നൽകിയിട്ടുള്ളതു്. ഇംഗ്ലീഷുഭാഷയുടെ ശൈശലി സവിശേഷതകളും വ്യാകരണങ്ങളും അവർ കഴിയുന്നത്ര ഉൾപ്പെടുത്തിയിട്ടുണ്ടു്.

സ്കൂൾ – കോളേജു് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വളരെ പ്രയോജനകരമായ ഒരു ഗ്രന്ഥമാണിതു്. അറിവിനു മാഹാത്മ്യമുള്ള ഈ കാലത്തു് ഈ ത്രിഭാഷാനിഘണ്ടു മുൻകൂട്ടി ഒരധ്യാപകനായിരിക്കും.

ഹിന്ദിയിലും മലയാളത്തിലും അർത്ഥനിർവ്വചനങ്ങളും ചിലേടത്തു് കൂടുതൽ പര്യായങ്ങളും നൽകാൻ ഗ്രന്ഥകർത്താക്കൾ പരമാവധി ശ്രമിച്ചിട്ടുണ്ടു്. രാഷ്ട്രീയവും ശാസ്ത്രീയവും സാമൂഹ്യവും സാംസ്കാരികവുമായ എല്ലാ മേഖലകളുമായി ബന്ധപ്പെട്ട അനവധി പദങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. റഫറൻസിനായി ഈ ത്രിഭാഷാനിഘണ്ടു ഒരേ വശം സൂക്ഷിക്കുവാൻ കഴിയുന്നവർ ഭാഗ്യവാന്മാരാണു്. കാരണം ഒരറിവിന്റെ ഒരു ഭണ്ഡാഗാരമാണു് അവർ സ്വന്തമാക്കുന്നതു്. ഇംഗ്ലീഷും ഹിന്ദിയും പഠിച്ചു തുടങ്ങുന്നവർക്കു് അവർ വിദ്യാർത്ഥികളോ കച്ചവടക്കാരോ അദ്ധ്യാപകരോ കൃഷിക്കാരോ ആരായിരുന്നാലും ത്രിഭാഷാനിഘണ്ടു ഒരനുഗ്രഹമായിരിക്കും.

ഈ ഗ്രന്ഥത്തിന്റെ അവതാരികയെഴുതിയ ശ്രീ. എൻ. വി. കൃഷ്ണവാര്യർ സൂചിപ്പിച്ചപോലെ എല്ലാം തികഞ്ഞ ഗ്രന്ഥമാണിതെന്നു് എനിക്കും അഭിപ്രായപ്പെടാനാവില്ല. അങ്ങിങ്ങു് അർത്ഥവ്യത്യാസങ്ങളോ വ്യാകരണന്യൂനതകളോ കണ്ടുവെന്നു വരാം. അതു സാഭവിക്കാവുന്നതേയുള്ളൂ അടുത്ത പതിപ്പിൽ ബന്ധപ്പെട്ടവർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

വെള്ളക്കടലാസ്സിൽ നന്നായി അച്ചടിച്ച ഈ നിഘണ്ടുവിനു് അമ്പതുരൂപയോളം വില. കടലാസിന്റെയും അച്ചടിസാധനങ്ങളുടെയും ക്രമാതീതമായ വിലക്കയറ്റത്തെക്കുറിച്ചറിയാവുന്നവർക്കു് കനത്ത ഉള്ളടക്കമുള്ള ഈ ഗ്രന്ഥത്തിനു് അതൊരു വലിയ വിലയാണെന്നു പറയാനാവില്ല

ത്രിഭാഷാനിഘണ്ടു. വില ക. 50. പ്രസാധകർ "വി" പബ്ലിഷേഴ്സ്, കോട്ടയം.

—o—